KERALA PSC






വി. എസ്. അച്യുതാനന്ദൻ *മുഖ്യമന്ത്രി*

# നിയമന നി

വിശ്വാസ്യതയിലും നിയമന ശുപാർശകളുടെ ബാഹുല്യത്തിലും രാജ്യത്ത് ഒന്നാമത് നില്ക്കുന്ന കേരള പബ്ലിക് സർവീസ് കമ്മിഷൻ സുവർണ ജൂബിലി ആഘോഷിക്കുകയാണ്. സാമൂഹിക നീതിയും അവസര സമത്വവുമാണ് പി.എസ്.സി.യുടെ മുഖമുദ്ര. മുൻ ചെയർമാൻ എം. ഗംഗാധരക്കുറുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച നവീകരണവും ആധുനികവത്കരണവും, അന്ന് പി.എസ്.സി. അംഗവും ഇന്ന് ചെയർമാനുമായ കെ.വി. സലാഹുദീൻ മുന്നോട്ടു കൊണ്ടുപോവുകയാണ്. പി.എസ്.സി.യുടെ ചരിത്രം, പരിണാമം, പ്രവർത്തനം, തെരഞ്ഞെടുപ്പുരീതി എന്നിവ പ്രതിപാദിക്കുന്ന ലേഖനങ്ങളും ചെയർമാനുമായുള്ള അഭിമുഖക്കുറിപ്പും തുടർന്നു വായിക്കാം.

കേരള പബ്ലിക് സർവീസ് കമ്മിഷൻ ജനങ്ങളിൽ പൊതുവെ നല്ല വിശ്വാസ്യതയുള്ള ഒരു സ്ഥാപനമാണ്. ഓരോ കൊല്ലവും പതിനായിരക്കണക്കിനാളുകൾക്ക് തൊഴിൽ നൽകുന്ന സ്ഥാപനം. ലക്ഷക്കണക്കിനാളുകളാണ് ഓരോ പരീക്ഷയും എഴുതുന്നത്. ഇപ്പോൾത്തന്നെ പി.എസ്.സി.യിൽ ആയിരത്തി ഒരുനൂറിൽപ്പരം റാങ്ക്ലിസ്റ്റുകൾ നിലനിൽക്കുന്നുണ്ടെന്നാണറിവ്. ആയിരത്തി ഒരുനൂറ് റാങ്ക്ലിസ്റ്റ് നിലവിലുണ്ടെന്ന് പറഞ്ഞാൽ അതിനർത്ഥം കഴിഞ്ഞ മൂന്നാണ്ടിനിടയിൽ ചുരുങ്ങിയത് ആയിരത്തി ഒരുനൂറ് പരീക്ഷ നടത്തിയെന്നാണ്. വാസ്തവത്തിൽ അതിലുമെത്രയോ അധികം പരീക്ഷകൾ നടത്തിയിട്ടുണ്ടാകും. അപേക്ഷകൾ ക്ഷണിക്കലും സ്വീകരിക്കലും പരീക്ഷ നടത്തലും മൂല്യനിർണയവും റാങ്ക്ലിസ്റ്റ് തയ്യാറാക്കലും അടക്കമുള്ള സങ്കീർണവും തിരക്കേറിയതുമായ പ്രവർത്തനമാണ് പി.എസ്.സി. നടത്തുന്നത്. ജോലിയുടെ ഗൗരവവും ഭാരവും സങ്കീർണതയും ഒക്കെയായി താരതമ്യപ്പെടുത്തിയാൽ തുലോം പരിമിതമാണ് പി.എസ്.സി. പരീക്ഷയെപ്പറ്റിയുള്ള പരാതികൾ. പി.എസ്.സിയെപ്പറ്റി പ്രധാനപ്പെട്ട ഒരു പരാതിയേ നിലനിൽക്കുന്നുള്ളൂ. അത് കാലതാമസമാണ്. അപേക്ഷ ക്ഷണിച്ച ശേഷം പരീക്ഷ നടത്താൻ ഒന്നോ രണ്ടോ കൊല്ലം കഴിയുക, പരീക്ഷ നടത്തിക്കഴിഞ്ഞാൽ മൂല്യനിർണയം നടത്തി ഷോർട്ട്ലിസ്റ്റ് പ്രസിദ്ധപ്പെടുത്താൻ രണ്ടും മൂന്നും കൊല്ലം കഴിയുക, ഇന്റർവ്യൂ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്താൻ പിന്നെയും കൊല്ലങ്ങൾ എടുക്കുക... അപേക്ഷ അയച്ച കാര്യം അപേക്ഷകൻ മറന്നുപോകുന്ന സ്ഥിതി വരെ ഉണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ ഏതാനും കൊല്ലത്തിനിടയിൽ വലിയ മാറ്റം പി.എസ്.സിക്ക് സംഭവിച്ചിരിക്കുന്നു. ചെയർമാനും അംഗങ്ങളും ജീവനക്കാരുമെല്ലാം കാര്യക്ഷമതയോടെ പ്രവർത്തിച്ചതുകൊണ്ടാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞത്.

സുവർണജൂബിലി ആഘോഷം ആരംഭിച്ച ഘട്ടത്തിൽ അന്നത്തെ ചെയർമാൻ നടത്തിയ ചില പ്രഖ്യാപനങ്ങൾ ശ്രദ്ധേയമാണ്. അതിൽ ഒരു കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. വിജ്ഞാപനം പുറപ്പെടുവിച്ച് ആറുമാസത്തിനകം റാങ്ക്ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമെന്നായിരുന്നു ആ ജൂബിലി വാഗ്ദാനം. ഒത്തുപിടിച്ചാൽ അത് നടക്കും. അതിനായി പി.എസ്.സിയിലെ എല്ലാവരും ദൃഢനിശ്ചയം ചെയ്യുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

പി.എസ്.സി. കൈകാര്യം ചെയ്യുന്നത് ഈ നാടിന്റെ വർത്തമാനത്തെയും ഭാവിയെയുമാണെന്ന് ഓർമ വേണം. ഈ നാടിന്റെ പുരോഗതി, ഈ നാടിന്റെ വികസനം- അതാണ് വാസ്തവത്തിൽ പി.എസ്.സി. കൈകാര്യം ചെയ്യുന്നത്. നമ്മൾ അധ്യാപ



# രോധനം ഉണ്ടാവില്ല



പി.എസ്.സി. സുവർണ ജൂബിലി ആഘോഷങ്ങൾ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

കരെയും ഡോക്ടർമാരെയും എഞ്ചിനീയർമാരെയും ഗുമസ്തൻമാരെയും ശാസ്ത്രജ്ഞരെയും എല്ലാം നിയമനത്തിനായി തെരഞ്ഞെടുക്കുന്നു. അവരാണ് നമ്മുടെ നാടിനെ മുന്നോട്ട് നയിക്കേണ്ടത്. പുരോഗതിയുടെ ചാലകശക്തികൾ. ഭാവനാസമ്പന്നരെ വേണം തെരഞ്ഞെടുക്കാൻ. കർമശേഷിയുള്ളവരെ വേണം തെരഞ്ഞെടുക്കാൻ. അപ്പോൾ പരീക്ഷ, അതിലെ ചോദ്യങ്ങൾ എല്ലാം ക്രിയാത്മകവും ഭാവനാസമ്പന്നവും ആകണം. നിയമനത്തിനുള്ള തെരഞ്ഞെടുപ്പ് നൂറ് ശതമാനം കുറ്റമറ്റതാകണം. ഈ സുവർണജൂബിലി വേളയിൽ അത്തരമൊരു ദൃഢനിശ്ചയം കൈക്കൊള്ളണം.



കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമന നിരോധനം നിലനിന്നിരുന്നു. ഭരണനവീകരണത്തിന്റെ പേര് പറഞ്ഞും എ.ഡി.ബി. വായ്പകളുടെ കണ്ടിഷനുകളുടെ പേരിലും ആയിരക്കണക്കിന് തസ്തികകൾ വെട്ടിക്കുറച്ചു. അതിനു പുറമെയാണ് നിയമനനിരോധനം ഏർപ്പെടുത്തിയത്.

സർക്കാർ ഔദ്യോഗികമായി നടപ്പാക്കുന്ന പ്രത്യക്ഷവും പരോക്ഷവുമായ നിയമന നിരോധനമാണ് അന്ന് നിലനിന്നത്. എന്നാൽ അതിനു പുറമെ ഉദ്യോഗസ്ഥ മേധാവികൾ സ്വമേധയാ നടത്തുന്ന നിയമന നിരോധനവും ഉണ്ട്. ഒഴിവുകൾ ഉണ്ടായിട്ടും അത് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതിലൂടെയാണ് ഈ നിയമന നിരോധനം. ഒരു തൊഴിലിനു വേണ്ടി വേഴാമ്പലിനെപ്പോലെ കാത്തുനിൽക്കുന്ന പതിനായിരങ്ങളുടെ പുറത്ത് തൊഴിക്കുന്നതുപോലെയാണ് ഈ നടപടി. ഉദ്യോഗസ്ഥ മേധാവികൾ താത്കാലികക്കാരെ വൻ തോതിൽ നിയമിച്ച് കാശ് വാങ്ങിയും പോന്നു.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്ന ഉടനെ ചെയ്തത് ഒഴിവുകളുള്ള തസ്തികകൾ നികത്തുന്നതിനുള്ള നടപടിയാണ്. ഒഴിവുള്ള തസ്തികകൾ രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് ചെയ്യണമെന്ന് ഉത്തരവിട്ടു. രണ്ടാഴ്ചയ്ക്കകം ആയിരക്കണക്കിന് തസ്തികകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. അത് തന്നെ പൂർണമല്ല. ഒഴിവുകൾ വരുന്ന മുറയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ സർക്കാർ നിയമന നിരോധനം നടപ്പാക്കില്ല.

പി.എസ്.സി.യുടെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുമെന്നും കാര്യക്ഷമവും കുറ്റമറ്റതും അഴിമതിരഹിതവുമാകുമെന്നും പ്രതീക്ഷിക്കുന്നു.

പബ്ലിക് സർവീസ് കമ്മിഷൻ ഒരു സ്വയംഭരണ സ്ഥാപനമാണ്. ഇന്ത്യൻ ഭരണഘടനയുടെ 14-ാം പാർട്ടിലുള്ള 315-ാം അനുച്ഛേദം അനുസരിച്ചാണ് കമ്മിഷൻ രൂപം കൊണ്ടിട്ടുള്ളത്. സർക്കാർ സർവീസിലേക്കും ഇതര സ്ഥാപനങ്ങളിലേക്കുമുള്ള നിയമനങ്ങൾ സ്വതന്ത്രവും നീതിപൂർവകവുമായി നിർവഹിക്കാൻ ഭരണഘടനയിലെ വ്യവസ്ഥകൾ കമ്മിഷനെ തികച്ചും പ്രാപ്തമാക്കുന്നുണ്ട്.

പബ്ലിക് സർവീസ് കമ്മിഷന്റെ സ്വയംഭരണാവകാശത്തിൽ സർക്കാർ ഒരിക്കലും ഇടപെടില്ല. പി.എസ്.സി. വഴിയുള്ള നിയമനം സമയബന്ധിതമായി നടത്തുന്നതിന് കമ്മിഷന് എല്ലാ സഹായവും നല്കും. റാങ്ക്ലിസ്റ്റുകളുടെ കാലാവധി നീട്ടാൻ വ്യവസ്ഥാപിതമായ ചട്ടങ്ങളിൽ സർക്കാർ കൈകടത്തില്ല.

പി.എസ്.സിയുടെ പ്രവർത്തനം കാര്യക്ഷമവും സത്വരവുമാക്കാനും ജീവനക്കാരുടെ കുറവ് പരിഹരിക്കാനും എല്ലാ സഹായവും ചെയ്യും.

KERALA

PSC





പി.എസ്.സി. ചെയർമാൻ കെ.വി. സലാഹുദീൻ

പി.എസ്.സിയിലും ചിലതൊക്കെ നടക്കും എന്നു വരുത്തിത്തീർക്കേണ്ടത് ചില തത്പരകക്ഷികളുടെയും ഉദ്യോഗദല്ലാളന്മാരുടെയും ആവശ്യമാണ്. ഇവരുടെ പ്രലോഭനങ്ങളിലും കെണിയിലും വീഴരുതെന്ന് ഉദ്യോഗാർത്ഥികളെ ഉപദേശിക്കുകയാണ് ചെയർമാൻ **കെ. വി. സലാഹുദീൻ**.

# പി. എസ്. സിയിൽ അഴിമതിയില്ല

അഭിമുഖം: ആർ. വേണുഗോപാൽ

കഴിഞ്ഞ അഞ്ച് വർഷക്കാലം കേരള പബ്ലിക് സർവീസ് കമ്മിഷന്റെ സുവർണകാലമായിരുന്നു. തൊഴിലന്വേഷകരുടെ അനിശ്ചിതമായ കാത്തിരിപ്പിന് അറുതിവരുത്തിയതും ചോദ്യവും ഉത്തരവും മൂല്യനിർണയവും സംബന്ധിച്ച അസ്പഷ്ടതകളും പുകമറകളും നീക്കിയതും ഇക്കാലത്താണ്. കമ്പ്യൂട്ടർവത്കരണത്തിലൂടെ പരീക്ഷാനടത്തിപ്പിന്റെ വേഗതയും കാര്യക്ഷമതയും കൂട്ടിയതും അഞ്ചും ആറും വർഷത്തിന് പകരം വെറും ആറുമാസം കൊണ്ട് റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ച് തുടങ്ങിയതും പരീക്ഷയ്ക്ക് ശേഷം ചോദ്യക്കടലാസ് ഉദ്യോഗാർത്ഥികൾക്ക് കൊടുത്തുവിട്ടതും ഉത്തരങ്ങൾ പി.എസ്.സി. ബുള്ളറ്റിനിലൂടെ പരസ്യപ്പെടുത്തി ശരിതെറ്റുകൾ ചർച്ചാവിധേയമാക്കിയതും പരീക്ഷാ നടത്തിപ്പിലേക്ക് സുതാര്യതയുടെ കാറ്റും വെളിച്ചവും കടത്തിവിട്ടതും ഇക്കാലത്താണ്.

ഈ കാലയളവിൽ പി.എസ്.സി. അംഗമായിരുന്ന കെ. വി. സലാഹുദീനാണ് ഇപ്പോഴത്തെ ചെയർമാൻ. അതുകൊണ്ടുതന്നെ മാറ്റങ്ങളെ കൂടുതൽ അർത്ഥവത്തായ പുതിയ തലങ്ങളിലേക്ക് കൈപിടിച്ചുയർത്താനുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടും കർമപരിപാടികളും കൂടുതൽ പ്രസക്തമാണ്. കാരണം, പി.എസ്.സിക്ക് ഇന്ന് പുതിയൊരു മുഖമാണുള്ളത്. പഴയ രീതികളൊക്കെ പമ്പ കടന്നു. കാലതാമസത്തെപ്പറ്റി ഇന്നാരും പരാതി പറയുന്നില്ല. കാര്യക്ഷമതയെപ്പറ്റി ആർക്കും സംശയവുമില്ല. എന്നാൽ നടപടികൾ സുതാര്യമായതിന്റെ ഭാഗമായി അനിവാര്യമായ ചില പ്രശ്നങ്ങൾ ഉണ്ടായി. ചോദ്യങ്ങളും ഉത്തരങ്ങളും പരസ്യമാക്കിയപ്പോൾ, അവയിൽ സ്വാഭാ



തിരുവനന്തപുരത്ത് പട്ടത്തുള്ള പി.എസ്.സി. ആസ്ഥാനമന്ദിരം.

വികമായി വന്നുപെടുന്ന തെറ്റുകൾ ചർച്ചാവിഷയമായി. ചില ചോദ്യങ്ങൾ ഗൈഡുകളിൽ നിന്ന് അപ്പാടെ പകർത്തിയതാണെന്ന ആരോപണമുണ്ടായി. മാധ്യമങ്ങളിൽ വിമർശനങ്ങൾ വന്നു.

പശ്ചാത്തലം ഇങ്ങനെ ആയിരിക്കെയാണ് കേരള പബ്ലിക് സർവീസ് കമ്മിഷൻ സുവർണ ജൂബിലി ആഘോഷിക്കുന്നത്. ആരോപണങ്ങൾക്കും വിമർശനങ്ങൾക്കും പി.എസ്.സി. ചെയർമാൻ കെ.വി. സലാഹുദീൻ മറുപടി പറയുകയാണ്.

**ലോകത്തൊരു പബ്ലിക് സർവീസ് കമ്മിഷനും ഇത്ര കുറഞ്ഞ സമയം കൊണ്ട് ഇത്രയധികം പരീക്ഷകൾ ഇത്രയധികം പരീക്ഷാർത്ഥികൾക്കായി നടത്തുന്നുണ്ടാവില്ല – 365 ദിവസം കൊണ്ട് 400 പരീക്ഷകൾ, 800 ജീവനക്കാരും 18 ലക്ഷം ഉദ്യോഗാർത്ഥികളും.**

**അടുത്തകാലത്തായി ചില പി.എസ്.സി. പരീക്ഷകളുടെ ചോദ്യപേപ്പറുകൾ ഗൈഡ് പ്രസാധകരുമായി ഒത്തുകളിച്ച് തയ്യാറാക്കിയതാണെന്ന് ആരോപണം ഉണ്ടായി. എന്താണ് വാസ്തവം?**

സലാഹുദീൻ : പി.എസ്.സി. പരീക്ഷ നടത്തുന്നതിനെപ്പറ്റി ഒരു വിവരവും ഇല്ലാത്തവരാണ് ഒത്തുകളി എന്നൊക്കെ പറയുന്നത്. പ്രമുഖ അധ്യാപകരും പണ്ഡിതരും ഉൾപ്പെട്ട ചോദ്യകർത്താക്കളുടെ ഒരു പാനൽ പി.എസ്.സിക്കുണ്ട്. ഓരോ പരീക്ഷയുടെയും ചോദ്യം തയ്യാറാക്കുന്നത് പാനലിലുള്ള നാലോ അഞ്ചോ പേരാണ്. ചോദ്യം തയ്യാറാക്കേണ്ടത് ആരൊക്കെയാണെന്ന് ചെയർമാൻ പരീക്ഷാ കൺട്രോളർക്ക് ലിസ്റ്റ് നൽകും. ചോദ്യകർത്താക്കൾ ആരാണെന്ന് വേറാരും അറിയില്ല. പിന്നീട് ചെയർമാന് പങ്കില്ല. ചോദ്യങ്ങളുടെ നിലവാരം, എണ്ണം, ഒ.എം.ആർ. ആണോ അല്ലയോ തുടങ്ങി പരീക്ഷയുടെ വിശദവിവരങ്ങൾ കൺട്രോളർ ചോദ്യകർത്താക്കളെ അറിയിക്കും. എന്നാൽ ഏതു പരീക്ഷയാണെന്ന് ചോദ്യകർത്താവും അറിയില്ല. പകരം ഒരു നമ്പർ കൊടുക്കും. ഈ നമ്പർ മാത്രമാണ് ചോദ്യപേപ്പറിൽ ഉണ്ടാവുക. തയ്യാറാക്കിയ ചോദ്യങ്ങൾ കവറിലിട്ട് നമ്പർ എഴുതി സീൽ ചെയ്ത് വേറൊരു കവറിലിട്ട് ചോദ്യകർത്താവ് കൺട്രോളർക്ക് അയച്ചു കൊടുക്കും. കൺട്രോളർ ഇവ സെക്രട്ടറിയെ ഏല്പിക്കും. ഇതിലൊരെണ്ണം സെക്രട്ടറി തിരഞ്ഞെടുത്ത് സെലക്ടഡ് എന്നെഴുതി ഒപ്പിട്ട് പ്രസ്സിലേക്ക് കൊടുക്കും. പ്രിന്റിംഗ് പ്രസ്സിലും ചോദ്യപേപ്പർ ഏത് പരീക്ഷയുടേതാണെന്ന് മനസ്സിലാവുകയില്ല. അവിടെ നിന്ന് 20 എണ്ണം വീതം കൂടുകളിൽ ആക്കി പരീക്ഷാകേന്ദ്രങ്ങളിലേക്ക് അയയ്ക്കും. പരീക്ഷാഹാളിൽ വച്ച് മാത്രമാണ് കൂടുപൊട്ടിച്ച് ചോദ്യപേപ്പർ പുറത്തു കാണുന്നത്.

ഇവിടെ ഒരു കാര്യം സ്പഷ്ടമാണ്. ചോദ്യപേപ്പർ പി.എസ്.സി.യിൽ തുറക്കുകയോ പരിശോധിക്കുകയോ ചെയ്യുന്നില്ല. ചോദ്യകർത്താവിൽ നിന്ന് നേരിട്ട് ഉദ്യോഗാർത്ഥിയുടെ കൈയിലേക്കാണ് എത്തുന്നത്. ചോദ്യകർത്താവ് വരുത്തുന്ന തെറ്റു പോലും അതേപടി ഉദ്യോഗാർത്ഥികളിൽ എത്തുകയാണ്.

ഗൈഡിലുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തരുതെന്ന് നിർദേശിക്കാനാവില്ല. കൂടുതൽ ചോദ്യങ്ങളുള്ള, പ്രചാരമുള്ള ഗൈഡുകളിൽ നിന്ന് ചോദ്യം പകർത്തുന്നത് തെറ്റാണെന്നും പറയാനാവില്ല. സിലബസ് അനുസരിച്ചും മാർഗനിർദേശങ്ങൾ പാലിച്ചുമാണോ ചോദ്യം തയ്യാറാക്കിയതെന്നതാണ് പ്രധാനം. ചോദ്യപേപ്പറുകൾ പി.എസ്.സി.യുടെ മാർഗനിർദേശങ്ങളനുസരിച്ച് തയ്യാറാക്കിയതാണോ അല്ലയോ എന്നതാണ് പ്രശ്നം.

**എന്നാൽ ആരോപണങ്ങളെ ശരിവയ്ക്കും വിധം ചില പരീക്ഷകൾ പി.എസ്. സി. റദ്ദാക്കിയല്ലോ. ചില പരീക്ഷകൾ റദ്ദാക്കിയതുമില്ല.**

റദ്ദാക്കിയത് ഹയർസെക്കൻഡറി സംസ്കൃതം പരീക്ഷയാണ്. 250 ചോദ്യങ്ങൾ മാത്രമുള്ള പ്രചാരമില്ലാത്ത, പ്രസാധകരെപ്പറ്റിയുള്ള വിവരം പോലുമില്ലാത്ത ഒരു ചെറിയ ഗൈഡിൽ നിന്ന് 25 ചോദ്യ

ങ്ങൾ എടുത്തെഴുതിയതായി ബോധ്യപ്പെട്ടതുകൊണ്ടാണ് ആ പരീക്ഷ റദ്ദാക്കിയത്. ചോദ്യകർത്താവിനോട് വിശദീകരണം ചോദിച്ചിട്ടുമുണ്ട്.

റദ്ദാക്കാത്തതായി ആരോപണം ഉയർന്നത് 70 ചോദ്യങ്ങൾ ഒരു ഗൈഡിൽ നിന്ന് പകർത്തിയ ഇക്കണോമിക്സ് പരീക്ഷയെപ്പറ്റിയാണ്. ഡൽഹിയിൽ നിന്നുള്ള പ്രസാധകരുടെ ആ ഗൈഡ് ഇന്ത്യ മുഴുവൻ പ്രചാരമുള്ളതാണ്. മാത്രമല്ല 4500 ചോദ്യങ്ങളിൽ നിന്നാണ് 70 എണ്ണം തെരഞ്ഞെടുത്തിരിക്കുന്നത്. അതുകൊണ്ടാണ് ആ പരീക്ഷ റദ്ദാക്കാത്തത്.

**ചോദ്യബാങ്ക് കൊണ്ടുദ്ദേശിക്കുന്നത് എന്താണ്?**

ഓരോ വിഷയത്തിലും സാധ്യതയുള്ള ചോദ്യങ്ങൾ തയ്യാറാക്കി അതിൽ നിന്നും തെരഞ്ഞെടുത്ത് ചോദ്യപ്പേപ്പർ തയ്യാറാക്കുന്ന രീതിയാണത്. ചോദ്യബാങ്ക് പ്രവർത്തനം തുടങ്ങിയെങ്കിലും ചോദ്യങ്ങൾ തയ്യാറാക്കി കിട്ടുക ബുദ്ധിമുട്ടാണ്, പ്രത്യേകിച്ച് സാങ്കേതിക വിഷയങ്ങളിൽ.

**റാങ്ക് ലിസ്റ്റിന്റെ വലിപ്പത്തെപ്പറ്റി പരാതി ഉണ്ടല്ലോ.**

റാങ്ക് ലിസ്റ്റിന്റെ വലിപ്പത്തെപ്പറ്റി ചട്ടങ്ങളിൽ പറയുന്നില്ല. എന്നാൽ കാലാവധി ഒരു വർഷമാണ്. മൂന്ന് വർഷം വരെയോ വേറെ റാങ്ക് ലിസ്റ്റ് വരുന്നതുവരെയോ നിലവിലുള്ള ലിസ്റ്റിൽ നിന്ന് അഡ്വൈസ് ചെയ്യാം.

**റാങ്ക് ലിസ്റ്റും ഒഴിവുകളുമായി നിലവിലുള്ള പൊരുത്തക്കേട് പരിഹരിക്കേണ്ടതല്ലേ?**

നോട്ടിഫൈ ചെയ്യപ്പെട്ട ഒഴിവുകളിലേക്ക് മാത്രമേ അഡ്വൈസ് ചെയ്യാവൂ എന്നാണ് പി.എസ്.സി.യുടെ നിലപാട്. യു.പി.എസ്.സിയും മറ്റും ചെയ്യുന്നത് അതാണ്. മുൻകൂട്ടി ഒഴിവുകൾ കണക്കാക്കി (ഉദാഹരണത്തിന് അടുത്ത ഒരു വർഷം ഉണ്ടാകാനിടയുള്ള ഒഴിവുകൾ) വേണം ലിസ്റ്റ് തയ്യാറാക്കാൻ. അങ്ങനെ ചെയ്താൽ, റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർക്ക് ജോലി ഉറപ്പാക്കാം. ഒരു തസ്തികയിലേക്കുള്ള ഏറ്റവും ഒടുവിലത്തെ റിക്രൂട്ട്മെന്റിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ റാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നത്. ഏകദേശ കണക്കാണത്. പലർക്കും ജോലി കിട്ടില്ല. അല്ലെങ്കിൽ ഒഴിവുകൾ നികത്താൻ ഉദ്യോഗാർത്ഥികളെ ലഭിക്കില്ല. പലപ്പോഴും ഇത് റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ജോലി കിട്ടാത്തവരെ നിരാശരാക്കും.

**ഈ പോരായ്മയെ മറികടക്കാൻ പി.എസ്.സി.ക്ക് എന്താണ് ചെയ്യാനുള്ളത്?**

റാങ്ക് ലിസ്റ്റ് വന്നാലേ ഒഴിവ് റിപ്പോർട്ട് ചെയ്യൂ എന്ന നില മാറണം. പലപ്പോഴും, ഉള്ള ഒഴിവുകൾ പോലും റിപ്പോർട്ട് ചെയ്യുന്നില്ല. ഇക്കാര്യം സർക്കാരും പി.എസ്.സിയുമായി ആലോചിച്ച് തീരുമാനിക്കേണ്ടതുണ്ട്. ഉള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുന്നത് അഴിമതിക്കുള്ള സാഹചര്യം സൃഷ്ടിച്ചേക്കും.

വാസ്തവത്തിൽ ഇത് പുതിയ ആശയമൊന്നുമല്ല. ഒരു വർഷത്തെ ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി.എസ്.സിയെ അറിയിക്കണമെന്ന് 1971-ൽ സർക്കാർ ഉത്തരവുണ്ട്. ഇത് പ്രായോഗികമാക്കിയാൽ കൃത്യമായി ആളെ കൊടുക്കാൻ പി.എസ്.സി. ക്കു കഴിയും.

**പി.എസ്.സി.യെപ്പറ്റി ചില അഴിമതിയാരോപണങ്ങൾ ഉയർന്നല്ലോ.**

പി.എസ്.സി.യെ സംബന്ധിച്ച് അഴിമതി ഇല്ല. അഴിമതിയായി കേട്ട സംഭവങ്ങൾ പി.എസ്.സി.ക്ക് പുറത്ത് നടന്നവയാണ്. കാശുവാങ്ങി ജോലി ശരിയാക്കി എന്നല്ല, കാശ്

## സുവർണജൂബിലി ലക്ഷ്യങ്ങൾ

**നടപടികൾ സുതാര്യമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നിരവധി നടപടികൾ സ്വീകരിച്ച പി.എസ്.സി സുവർണ ജൂബിലിവർഷത്തിൽ ചില പരിഷ്കാരങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അവ...**

**പരീക്ഷാ നടത്തിപ്പ് സുതാര്യമാക്കാൻ...**

പരീക്ഷ നടത്തി ചോദ്യപേപ്പർ തിരികെ വാങ്ങുന്ന സമ്പ്രദായം അവസാനിപ്പിച്ചു. ഉത്തരം പി.എസ്.സി. ബുള്ളറ്റിനിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം തെറ്റ് ചൂണ്ടിക്കാണിച്ചാൽ വിദഗ്ദ്ധപാനലിനെക്കൊണ്ട് പരിശോധിപ്പിച്ച് നടപടി എടുക്കും.

ഓരോ ഉദ്യോഗാർത്ഥിയുടെയും മാർക്ക് വൈകാതെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. മൂല്യനിർണയം ചെയ്ത ഒ.എം.ആർ. പരീക്ഷാ കടലാസ് അതേപടി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനും പരിപാടിയുണ്ട്.

ഇപ്പോൾ ഉത്തരക്കടലാസിന്റെ പകർപ്പ് നൽകാൻ സംവിധാനമുണ്ട്.

**കാലതാമസം ഒഴിവാക്കാൻ...**

പരീക്ഷ നടത്തുന്നതിനും റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കി. ഇപ്പോൾ പല റാങ്ക്ലിസ്റ്റും ആറുമാസത്തിനകം പ്രസിദ്ധീകരിക്കുന്നുണ്ട്. പരീക്ഷാനടത്തിപ്പിന്റെ എല്ലാ ഘട്ടങ്ങളും കമ്പ്യൂട്ടർവത്കരിക്കുന്നതിലൂടെ എല്ലാ റാങ്ക് ലിസ്റ്റുകളും ഈ കാലപരിധിയ്ക്കുള്ളിൽ പുറത്തിറക്കാനാണ് പരിപാടി.

**ഓൺലൈനിൽ അപേക്ഷിക്കാം...**

മറുനാട്ടിലും വിദേശത്തും ഉള്ളവർക്ക് ഓൺ ലൈനിൽ അപേക്ഷിക്കാനുള്ള സൗകര്യം ഏർപ്പെടുത്തും. സുവർണജൂബിലി ആഘോഷങ്ങൾ അവസാനിക്കുന്ന ജനുവരിയോടെ ഇതു നടപ്പാക്കാൻ ശ്രമിക്കും.

എന്നാൽ ഓൺലൈനിൽ പരീക്ഷ നടത്താൻ തത്കാലം പരിപാടിയില്ല.

**പരീക്ഷാ തീയതി നിശ്ചയിക്കൽ...**

പരീക്ഷാ തീയതി നോട്ടിഫിക്കേഷനിൽത്തന്നെ പ്രഖ്യാപിക്കും. പലപ്പോഴും മുൻകൂട്ടി നിശ്ചയിച്ചാലും തീയതി മാറ്റേണ്ടി വരാറുണ്ട്. ഇത് കൃത്യമായി പാലിക്കാൻ നടപടി എടുക്കും.

**ഒരേ തസ്തികയ്ക്ക് ഒരു പരീക്ഷ**

വിവിധ വകുപ്പുകളിലെ ഒരേ തസ്തികയിലേക്ക് (ഉദാ. ഡ്രൈവർ) ഇപ്പോൾ പല പരീക്ഷകളാണ് നടത്തുന്നത്. യോഗ്യത, പ്രായം, ശമ്പളം തുടങ്ങിയ മാനദണ്ഡങ്ങൾ വ്യത്യസ്തമായതിനാലാണിത്. ഇവ ഏകീകരിച്ച് റിക്രൂട്ട്മെന്റ് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് സെക്രട്ടേറിയറ്റിൽ പ്രത്യേകസെൽ രൂപീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

കൊടുത്തിട്ടും ജോലി തരപ്പെട്ടില്ല എന്നായിരുന്നു ആരോപണം.

പി.എസ്.സി.യിൽ അഴിമതി നടക്കില്ല. പണ്ടു മുതലേ ഉള്ള സംവിധാനം അതാണ്. അതിന്റെ ഭാഗമായിരുന്നു രഹസ്യ സ്വഭാവം.

എന്നാൽ അത് കണ്ടമാനം രഹസ്യമായിപ്പോയി. ഇപ്പോൾ നവീകരണത്തിന്റെ ഭാഗമായി നടപടികൾ സുതാര്യമാക്കുന്നതും അഴിമതിക്കുള്ള പഴുതുകൾ അടച്ചാണ്. പി.എസ്.സിയിൽ ഒരു ശിപായി പോലും അഞ്ചു രൂപ കൈക്കൂലി വാങ്ങിയതായി ആരോപണമില്ല.

എന്നാൽ മാനുഷികമായി വന്നുപെടാവുന്ന ചില കൈപ്പിഴകൾ പി.എസ്.സി.യിലും സംഭവിക്കാം. ഉദാഹരണത്തിന് റൊട്ടേഷനിലും മറ്റും. അത് തിരിച്ചറിയുന്ന പക്ഷം തിരുത്താനുള്ള സംവിധാനവും ഉണ്ട്.

മുമ്പ് ചിലർ മാർക്ക് തിരുത്താനും മറ്റും ശ്രമിച്ചിട്ടുണ്ട്. എന്നാൽ അതു നടക്കില്ല. തട്ടിപ്പ് കണ്ടുപിടിച്ചു. ഒന്നിനൊന്ന് ബന്ധമില്ലാത്ത മൂന്നുനാലു വിഭാഗങ്ങൾ പരിശോധിച്ചാണ് ഓരോ റാങ്ക്ലിസ്റ്റും തയ്യാറാക്കുന്നത്. എല്ലാവരും ചേർന്നാൽ അഴിമതി നടക്കില്ലേ എന്നു ചോദിച്ചാൽ അതു നടക്കില്ല എന്നു തന്നെയാണുത്തരം.

**എങ്കിലും തുടർച്ചയായുള്ള ആരോപണങ്ങളും പത്രവാർത്തകളും പി.എസ്.സി.യുടെ വിശ്വാസ്യതയ്ക്ക് കോട്ടം വരുത്തുകയില്ലേ.**

പി.എസ്.സി.യുടെ വിശ്വാസ്യതയ്ക്ക് ഒരു കുറവും വന്നിട്ടില്ല. അതുകൊണ്ടാണ് നിയമനങ്ങൾ പി.എസ്.സി.ക്ക് വിടണമെന്ന് ഇന്നും ആവശ്യം ഉയരുന്നത്. വിശ്വാസ്യത തകർക്കാൻ ബോധപൂർവമുള്ള ചില ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇവിടെയും ചിലതൊക്കെ നടക്കും എന്ന തെറ്റിദ്ധാരണ പരത്തി ഉദ്യോഗാർത്ഥികളിൽ ആശയക്കുഴപ്പം ഉളവാക്കേണ്ടത് തൊഴിൽക്കച്ചവടക്കാരുടെയും ഇടനിലക്കാരുടെയും ആവശ്യമാണ്. അത് വിലപ്പോവില്ല. അഥവാ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ ഉദ്യോഗാർത്ഥികൾ അത് പി.എസ്.സി.യെ നേരിട്ട് അറിയിക്കണം.

ഉദ്യോഗാർത്ഥികൾ അറിഞ്ഞിരിക്കേണ്ട ഒരു കാര്യം, തെറ്റായി അഡ്വൈസ് ചെയ്തിട്ടുണ്ടെങ്കിൽപ്പോലും, ജോലിയിൽ കയറി ഒരു വർഷത്തിനകം പിരിച്ചുവിടാൻ നിയമമുണ്ട്. അങ്ങനെ ചെയ്യുന്നുമുണ്ട്. അതുകൊണ്ട്, തെറ്റിദ്ധാരണ പരത്തി പണം തട്ടുന്നവരുടെയും ഇടനിലക്കാരുടെയും കെണിയിൽ കുടുങ്ങരുതെന്നാണ് എനിക്ക് ഉദ്യോഗാർത്ഥികളോട് പറയാനുള്ളത്.



## എം. ഗംഗാധരക്കുറുപ്പ്

# നവീകരണത്തിന്റെ സൂത്രധാരൻ

അമ്പതാം വാർഷികം ആഘോഷിക്കുന്ന വേളയിൽ കേരള പി.എസ്.സി.യുടെ തങ്കക്കിരീടത്തിൽ ഒരു പൊൻതൂവൽ കൂടി കൊത്തിച്ചേർക്കാം-സുതാര്യതയുടെ. ഇക്കാലമത്രയും പി.എസ്.സി. അതിന്റെ മഹിമ നിലനിർത്തിയത് കടുത്ത രഹസ്യമതിൽ തീർത്തായിരുന്നെങ്കിൽ ഇന്ന് കാര്യങ്ങൾ സുതാര്യമാണ്. ഔദ്യോഗിക നടപടിക്രമങ്ങൾ സാർവത്രികമായി സുതാര്യമാക്കവെ, പി.എസ്.സി.യും ആ മാറ്റം കാലോചിതമായി ഉൾക്കൊണ്ടിരിക്കുകയാണ്. വിപ്ലവകരമായ ആ പരിഷ്കാരത്തിന് സാരഥ്യം വഹിച്ചത് 2000 മുതൽ 2006 വരെ ചെയർമാൻ ആയിരുന്ന എം. ഗംഗാധരക്കുറുപ്പാണ്.

എക്കാലത്തും കേരള പി.എസ്.സി.യ്ക്ക് അഭിമാനപൂർവം ഉയർത്തിപ്പിടിക്കാവുന്ന മുഖമുദ്രകളാണ് കാര്യക്ഷമതയും സാമൂഹികനീതിയും. ലക്ഷക്കണക്കിന് തൊഴിലന്വേഷകർക്ക് സ്വന്തം കഴിവിന്റെയും യോഗ്യതയുടെയും അടിസ്ഥാനത്തിൽ മാത്രം നീതിപൂർവമായി തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്ന പി.എസ്.സി. ഇന്ത്യയിലെ ഇതര സമാന റിക്രൂട്ടിംഗ് ഏജൻസികൾക്ക് മാതൃകയുമാണ്. തുടക്കം മുതലിന്നോളം അനുഭവങ്ങളുടെയും സുചിന്തിതമായ പരീക്ഷണങ്ങളുടെയും കർക്കശമായ ചട്ടങ്ങളുടെയും പിൻബലത്തിൽ, നിയമന ശുപാർശകളുടെ കാര്യത്തിൽ പി.എസ്.സി നിഷ്പക്ഷതയും പരിശുദ്ധിയും പാലിക്കുകയാണ്.

ഒരർത്ഥത്തിൽ പി.എസ്.സിയുടെ രഹസ്യക്കോട്ടയിലേക്ക് സുതാര്യതയുടെ കാറ്റും വെളിച്ചവും കടത്തിവിട്ടത് മുൻ ചെയർമാൻ ആണ്. പരീക്ഷാനടത്തിപ്പിൽ കാതലായ മാറ്റങ്ങൾ വരുത്തിയതും തീർപ്പാക്കാൻ കുടിശ്ശിക ആയിരുന്ന 92 ലക്ഷത്തോളം

KERALA PSC

- അപേക്ഷകളുടെ എണ്ണം കമ്പ്യൂട്ടർവത്കരണത്തിലൂടെ 39 ലക്ഷമായി കുറയ്ക്കാൻ കഴിഞ്ഞതും ഇക്കാലത്താണ്. അപേക്ഷ ക്ഷണിച്ച് ഒരു വർഷത്തിനകം റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നിലനിൽക്കെത്തന്നെ ആറുമാസത്തിനകം പല ലിസ്റ്റുകളും പ്രസിദ്ധീകരിച്ചു തുടങ്ങിയതും ഇക്കാലത്താണ്. ഇതൊക്കെ കൊണ്ടാണ് ഗംഗാധരക്കുറുപ്പിന്റെ ഭരണകാലത്തെ പി.എസ്.സി.യുടെ സുവർണകാലം എന്ന് ഇപ്പോഴത്തെ ചെയർമാൻ വി.കെ. സലാഹുദീൻ വിശേഷിപ്പിച്ചത്.

ഗംഗാധരക്കുറുപ്പിന്റെ കാലത്ത് നടപ്പിൽവരുത്തിയ മറ്റു ചില പരിഷ്കാരങ്ങൾ നോക്കുക:

- വിവരണാത്മകപരീക്ഷകൾക്ക് പകരം കൂടുതൽ ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകൾ ഏർപ്പെടുത്തി
- ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകളുടെ മൂല്യനിർണയം കമ്പ്യൂട്ടറിലൂടെയാക്കി
- ചുരുക്കപ്പട്ടികകളിൽ കട്ട്-ഓഫ് മാർക്ക് പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു
- റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ ഓരോ ഉദ്യോഗാർഥിക്കും എഴുത്തുപരീക്ഷയിൽ ലഭിച്ച മാർക്ക് പി.എസ്.സി. വെബ്‌സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങി
- ചോദ്യപേപ്പർ തിരികെ വാങ്ങുന്ന സമ്പ്രദായം നിർത്തലാക്കി. മൂല്യനിർണയത്തിന് മുമ്പായി ഉത്തരസൂചിക പ്രസിദ്ധീകരിച്ച് അഭിപ്രായങ്ങളും നിർദേശങ്ങളും സമർപ്പിക്കാൻ 15 ദിവസം അനുവദിച്ചതിലൂടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുവാനും അവ തിരുത്തുന്നതിനുമുള്ള ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തി
- ആസ്ഥാന ഓഫീസിൽ പരാതിപരിഹാര സെൽ രൂപവത്കരിച്ച് പരാതികൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചു. പരാതികൾ നേരിട്ട് കേൾക്കാൻ ജില്ലാ ഓഫീസുകളിൽ പ്രത്യേക സിറ്റിംഗുകൾ നടത്തിവരുന്നു
- കുടിശ്ശികയായി കെട്ടിക്കിടന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുകയും അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി മുതൽ ഒരു വർഷത്തിനകം റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു.
- കമ്പ്യൂട്ടർവത്കരണം വിജയകരമായി നടപ്പിലാക്കി റിക്രൂട്ട്മെന്റ് നടപടിക്രമങ്ങളുടെ കൃത്യതയും വേഗവും ഉറപ്പാക്കി.

ഈ പരിഷ്കാരങ്ങളെ മുന്നോട്ടുകൊണ്ടുപോയി പി.എസ്.സി.യുടെ കീർത്തിയെ പുതിയ മാനങ്ങളിൽ എത്തിക്കുന്ന ദൗത്യമാണ് ഇപ്പോഴത്തെ ചെയർമാൻ സലാഹുദീൻ ഏറ്റെടുത്തിരിക്കുന്നത്.



കെ. രാജചന്ദ്രൻ

ആധുനിക ലോകത്തിന്റെ വലിയ ആവലാതികളിലൊന്ന് വർധിച്ചു കൊണ്ടേയിരിക്കുന്ന തൊഴിലില്ലായ്മയാണ്. ലഭ്യമാക്കാവുന്ന തൊഴിലവസരങ്ങളുടെ എത്രയോ മടങ്ങാണത്. കേരളത്തിൽത്തന്നെ വാർഷിക തൊഴിലവസരം ശരാശരി ഇരുപത്തയ്യായിരത്തോളം മാത്രമായിരിക്കെ തൊഴിലിനായി കാത്തിരിക്കുന്നവർ ഏകദേശം നാല്പതു ലക്ഷത്തോളമാണ്. ഉള്ള അവസരങ്ങൾ ഏറ്റവും അർഹിക്കുന്നവരുടെ കൈകളിൽത്തന്നെ എത്തിക്കേണ്ടതുണ്ട്. തൊഴിലവസരങ്ങൾ അർഹിക്കുന്നവർക്ക് സത്യസന്ധമായി ലഭ്യമാക്കുകയെന്ന സാമൂഹിക നീതി ഉറപ്പാക്കാനുള്ള സർക്കാർ സംവിധാനങ്ങളിൽ അനിഷേധ്യ പ്രാധാന്യമുള്ള ഒന്നാണ് പബ്ലിക് സർവീസ് കമ്മീഷൻ. ഈ സ്ഥാപനത്തിന്റെ പ്രസക്തിയും അനിവാര്യതയും അഭിവ്യക്തമാക്കിക്കൊണ്ട് ഭരണഘടനതന്നെ അതിന് സവിശേഷ പദവിയും പരിരക്ഷയും നൽകിയിരിക്കുന്നു. (ഇന്ത്യൻ ഭരണഘടനയുടെ 14-ാം ഭാഗം, 2-ാം അധ്യായം. 315 മുതൽ 323 വരെയുള്ള വ്യവസ്ഥകൾ)

ജനാധിപത്യവ്യവസ്ഥിതിയ്ക്ക് മുമ്പ് സർക്കാർജോലി എന്നത് സാധാരണക്കാർക്ക് അപ്രാപ്യമായിരുന്നു. 19-ാം ശതകത്തിന്റെ അന്ത്യദശകങ്ങളിൽ സർക്കാർ ഉദ്യോഗങ്ങളിലും ഭരണരംഗത്താകമാനവുമുള്ള അധീശവർഗത്തിന്റെ മേധാവിത്വത്തിനും കുത്തക സമ്പ്രദായത്തിനുമെതിരെ ജനങ്ങൾ പ്രതികരിച്ചിരുന്നു. 1891-ൽ സർക്കാരിന് സമർപ്പിക്കപ്പെട്ട മലയാളി മെമ്മോറിയൽ അപ്രകാരമൊരു നീക്കമായിരുന്നു. സാധാരണക്കാർ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകുകയും അവ നേടിയെടുക്കാൻ പ്രക്ഷോഭങ്ങൾക്ക് തയ്യാറെടുക്കുകയും ചെയ്തതിനെത്തുടർന്ന് സർക്കാർ ജോലി

പണ്ട് തിരുവിതാംകൂർ സർക്കാർ സർവീസിലെ ഉദ്യോഗനിയമനം ഉന്നതജാതിക്കാരുടെ കുത്തകയായിരുന്നു. സർക്കാരിലെ ഉന്നത തസ്തികകൾ പലതും പരദേശികളായ തമിഴ് ബ്രാഹ്മണർ കയ്യടക്കിയിരുന്നു. പിന്തുടർച്ചാവകാശമെന്ന നിലയിലാണ് പലരെയും ഉദ്യോഗത്തിൽ നിയമിച്ചിരുന്നത്. വിദ്യാഭ്യാസയോഗ്യതയോ മുൻപരിചയമോ നിയമനകാര്യത്തിൽ പലപ്പോഴും മാനദണ്ഡമായിരുന്നില്ല. ഇത് ഭരണത്തിന്റെ കാര്യക്ഷമതയെയും ബാധിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും, തങ്ങളെയാകമാനം സർക്കാരുദ്യോഗങ്ങളിൽ നിന്നും മാറ്റി നിർത്തിയിരിക്കുന്നതിലുള്ള അമർഷം പിന്നോക്കവിഭാഗക്കാർ പ്രകടിപ്പിച്ചു തുടങ്ങി. തങ്ങളിൽപ്പെട്ട കുറച്ചുപേർക്കെങ്കിലും സർക്കാരുദ്യോഗം നൽകണമെന്നുള്ള അവരുടെ ആവശ്യം ഗവൺമെന്റ് തള്ളിക്കളയുകയാണുണ്ടായത്. ദേവസ്വം മുതലായ വകുപ്പുകളിൽ അവർണജാതിക്കാരെ നിയമിച്ചാൽ പ്രസ്തുത വകുപ്പുകൾ അശുദ്ധമാകുമെന്ന വിചിത്രമായ നിലപാടുപോലും ഭരണകൂടം സ്വീകരിച്ചു.

തങ്ങളുടെ നാട്ടിലെ ഉദ്യോഗങ്ങൾ പരദേശികളുടെ കുത്തകയായിമാറിയിരിക്കുന്നത് അഭ്യസ്തവിദ്യരെ അസ്വസ്ഥരാക്കി. ഇക്കാര്യത്തിൽ നീതി ലഭിക്കാൻ, നാനാജാതി മതസ്ഥരായ പതിനായിരത്തിലധികം പേർ ഒപ്പുവച്ച ഒരു ഹർജി അവർ 1891 ജനുവരി 11ന് ശ്രീമൂലം തിരുനാൾ മഹാരാജാവിന് സമർപ്പിച്ചു. പിൽക്കാലത്ത് കേരളചരിത്രത്തിൽ മലയാളി മെമ്മോറിയൽ എന്നറിയപ്പെട്ട ഈ ഭീമഹർജി തയ്യാറാക്കാൻ മുൻകൈയെടുത്തത് കെ.പി. ശങ്കരമേനോൻ, ജി.പി. പിള്ള, ഡോ. പൽപു എന്നിവരായിരുന്നു. നിരാശാജനകമായ പ്രതികരണമാണ് ഈ ഹർജിക്ക് സർക്കാരിൽ നിന്ന് ലഭിച്ചത്.

വി. അജിത് കുമാർ

# കേരള പി.എസ്.സി.തെ

ഇന്ത്യയിലെ എന്നല്ല ലോകത്തിലെ തന്നെ വലിയ റിക്രൂട്ടിംഗ് ഏജൻസി എന്ന് അവകാശപ്പെടാവുന്ന പ്രവർത്തന പാരമ്പര്യമുള്ള കേരള പബ്ലിക് സർവീസ് കമ്മിഷൻ അതിന്റെ സുവർണജൂബിലി വർഷത്തിലാണിപ്പോൾ. ഏറ്റവും കൂടുതൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്ന സ്ഥാപനമെന്നതിനുപരി പൊതുജനവിശ്വാസം ആർജിച്ചു എന്നതാണ് കമ്മിഷന്റെ 50 വർഷത്തെ പ്രവർത്തനത്തിന് മാറ്റ് കൂട്ടുന്നത്. സംവരണ തത്ത്വങ്ങൾ കൃത്യമായി പാലിച്ച് മുന്നേറിയ കേരള പബ്ലിക് സർവീസ് കമ്മിഷന് കേരളം നേടിയ ഉയർന്ന സാമൂഹികപുരോഗതിയിൽ അതുല്യമായ പങ്കുണ്ടെന്നുള്ളത് തർക്കമറ്റ സംഗതിയാണ്. പരാതികളും വിമർശനങ്ങളുമൊക്കെ ഉണ്ടാകുമ്പോഴും കൂടുതൽ നിയമനങ്ങൾ കേരള പി.എസ്.സി.യുടെ പരിധിയിൽ കൊണ്ടുവരണമെന്നുള്ള ബഹുജനങ്ങളുടെയും രാഷ്ട്രീയ നേതൃത്വങ്ങളുടെയും ആവശ്യം തന്നെ പബ്ലിക് സർവീസ് കമ്മിഷനിൽ ജനങ്ങൾക്കുള്ള വിശ്വാസമാണ് പ്രതിഫലിപ്പിക്കുന്നത്.



പി.എസ്.സി.യിലെ ആധുനികവത്കരണം

## ഭരണഘടനാ വ്യവസ്ഥകൾ

പബ്ലിക് സർവീസ് കമ്മിഷന്റെ കർത്തവ്യങ്ങൾ ഏതൊക്കെയാണെന്ന് ഭരണഘടനയുടെ 320-ാം വകുപ്പ് വ്യക്തമാക്കുന്നുണ്ട്. അവയിൽ ഏറ്റവും മുഖ്യമായിട്ടുള്ളതാണ് സർക്കാർ സർവീസിൽ സേവനത്തിനായുള്ള ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുക എന്നത്. സർക്കാർ സർവീസിലേക്കുള്ള തെരഞ്ഞെടുപ്പിന് പുറമെ സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി, കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലേക്കുമുള്ള നിയമനം പബ്ലിക് സർവീസ് കമ്മിഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് ഭരണഘടനയുടെ 321-ാം വകുപ്പിൽ വ്യവസ്ഥയുണ്ട്. സർക്കാർ സർവീസിലേക്കുള്ള നിയമനങ്ങൾക്കായുള്ള വ്യവസ്ഥകൾ, അതായത് വിദ്യാഭ്യാസയോഗ്യത, പ്രായപരിധി തുടങ്ങിയവ നിശ്ചയിക്കുന്നത് സർക്കാരാണ്. സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനി-കോർപ്പറേഷനുകളിലേക്കും പൊതുമേഖലാ സ്ഥാപനങ്ങളിലേക്കുമുള്ള നിയമന വ്യവസ്ഥകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളാണ് നിഷ്കർഷിക്കുന്നത്. അപ്രകാരമുള്ള വ്യവസ്ഥകൾക്ക് അനുസൃതമായി ഏറ്റവും അനുയോജ്യരായവരെ തെരഞ്ഞെടുത്തു നൽകുക എന്നതാണ് പബ്ലിക് സർവീസ് കമ്മിഷനിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യം. തെരഞ്ഞെടുപ്പ് പ്രക്രിയയെ സംബന്ധിച്ചിടത്തോളം പൂർണമായി പ്രവർത്തനസ്വാതന്ത്ര്യം പബ്ലിക് സർവീസ് കമ്മിഷന് ഉണ്ട്. വ്യക്തികളുടെയോ ഭരണകൂടത്തിന്റെയോ മറ്റ് അധികാര സ്ഥാനങ്ങളുടെയോ സമ്മർദവും കൈകടത്തലും കൂടാതെ സ്വതന്ത്രമായി പ്രവർത്തിയ്ക്കാവുന്ന രീതിയിലാണ് ഭരണഘടന പബ്ലിക് സർവീസ് കമ്മിഷനുകളെ വിഭാവനം ചെയ്തിരിക്കുന്നത്.

## കേരള പബ്ലിക് സർവീസ് കമ്മിഷന്റെ പ്രവർത്തന പരിധി

കേരള പബ്ലിക് സർവീസ് കമ്മിഷന്റെ പ്രവർത്തനമേഖല വളരെ വിപുലമായതാണ്. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ തുടങ്ങി സംസ്ഥാന സർവീസിലെ ഏറെക്കുറെ എല്ലാ നിയമനവും പൊലീസ് സേനയിലേക്കുള്ള നിയമനവും കേരള പബ്ലിക് സർവീസ് കമ്മീഷനിലൂടെയാണ് നടക്കുന്നത്. പുറമെ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, ജില്ലാ സഹകരണബാങ്കുകൾ, അപ്പെക്സ് സഹകരണ സംഘങ്ങൾ എന്നിവയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കേരള പബ്ലിക് സർവീസ് കമ്മിഷന്റെ പരിധിയിലാണ്.

വിവിധ തസ്തികകളിലേക്ക്, നിയമനത്തിനായി തെരഞ്ഞെടുപ്പ് നടത്തുകയാണ് കമ്മിഷന്റെ മുഖ്യ കർത്തവ്യം എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. അപ്രകാരം തെരഞ്ഞെടുപ്പ് പൂർത്തിയാക്കാൻ താഴെപ്പറയുന്ന വിവിധ തരത്തിലുള്ള പരീക്ഷകളാണ് കമ്മിഷൻ നടത്തുന്നത്.

1. എഴുത്തുപരീക്ഷ 2. പ്രായോഗികപരീക്ഷ 3. കായികക്ഷമതാ പരീക്ഷ 4. ഇന്റർവ്യൂ 5. കമ്മിഷന് യുക്തമെന്ന് തോന്നുന്ന ഏതെങ്കിലും ടെസ്റ്റുകൾ/പരീക്ഷകൾ.

ഒരു തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ വിവിധ



**തെരഞ്ഞെടുപ്പ് പ്രക്രിയയെ സംബന്ധിച്ച പൂർണമായ പ്രവർത്തന സ്വാതന്ത്ര്യം പബ്ലിക് സർവീസ് കമ്മിഷന് ഉണ്ട്. വ്യക്തികളുടെയോ ഭരണകൂടത്തിന്റെയോ മറ്റ് അധികാര സ്ഥാനങ്ങളുടെയോ സമ്മർദവും കൈകടത്തലും കൂടാതെ സ്വതന്ത്രമായി പ്രവർത്തിക്കാവുന്ന രീതിയിലാണ് ഭരണഘടന പബ്ലിക് സർവീസ് കമ്മിഷനുകളെ വിഭാവനം ചെയ്തിരിക്കുന്നത്.**

തരത്തിലുള്ള പരീക്ഷകളിൽ ഒന്നോ ഒന്നിലധികമോ പരീക്ഷകളും ആവശ്യമെന്ന് തോന്നുന്ന പക്ഷം എല്ലാ വിധത്തിലുള്ള പരീക്ഷകളും നടത്താൻ കമ്മിഷന് അധികാരമുണ്ട്. തസ്തികയുടെ ജോലി സ്വഭാവം, പ്രാധാന്യം എന്നിവ കണക്കിലെടുത്താണ് തെരഞ്ഞെടുപ്പിനായുള്ള മാനദണ്ഡം നിശ്ചയിക്കുന്നത്. പരീക്ഷ എന്ന വിവക്ഷയിൽ ഇന്റർവ്യൂവും പെടും.

## പരീക്ഷകൾ

ഏറെക്കുറെ എല്ലാ തസ്തികകളുടെയും തെരഞ്ഞെടുപ്പിനായി എഴുത്തുപരീക്ഷ നടത്തുന്ന നയമാണ് കേരള പബ്ലിക് സർവീസ് കമ്മിഷൻ അവലംബിച്ചു പോരുന്നത്. സർവകലാശാലകളും പരീക്ഷാ ബോർഡുകളും നടത്തുന്ന പരീക്ഷകളും, പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്ന പരീക്ഷകളും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട്. പരീക്ഷ എഴുതുന്ന വ്യക്തിയ്ക്ക് അയാളുടെ പഠനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ എന്തുമാത്രം പരിജ്ഞാനമുണ്ടെന്ന് വിലയിരുത്തുകയും യോഗ്യതാ സർട്ടിഫിക്കറ്റുകൾ നൽകുകയുമാണ് വിദ്യാഭ്യാസ ഏജൻസികൾ നടത്തുന്ന പരീക്ഷകളുടെ ഉദ്ദേശ്യം. പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്ന പരീക്ഷകൾ മത്സരപരീക്ഷകളാണ്. ആ പരീക്ഷകളിൽ ഒരു പ്രത്യേക വിഷയത്തിൽ ഉദ്യോഗാർത്ഥിക്ക് എത്രമാത്രം പരിജ്ഞാനമുണ്ടെന്നുള്ളത് മാത്രമല്ല അയാളുടെ പ്രത്യേക അഭിരുചിയും, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളിലുള്ള ബോധവും താത്പര്യങ്ങളും മനസ്സിലാക്കുക എന്നതും കൂടിയാണ് ലക്ഷ്യം. ഈ സാഹചര്യത്തിലാണ് അപേക്ഷകരെല്ലാം നിശ്ചിത വിദ്യാഭ്യാസയോഗ്യതയുള്ളവരാണെങ്കിൽപ്പോലും അക്കാഡമിക് തലത്തിൽ അവർക്ക് ലഭിച്ച മാർക്കുകൾക്ക് പ്രാധാന്യം നൽകാതെ അവരെ എഴുത്തു പരീക്ഷയ്ക്ക് വിധേയരാക്കി അവർക്ക് നിർദിഷ്ട തസ്തികയിലേക്ക് തെരഞ്ഞെടുക്കപ്പെടാനുള്ള കഴിവ് ഉണ്ടോ എന്ന് പരീക്ഷിയ്ക്കുന്നത്.

# രഞ്ഞെടുപ്പ് നടപടിക്രമം



പബ്ലിക് സർവീസ് കമ്മിഷൻ നടത്തുന്ന എഴുത്തുപരീക്ഷകളിൽ പലതും ആ പരീക്ഷയുടെ മാത്രം അടിസ്ഥാനത്തിൽ റാങ്ക്‌ലിസ്റ്റ് തയ്യാറാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയാണ്. എന്നാൽ മറ്റ് പരീക്ഷകൾ ബന്ധപ്പെട്ട തസ്തികയിലേക്കുള്ള തെര

ഞ്ഞെടുപ്പിനായി കമ്മിഷൻ നടത്താൻ ഉദ്ദേശിക്കുന്ന അടുത്ത പരീക്ഷ (പ്രായോഗിക പരീക്ഷ/ഇന്റർവ്യൂ തുടങ്ങിയവ)യ്ക്ക് വിധേയമാക്കാനുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം പരിമിതപ്പെടുത്താനായുള്ള ഷോർട്ട്ലിസ്റ്റിംഗ് ടെസ്റ്റുകളാണ്.

തെരഞ്ഞെടുപ്പിനായി കമ്മിഷൻ നടത്തി വന്ന പരീക്ഷകൾ വിവരണാത്മക (Discriptive) രീതിയിലുള്ളവയായിരുന്നു. എന്നാൽ പരീക്ഷാരീതികളിലുണ്ടായ മാറ്റങ്ങൾ ഉൾക്കൊണ്ട് ഒബ്ജക്ടീവ് തരത്തിലുള്ള പരീക്ഷകൾക്കാണ് ഇപ്പോൾ പ്രാമുഖ്യം നൽകി വരുന്നത്. പരീക്ഷാ നടപടികൾ വളരെ കാര്യക്ഷമമാക്കാൻ ഒബ്ജക്ടീവ് പരീക്ഷകൾ സഹായിച്ചിട്ടുണ്ട്. കമ്പ്യൂട്ടറിലൂടെ മൂല്യനിർണയം ചെയ്യാവുന്ന ഒബ്ജക്ടീവ് പരീക്ഷ (ഒ.എം.ആർ.)യുടെ ആവിർഭാവത്തോടെ ഫലപ്രഖ്യാപനത്തിനുണ്ടായ സമയലാഭം പ്രത്യേക പരാമർശം അർഹിക്കുന്ന വസ്തുതയാണ്.

തെരഞ്ഞെടുപ്പിനായി അവലംബിക്കുന്ന മാനദണ്ഡം ബന്ധപ്പെട്ട തസ്തികയുടെ ജോലിസ്വഭാവം കണക്കിലെടുത്തിട്ടാണെന്ന് മുകളിൽ സൂചിപ്പിച്ചിരുന്നല്ലോ. സാങ്കേതിക യോഗ്യത നിഷ്കർഷിച്ചിട്ടുള്ള തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയകളിൽ പ്രായോഗിക പരീക്ഷ നടത്തുക പതിവാണ്. പ്രായോഗിക പരീക്ഷകളിൽ ഉദ്യോഗാർത്ഥികൾ നേടുന്ന മാർക്കുകൾ ഗ്രേഡ് മാർക്കായി പരിവർത്തനം ചെയ്താണ് റാങ്ക് നിശ്ചയിക്കാൻ പരിഗണിയ്ക്കുന്നത്. കായികക്ഷമത ആവശ്യമായ തസ്തികകളിലേക്കുള്ള നിയമനത്തിന് ഉദ്യോഗാർത്ഥികൾക്ക് അവശ്യം വേണ്ട കായികക്ഷമത ഉണ്ട് എന്ന ഉറപ്പ് വരുത്തുന്നതിന് വേണ്ടി മാത്രമാണ് കായികക്ഷമതാ പരീക്ഷ നടത്തുന്നത്.



**പരീക്ഷാ നടപടികൾ വളരെ കാര്യക്ഷമമാക്കാൻ ഒബ്ജക്ടീവ് പരീക്ഷകൾ സഹായിച്ചിട്ടുണ്ട്. കമ്പ്യൂട്ടറിലൂടെ മൂല്യനിർണയം ചെയ്യാവുന്ന ഒബ്ജക്ടീവ് പരീക്ഷ(ഒ. എം. ആർ)യുടെ ആവിർഭാവത്തോടെ ഫലപ്രഖ്യാപനത്തിനുണ്ടായ സമയലാഭം പ്രത്യേക പരാമർശം അർഹിക്കുന്ന വസ്തുതയാണ്.**

## ഇന്റർവ്യൂ

എഴുത്തുപരീക്ഷയിലൂടെയോ പ്രായോഗിക പരീക്ഷയിലൂടെയോ മാത്രം ഒരു ഉദ്യോഗാർത്ഥിയുടെ കഴിവുകൾ പൂർണമായി അപഗ്രഥിയ്ക്കാൻ കഴിയില്ല. എഴുത്തു പരീക്ഷയിൽ ഉദ്യോഗാർത്ഥികളുടെ ബുദ്ധിപരമായ കഴിവുകൾ മാത്രമേ മനസ്സിലാക്കാൻ കഴിയൂ. അയാളുടെ പെരുമാറ്റം, ജാഗ്രത, സഹകരണ മനോഭാവം, പ്രകടനശേഷി, ആത്മവിശ്വാസം, ഇച്ഛാശക്തി തുടങ്ങിയ വ്യക്തിപരമായ കഴിവുകൾ അളക്കുകയാണ് ഇന്റർവ്യൂവിന്റെ ലക്ഷ്യം. എന്നാൽ ഇന്റർവ്യൂവിന് എഴുത്തുപരീക്ഷയെക്കാൾ പ്രാമുഖ്യം ലഭിക്കാതിരിയ്ക്കാനായി ഇന്റർവ്യൂവിനുള്ള മാർക്ക് എഴുത്തു പരീക്ഷയുടെ ആകെ മാർക്കിന്റെ 20% എന്ന് നിജപ്പെടുത്തിയിരിക്കുന്നു.

## റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ

ഒരു തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് എഴുത്തുപരീക്ഷയുടെ മാത്രം അടിസ്ഥാനത്തിലാണെങ്കിൽ പ്രസ്തുത പരീക്ഷയിൽ ഉദ്യോഗാർത്ഥികൾ നേടുന്ന ആകെ മാർക്കാണ് പരിഗണിയ്ക്കുന്നത്. എഴുത്തു പരീക്ഷയും ഇന്റർവ്യൂവും നടത്തി തെരഞ്ഞെടുപ്പ് പൂർത്തിയാക്കുന്ന തസ്തികകളെ സംബന്ധിച്ചിടത്തോളം എഴുത്തുപരീക്ഷയിലെ മാർക്കും ഇന്റർവ്യൂവിന്റെ മാർക്കും (എഴുത്തുപരീക്ഷയുടെ 20%) കൂടി കണക്കിലെടുക്കും. എഴുത്തുപരീക്ഷയ്ക്ക് പുറമെ പ്രായോഗിക പരീക്ഷയും ഇന്റർവ്യൂവും നടത്തുന്ന തെരഞ്ഞെടുപ്പുകൾക്ക് എഴുത്തുപരീക്ഷയുടെ മാർക്കും പ്രായോഗിക പരീക്ഷയിലെ മാർക്കിന്റെ ഗ്രേഡും ഇന്റർവ്യൂവിൽ (പരമാവധി 25) കിട്ടിയ മാർക്കും കൂട്ടിയാണ് റാങ്ക്ലിസ്റ്റിലെ സ്ഥാനം നിശ്ചയിക്കുന്നത്. പ്രായോഗിക പരീക്ഷയും ഇന്റർവ്യൂവും മാത്രമായി തെരഞ്ഞെടുപ്പ് പൂർത്തിയാക്കുമ്പോൾ പ്രായോഗിക പരീക്ഷയുടെ ഗ്രേഡ് മാർക്കും ഇന്റർവ്യൂമാർക്കും (പരമാവധി 25) ആയിരിക്കും മാനദണ്ഡം. ഇന്റർവ്യൂവിന്റെ മാത്രം അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ പരമാവധി ഇന്റർവ്യൂ മാർക്ക് 100 ആയിരിക്കും.


റാങ്ക്ലിസ്റ്റിൽ ഉദ്യോഗാർത്ഥികൾക്ക് സ്ഥാനം ലഭിക്കുന്നത് അവർ നേടുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ്. റാങ്ക്ലിസ്റ്റിൽ ഉൾപ്പെടുത്താൻ യോഗ്യത നേടിയവരെ കൂടിയ മാർക്കിന്റെ അടിസ്ഥാനത്തിൽ (മുകളിൽ നിന്നും താഴേക്ക്) ഉൾക്കൊള്ളിച്ചാണ് ലിസ്റ്റ് തയ്യാറാക്കുന്നത്. അങ്ങനെ തയ്യാറാക്കുമ്പോൾ പലപ്പോഴും ഒരേ മാർക്ക് ലഭിച്ച ഒന്നിലധികം ഉദ്യോഗാർത്ഥികൾ ഉണ്ടായെന്നു വരാം. അപ്രകാരം ഒരേമാർക്ക് ലഭിച്ചവരെ റാങ്ക്ലിസ്റ്റിൽപ്പെടുത്തേണ്ടിവരുമ്പോൾ ഉയർന്ന പ്രായത്തിന്റെ അടിസ്ഥാനത്തിൽ (മുകളിൽ നിന്നും താഴേക്ക്) റാങ്ക് ലിസ്റ്റിൽപ്പെടുത്തും. ഒരേമാർക്കും ഒരേ ജനനത്തീയതിയുമുള്ള രണ്ടോ അതിലധികമോ ഉദ്യോഗാർത്ഥികൾക്ക് റാങ്ക് ലിസ്റ്റിൽ സ്ഥാനം നൽകുന്നത് അവരുടെ പേരിന്റെ അക്ഷരമാലാ ക്രമത്തിലായിരിയ്ക്കും. ഒരേ മാർക്കും ഒരേ ജനനത്തീയതിയും ഒരേ പേരുമുള്ള ഉദ്യോഗാർത്ഥികളെ റാങ്ക്ലിസ്റ്റിൽപ്പെടുത്തുന്നത് അവരുടെ പേരിനോടൊപ്പമുള്ള ഇനിഷ്യലിന്റെ അക്ഷരമാലാ ക്രമത്തിലാണ്. ഒരേ മാർക്ക് ലഭിച്ചവരിൽ അഭിലഷണീയ യോഗ്യതയുള്ളവരും, വിമുക്തഭടന്മാരും വികലാംഗരുമുള്ള പക്ഷം അഭിലഷണീയ യോഗ്യതയുള്ളവർ, വിമുക്തഭടന്മാർ, വികലാംഗർ എന്നീ ക്രമത്തിലാണ് അവർക്ക് റാങ്ക്ലിസ്റ്റിൽ സ്ഥാനം നൽകുന്നത്. വികലാംഗരിൽ 1. അന്ധർ 2. ബധിരരും മൂകരും 3.മറ്റ് വൈകല്യമുള്ളവർ എന്ന ക്രമത്തിലായിരിയ്ക്കും റാങ്ക്ലിസ്റ്റിലെ സ്ഥാനം നിശ്ചയിക്കുന്നത്.

റാങ്ക്ലിസ്റ്റ് തയ്യാറായി പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ അതിൽനിന്നും സംവരണച്ചട്ടങ്ങൾക്ക് അനുസൃതമായി ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യും.

വി.പി. തങ്കപ്പൻ

## പി.എസ്.സി.

# പരീക്ഷകൾ



ഒ.എം.ആർ. മൂല്യനിർണയ സംവിധാനം

പബ്ലിക് സർവീസ് കമ്മിഷന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയാണ് വിവിധ തസ്തികകളിലേക്ക് നിയമനത്തിനുള്ള മത്സരപരീക്ഷകൾ നടത്തുകയെന്നത്. സർക്കാർ സർവീസിലെ വിവിധ തസ്തികകൾ കൂടാതെ കോർപ്പറേഷനുകൾ, കമ്പനികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിലേക്കും തസ്തികകളുടെ സ്വഭാവമനുസരിച്ച് സംസ്ഥാനതല-ജില്ലാതല റിക്രൂട്ട്മെന്റുകൾ പി.എസ്.സി. നടത്തുന്നു. ഇതുകൂടാതെ പട്ടികജാതി-പട്ടികവർഗവിഭാഗക്കാർക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റും ഫോറസ്റ്റ് റേഞ്ചർ കോഴ്സിലേക്ക് സ്പെഷ്യൽ ടെസ്റ്റും നടത്തുന്നു.

മിക്കവാറും എല്ലാ തസ്തികകൾക്കും ജോലിയുടെ സ്വഭാവം, വിദ്യാഭ്യാസ യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ പി.എസ്.സി. എഴുത്തുപരീക്ഷകൾ നടത്തുന്നു. എഴുത്തുപരീക്ഷയിലൂടെ അതത് വിഷയത്തിൽ ഉദ്യോഗാർത്ഥികൾക്കുള്ള പരിജ്ഞാനം മാത്രമല്ല, അവരുടെ പ്രത്യേക അഭിരുചികൾ, ഭരണപരമായ കഴിവുകൾ, പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സാമർത്ഥ്യം, ചില പ്രത്യേക ചുമതലകൾ നിർവഹിക്കുന്നതിലെ പ്രാപ്തി എന്നിവ കൂടി വിലയിരുത്താനും ഉദ്ദേശിക്കുന്നുണ്ട്. ചില തസ്തികകളുടെ സെലക്ഷനിൽ ഉദ്യോഗാർത്ഥികളുടെ കഴിവുകൾ പൂർണമായും വിലയിരുത്താൻ ഇന്റർവ്യൂവും നടത്തുന്നു.

ചില തസ്തികകൾക്ക് കായികക്ഷമതാ പരീക്ഷ, പ്രായോഗികപരീക്ഷ എന്നിവയും നടത്താറുണ്ട്. ഏതാനും ചില സാങ്കേതിക തസ്തികകൾക്ക് ഡിക്ടേഷൻ ടെസ്റ്റ്, എൻഡുറൻസ് ടെസ്റ്റ്, ഡ്രൈവിങ് ടെസ്റ്റ്, വാക്കിങ് ടെസ്റ്റ് എന്നിവയും പി.എസ്.സി. നടത്തുന്നുണ്ട്. അസിസ്റ്റന്റ് ഗ്രേഡ്-2, ഡപ്യൂട്ടി കളക്ടർ തുടങ്ങിയ തസ്തികകൾക്ക് പ്രിലിമിനറി ടെസ്റ്റും ഫൈനൽ ടെസ്റ്റും അതത് ജോലികളുടെ പ്രത്യേകതയ്ക്കനുസരിച്ച് നടത്തുന്നു. വിവരണാത്മകരീതിയിലുള്ള പരീക്ഷയുടെ ദൈർഘ്യം രണ്ട്/മൂന്ന് മണിക്കൂറാണ്. ഇപ്പോൾ നടത്തിവരുന്ന പരീക്ഷകളിൽ അധികവും ഒന്നേകാൽ മണിക്കൂർ ദൈർഘ്യമുള്ളതും ഒ.എം. ആറിലൂടെ മൂല്യനിർണയം നടത്തുന്നതുമായ ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകളാണ്. ഉദ്യോഗാർത്ഥികൾക്ക് പരീക്ഷകൾക്കാവശ്യമായ മുന്നൊരുക്കം നടത്തുന്നതിനായി പരീക്ഷാതീയതി, സമയം, വിശദമായ സിലബസ് എന്നിവയുൾപ്പെട്ട പരീക്ഷാകലണ്ടർ രണ്ടുമാസം മുൻകൂട്ടി തയ്യാറാക്കുകയും അത് പി.എസ്.സി. ബുള്ളറ്റിനിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

### ചോദ്യപേപ്പർ

ചോദ്യപേപ്പർ തയ്യാറാക്കൽ അതീവ രഹസ്യമായി ചെയ്യേണ്ടതും സങ്കീർണവുമായ പ്രക്രിയയാണ്. പ്രത്യേക നടപടിക്രമമാണ് ഇതിനായി പി.എസ്.സി. അനുവർത്തിച്ചു വരുന്നത്. ഉന്നതബിരുദങ്ങളും സുദീർഘമായ അധ്യാപന പരിചയവുമുള്ള വിദഗ്ധരാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത്. എഴുത്തുപരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കാൻ മൂന്നോ അതിലധികമോ പരീക്ഷകരെയാണ് തിരഞ്ഞെടുക്കുന്നത്. പരീക്ഷകരിൽ നിന്നു സീൽ ചെയ്തു ലഭിക്കുന്ന ചോദ്യപേപ്പർ അടങ്ങിയ കവറുകളിൽ നിന്നും നറുക്കെടുപ്പിലൂടെ ഒരെണ്ണം തെരഞ്ഞെടുത്ത് നേരിട്ട് സെക്യൂരിറ്റിപ്രസ്സിൽ അയച്ച് അച്ചടിപ്പിച്ച് വാങ്ങുകയാണ് ചെയ്യുന്നത്. ചോദ്യപേപ്പറിൽ നിന്ന്, അത് ഏതു പരീക്ഷയ്ക്ക് വേണ്ടിയുള്ളതാണെന്ന് മനസ്സിലാക്കാൻ അച്ചടിക്കുന്ന സ്ഥാപനത്തിന് കഴിയുകയില്ല. പ്രസ്സിൽ നിന്നും അയച്ചു കിട്ടുന്ന 20 ചോദ്യപേപ്പറുകൾ വീതം അട

ങ്ങിയ സീൽ ചെയ്ത പാക്കറ്റുകൾ പരീക്ഷാത്തീയതിവരെ പരീക്ഷാ കൺട്രോളറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സൂക്ഷിക്കുന്നു. പരീക്ഷാദിവസം, പരീക്ഷാകേന്ദ്രങ്ങളിൽവച്ച് ഉദ്യോഗാർത്ഥികളെ സുരക്ഷിതത്വം ബോധ്യപ്പെടുത്തിയശേഷം മാത്രമേ കവറുകൾ തുറക്കാറുള്ളൂ. പരീക്ഷയ്ക്ക് രണ്ടുമൂന്ന് ദിവസം മുമ്പ് പരീക്ഷാകേന്ദ്രങ്ങളിൽ ചോദ്യപ്പേപ്പർ പാക്കറ്റുകൾ എത്തിച്ചിരുന്ന രീതി, ചോദ്യപേപ്പർ ചോർച്ചയ്ക്ക് കാരണമാകുന്ന അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് പി.എസ്.സി. ഉദ്യോഗസ്ഥർ തന്നെ നേരിട്ട് പരീക്ഷാസമയത്തിന് തൊട്ട് മുമ്പ് പരീക്ഷാകേന്ദ്രങ്ങളിൽ ചോദ്യപേപ്പർ എത്തിക്കുകയും അവരുടെ കൂടി മേൽനോട്ടത്തിൽ പരീക്ഷ നടത്തി ഉത്തരക്കടലാസ് പാക്കറ്റുകൾ സീൽ ചെയ്ത് അന്നുതന്നെ പി.എസ്.സി. ഓഫീസിലെത്തിക്കുകയും ചെയ്യുന്ന പുതിയ സമ്പ്രദായം ആവിഷ്കരിച്ചത്. ഉദ്യോഗസ്ഥരുടെ ജോലിഭാരം വർധിച്ചിട്ടുണ്ടെങ്കിലും ഈ സമ്പ്രദായത്തിലൂടെ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നുമുള്ള ചോദ്യപേപ്പർചോർച്ച എന്ന മഹാവിപത്തിന് അന്ത്യം കുറിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് പുറമെ, ബഹുജനങ്ങളും മാധ്യമങ്ങളും ഈ സംവിധാനത്തിന്റെ മേന്മ ശരി വച്ചിട്ടുമുണ്ട്.

വിദ്യാഭ്യാസവകുപ്പിന്റെ സഹായത്താൽ, അധ്യയനദിവസങ്ങളല്ലാത്തതും പൊതു ഒഴിവല്ലാത്തതുമായ ശനിയാഴ്ചകളിലാണ് പി.എസ്.സി. പരീക്ഷകൾ ഏറെയും നടത്തുന്നത്. അപേക്ഷകർ കുറവുള്ള തസ്തികകളുടെ പരീക്ഷകൾ അധ്യയനദിവസങ്ങളിൽ രാവിലെ എട്ട് മണി മുതൽ 9.15 വരെ (ഒബ്ജക്ടീവ് ടൈപ്പ്) നടത്തിവരുന്നു. ലക്ഷക്കണക്കിന് അപേക്ഷകരുള്ള തസ്തികകളുടെ പരീക്ഷകൾ ഉദ്യോഗാർത്ഥികളുടെ സൗകര്യാർത്ഥം ശനിയാഴ്ചകളിൽ രണ്ട് മണി മുതൽ 3.15 വരെയാണ് നടത്തുന്നത്. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയതിലൂടെ പരീക്ഷകളുടെ എണ്ണം കൂട്ടാനും മൂല്യനിർണയം വേഗത്തിലാക്കാനും അതുവഴി ഓരോ വർഷവും കൂടുതൽ തസ്തികകളുടെ റാങ്ക്‌ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാനും ഇപ്പോൾ കമ്മിഷനു കഴിയുന്നുണ്ട്. ഇതിലൂടെ, അഭ്യസ്തവിദ്യരുടെ എണ്ണം വർഷാവർഷം വർധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് തൊഴിലിനുവേണ്ടിയുള്ള യുവജനങ്ങളുടെ കാത്തിരിപ്പിന്റെ ദൈർഘ്യം ഒരു പരിധിവരെയെങ്കിലും കുറയ്ക്കാൻ സാധിക്കുന്നുണ്ട്.

ഒരു വർഷം ശരാശരി 25 ലക്ഷം ഉദ്യോഗാർത്ഥികൾക്ക് വേണ്ടി നാനൂറിൽപ്പരം പരീക്ഷകൾ നടത്തുമ്പോൾ വിരലിലെണ്ണാവുന്ന ഏതാനും ചില പരീക്ഷകളുടെ ചോദ്യപേപ്പറുകളിൽ ചില ന്യൂനതകൾ വന്നിട്ടുള്ള സംഭവങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ചോദ്യപേപ്പറുകളിൽ അപൂർവമായി കടന്നുകൂടുന്ന ഇത്തരം ന്യൂനതകൾക്ക് പി.എസ്.സിയെ കുറ്റപ്പെടുത്തുന്നവർ ചോദ്യപേപ്പർ ഒരു ഘട്ടത്തിലും പരീക്ഷയ്ക്ക് മുമ്പ് പി.എസ്.സി.യിൽ തുറന്ന് പരിശോധിക്കാറില്ല എന്ന വസ്തുത അറിയുന്നില്ല. ചോദ്യപേപ്പർ തയ്യാറാക്കലിന്റെ രഹസ്യസ്വഭാവം സൂക്ഷിക്കേണ്ടതിനാൽ ന്യൂനതകളുണ്ടെങ്കിൽ അവ പരീക്ഷയ്ക്ക് മുമ്പ് കണ്ടെത്താൻ നിർവാഹവുമില്ല. എന്നാൽ ഉദ്യോഗാർത്ഥികൾക്ക് ഇതുമൂലം യാതൊരു നീതിനിഷേധവും ഉണ്ടാകാതിരിക്കാൻ വേണ്ട ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചോദ്യപേപ്പറുകളിൽ വല്ല പിശകും ഉണ്ടോ എന്ന് കണ്ടുപിടിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് സൗകര്യം ലഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകളുടെ ചോദ്യപേപ്പർ തിരികെ വാങ്ങുന്ന രീതി ഉപേക്ഷിച്ചതും പരീക്ഷ കഴിഞ്ഞാലുടൻ ഉത്തരസൂചിക പി.എസ്.സി. ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങിയതും. ഉത്തരസൂചിക സംബന്ധിച്ച് നിശ്ചിത തീയതിയ്ക്കകം ലഭിക്കുന്ന പരാതികളും അഭിപ്രായങ്ങളും ശ്രദ്ധയിൽപ്പെടുന്ന മറ്റ് ന്യൂനതകൾ വല്ലതുമുണ്ടെങ്കിൽ അവയും ബന്ധപ്പെട്ട വിഷയത്തിലെ വിദഗ്ധരെക്കൊണ്ട് പരിശോധിപ്പിക്കുകയും ന്യൂനതകൾ ഉണ്ടെങ്കിൽ അവ പരിഹരിച്ചും തെറ്റുള്ള ചോദ്യങ്ങൾ ഒഴിവാക്കിയും മാത്രമേ മൂല്യനിർണയമടക്കമുള്ള അനന്തര നടപടികൾ തുടരുകയുള്ളൂ. കൂടാതെ ചോദ്യപേപ്പറിൽ ഗുരുതരമായ തെറ്റുകളുണ്ടെന്നോ പരീക്ഷകളിൽ കൃത്രിമം നടന്നിട്ടുണ്ടെന്നോ കമ്മിഷന് ബോധ്യപ്പെടുന്ന സാഹചര്യങ്ങളിൽ പരാതികൾ ഇല്ലെങ്കിൽ പോലും പരീക്ഷ റദ്ദ് ചെയ്ത് പുനഃപരീക്ഷ നടത്താറുമുണ്ട്.

(പി.എസ്.സി. പരീക്ഷ കൺട്രോളറാണ് ലേഖകൻ)

റാങ്ക് ലിസ്റ്റിന്റെ പ്രസിദ്ധീകരണത്തിന് ശേഷമാണ് കമ്മിഷനെ അറിയിച്ചിട്ടുള്ള ഒഴിവുകൾക്കായി നിയമന ശുപാർശ ചെയ്യാനുള്ള പട്ടിക (Advice List) തയ്യാറാക്കുന്നത്. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസിലെ പാർട്ട് രണ്ട് ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ കണിശമായി പാലിച്ചുകൊണ്ടാണ് കമ്മിഷൻ അഡ്വൈസ് ലിസ്റ്റ് തയ്യാറാക്കുന്നത്. ഓരോ സംവരണ വിഭാഗത്തിന്റെയും ഊഴം എപ്പോഴൊക്കെ എന്ന് വ്യക്തമാക്കിക്കൊണ്ടുള്ള നൂറ് ഊഴങ്ങളുടെ പട്ടിക (Rotation Chart) ലാസ്റ്റ് ഗ്രേഡ് സർവീസിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തസ്തികകൾക്കായും അല്ലാത്ത തസ്തികകൾക്കായും വെവ്വേറെ നിലവിലുണ്ട്. മുകളിൽ വിവരിച്ച ഇരു ചാർട്ടുകളിലും 50 ഊഴങ്ങൾ ഒ.സി (Open Contest) വിഭാഗത്തിനും 50 ഊഴങ്ങൾ സംവരണവിഭാഗത്തിനും (BC turns) ആയി മാറ്റി വച്ചിട്ടുണ്ട്. 1,3,5 തുടങ്ങി ഒന്നിടവിട്ടുള്ള എല്ലാ ഊഴങ്ങളും ഒ.സി. വിഭാഗത്തിന്റേതാണ്. അതുപോലെ 2,4,6 തുടങ്ങി ഒന്നിടവിട്ടുള്ള ഇരട്ടസംഖ്യ ഊഴങ്ങൾ മുഴുവനും സംവരണ വിഭാഗങ്ങൾക്കായും മാറ്റി വച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റും റൊട്ടേഷൻ ചാർട്ടും ഉണ്ടെങ്കിൽ പിന്നെ ഓരോ ഊഴങ്ങളായി നികത്തി ഈ പ്രക്രിയ ലളിതമാക്കിക്കൂടേ എന്നു തോന്നാം. എന്നാൽ കൂടുതൽ നീതിയും അവസര തുല്യതയും ഉറപ്പാക്കാൻ ചില വ്യവസ്ഥകൾ കൂടി റൊട്ടേഷൻ നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവ ഏതൊക്കെ എന്നു നോക്കാം.

റൊട്ടേഷൻ എന്നത് ഒരു തുടർപ്രക്രിയ ആണ്. അതായത് ഓരോ തസ്തികക്കും പുതിയ റാങ്ക്‌ലിസ്റ്റ് വരുമ്പോൾ, കഴിഞ്ഞ റാങ്ക്‌ലിസ്റ്റ് അവസാനിച്ചപ്പോൾ റൊട്ടേഷൻ എവിടെ നിന്നോ അതിന്റെ തുടർച്ചയായിട്ടായിരിക്കും പുതിയ റാങ്ക് ലിസ്റ്റിന്റെ റൊട്ടേഷൻ ആരംഭിക്കുക. കഴിഞ്ഞ റാങ്ക്‌ലിസ്റ്റിന്റെ കാലത്ത് വന്നുകൂടിയ കുടിശ്ശിക ഊഴങ്ങൾ (Pending turns) പുതിയ റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ വീട്ടാനുള്ളതാണ്. എൻ.ജെ.ഡി, റ്റി.പി.ഒ., എൻ.സി.എ. എന്നിവയാണ് പ്രധാനപ്പെട്ട കുടിശ്ശിക ഊഴങ്ങൾ. എന്താണ് ഈ കുടിശ്ശിക ഊഴങ്ങൾ എന്ന് നോക്കാം.

കമ്മിഷൻ നിയമനത്തിനായി ശുപാർശ ചെയ്യപ്പെട്ട ആൾ ഏതെങ്കിലും കാരണത്താൽ ജോലിക്ക് ഹാജരായില്ല എന്നിരിക്കട്ടെ. അതുമൂലമുണ്ടാകുന്ന ഒഴിവ് Not Joined Duty Vacancy എന്നു പറയുന്നു. ജോലിക്ക് ഹാജരാകാത്ത ആൾ ഏത് ഊഴത്തിലാണോ നിയമനശുപാർശ ചെയ്യപ്പെട്ടത് അതേ ഊഴത്തിലായിരിക്കും പകരക്കാരൻ ആ എൻ.ജെ.ഡി. ഒഴിവിലേക്ക് വരുന്നത്. കുടിശ്ശിക ഊഴങ്ങളിൽ ഏറ്റവും മുൻഗണന


ബി. പ്രദീപ്

# റാങ്ക്‌ലിസ്റ്റുകൾക്കപ്പുറം

നല്കപ്പെടുന്നതും എൻ.ജെ.ഡി.ക്കാണ്.

സംവരണ ഊഴങ്ങൾ 50% ത്തിലധികമാകാതിരിക്കാൻ ചില അവസരങ്ങളിൽ സംവരണ ഊഴങ്ങളെ താത്കാലികമായി മാറ്റിവയ്ക്കാറുണ്ട്. ഏറ്റവും അടുത്തു കിട്ടുന്ന അവസരത്തിന് തന്നെ ഇങ്ങനെ മാറ്റിവയ്ക്കപ്പെട്ട ഊഴങ്ങൾ നികത്തപ്പെടേണ്ടതുമാണ്. ഇതിനെയാണ് റ്റി.പി.ഒ. ഊഴങ്ങൾ (Temporarily Passed Over) എന്നു പറയുന്നത്. ഒരു റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ ഏതെങ്കിലും സംവരണവിഭാഗത്തിന് അവർക്കായുള്ള ഊഴം നികത്തപ്പെടുന്ന സമയത്ത് ആ വിഭാഗത്തിൽപ്പെട്ട ആരും തന്നെ റാങ്ക്‌ലിസ്റ്റിൽ ഇല്ലാതെ വന്നാൽ റൊട്ടേഷൻ ചാർട്ടിലെ തൊട്ടടുത്ത വിഭാഗത്തിന് കടമായി ആ ഊഴം കൈമാറും. പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന ശേഷം നികത്തപ്പെടുന്ന ഊഴങ്ങളിൽ അങ്ങനെ അധികനേട്ടം കൈവരിച്ച വിഭാഗത്തിന്റെ ഊഴം നേരത്തെ ആളില്ലാത്തതുകാരണം ഊഴം നഷ്ടപ്പെട്ട വിഭാഗത്തിന് തിരികെ നല്കേണ്ടതാണ്. ഇതിനെയാണ് എൻ.സി.എ. എന്ന് പറയുന്നത്. എന്നാൽ സർക്കാർ ജി.ഒ.(പി):7/2006/പി.ആൻഡ്എ.ആർ.ഡി. നമ്പരായി 2006 മാർച്ച് 8ന് എൻ.സി.എ. നിയമങ്ങൾക്ക് ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. 2006 ഫെബ്രുവരി 2 മുതൽ എൻ.സി.എ. സമ്പ്രദായം അവസാനിപ്പിച്ചു കൊണ്ടാണ് ഉത്തരവായത്. ഏതെങ്കിലും വിഭാഗത്തിന്റെ ഊഴം നികത്തുമ്പോൾ ആ വിഭാഗത്തിൽപ്പെട്ട ആരും തന്നെ റാങ്ക് ലിസ്റ്റിൽ ഇല്ല എങ്കിൽ ആ ഊഴവും ഒഴിവും നികത്താതെ തത്കാലത്തേയ്ക്ക് ഒഴിച്ചിടുന്നതാണ് പുതിയ രീതി. പട്ടികജാതിക്കാരില്ലാത്തപ്പോൾ ആ ഊഴം പട്ടികവർഗക്കാർക്ക് കടമായി നല്കുന്നതിനും തിരിച്ചും ഈ നിയമം തടസ്സമാകുന്നില്ല. അതുപോലെ മുൻകാലങ്ങളിലുണ്ടായിട്ടുള്ള കുടിശ്ശിക എൻ.സി.എ. ഊഴങ്ങൾ നികത്തുന്നതിനും പുതിയ നിയമം തടസ്സമല്ല.

ഒരു പുതിയ റാങ്ക്‌ലിസ്റ്റ് നിലവിൽ വന്ന ശേഷം ഒഴിവുകൾ നികത്തുമ്പോൾ കഴിഞ്ഞ റാങ്ക് ലിസ്റ്റ് അവസാനിച്ചതു മുതൽ പുതിയ റാങ്ക്‌ലിസ്റ്റ് നിലവിൽ വരുന്നതുവരെ കമ്മിഷന്റെ ആഫീസിൽ അറിയിച്ചിട്ടുള്ള ഒഴിവുകൾ ഒന്നിച്ചു ചേർത്തുകൊണ്ടാണ് റൊട്ടേഷൻ എഴുതുന്നത്. ഇങ്ങനെ റൊട്ടേഷൻ എഴുതുമ്പോൾ ആദ്യം കുടിശ്ശിക ഊഴങ്ങൾ നികത്തും. ഇതിൽത്തന്നെ ആദ്യത്തെ പരിഗണന എൻ.ജെ.ഡി. ഊഴങ്ങൾക്കുള്ളതാണ്. എൻ.ജെ.ഡി. ഊഴങ്ങളെ ഊഴങ്ങളുടെ സംഖ്യാക്രമത്തിൽ അടുക്കിയ ശേഷമാണ് നികത്തുക. എൻ.ജെ.ഡി. ഊഴങ്ങളിൽ സംവരണ ഊഴങ്ങൾ ഉണ്ടെങ്കിൽ അതിൽത്തന്നെ കുടിശ്ശിക എൻ.സി.എ.യും നികത്താം. ഉദാഹരണമായി MRS 58 E എന്ന എൻ.ജെ.ഡി. ഊഴമാണ് നികത്താനുള്ളതെന്ന് കരുതുക. കഴിഞ്ഞ ലിസ്റ്റിൽ ധീവര സമുദായത്തിനായി നീക്കിവച്ചിട്ടുള്ള MRS 50 D എന്ന ഊഴം നികത്തിയപ്പോൾ ധീവരർ ലിസ്റ്റിലില്ലാത്തതു കാരണം എൻ.സി.എ. ആയി ഈഴവർക്ക് ലഭിച്ചു എന്നും ഇരിക്കട്ടെ. ഈ അധിക നേട്ടം ഈഴവർ തിരികെ കൊടുക്കാനുള്ളതിനാൽ 58 E എന്ന എൻ.ജെ.ഡി. ഊഴം ധീവരർക്ക് കടം വീട്ടേണ്ടതായി വരും. ഇനി ധീവരർ കഴിഞ്ഞ ലിസ്റ്റിൽ മറ്റ് ഏതെങ്കിലും സമുദായത്തിന്റെ ഊഴം എൻ.സി.എ. ആയി കൈക്കലാക്കിയിട്ടുണ്ടെങ്കിൽ ആ കടവും ഈ ഊഴത്തിൽത്തന്നെ വീട്ടേണ്ടതാണ്. എൻ.ജെ.ഡി. ഊഴങ്ങൾ എല്ലാം നികത്തിയ ശേഷം കുടിശ്ശികയായി റ്റി.പി.ഒ. ഊഴങ്ങൾ ഉണ്ടെങ്കിൽ അവ നികത്തണം. (50% നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് മതിയായ സംവരണ ഊഴങ്ങൾ ലഭ്യമാണെങ്കിൽ മാത്രമേ റ്റി.പി.ഒ. ഊഴങ്ങൾ നികത്താൻ കഴിയൂ.)




എൻ.ജെ.ഡി, റ്റി.പി.ഒ. എന്നീ കുടിശ്ശിക ഊഴങ്ങൾ നികത്തിയ ശേഷമാണ് പുതിയ റൊട്ടേഷൻ ആരംഭിക്കുക. 20 ഊഴങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള യൂണിറ്റുകളായിട്ടായിരിക്കണം പുതിയ റൊട്ടേഷൻ എഴുതുക. ഒരു യൂണിറ്റിലെ മുഴുവൻ പ്രക്രിയയും പൂർത്തിയാക്കിയ ശേഷമേ അടുത്ത യൂണിറ്റിലേക്ക് കടക്കുകയുള്ളൂ. ഈ ഇരുപതു ഊഴങ്ങളിൽ 10 എണ്ണം ഒ.സി. (Open Contest) വിഭാഗത്തിനും ബാക്കി 10 എണ്ണം സംവരണ വിഭാഗത്തിനുമായി നീക്കി വച്ചിട്ടുണ്ടായിരിക്കും. യൂണിറ്റിലെ ഒ.സി. ഊഴങ്ങളാകും ആദ്യം നികത്തപ്പെടുക. റാങ്ക്‌ലിസ്റ്റിൽ അവശേഷിച്ചിട്ടുള്ളവരിൽ ഏറ്റവും മികച്ച റാങ്ക് ഉള്ളവരെയാണ് ഒ.സി. ഊഴങ്ങൾക്കായി പരിഗണിക്കുന്നത്. സംവരണ ആനുകൂല്യമുള്ളവർക്കും ഒ.സി. ഊഴങ്ങളിൽ പരിഗണിക്കപ്പെടാൻ അർഹതയുണ്ട്. അതിന് ശേഷമാണ് സംവരണ ഊഴങ്ങൾ നികത്തപ്പെടുന്നത്. ഓരോ സംവരണ ഊഴം നികത്തുമ്പോഴും ആ വിഭാഗം മുമ്പ് എൻ.ഡി.എ. ആനുകൂല്യം പറ്റിയിട്ടുണ്ടെങ്കിൽ അത് എൻ.സി.എ. മൂലം നഷ്ടം സംഭവിച്ച വിഭാഗത്തിന് തിരികെ നല്കേണ്ടതുണ്ടോ എന്ന് പരിശോധിക്കും. 20 ഊഴങ്ങളും നികത്തിയ ശേഷം ഒ.സി. ഊഴങ്ങളിൽ കയറിയ സംവരണ വിഭാഗക്കാരുണ്ടെങ്കിൽ സംവരണ ഊഴങ്ങളിലും ഒ.സി. ഊഴങ്ങളിലുമുള്ള ഓരോ വിഭാഗക്കാരുടെ സ്ഥാനം റാങ്ക് അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കും. അതിനുശേഷം മാത്രമേ അടുത്ത യൂണിറ്റിലേക്ക് കടക്കുകയുള്ളൂ. ഈ ക്രമത്തിൽത്തന്നെ നിയമനശുപാർശ പട്ടികയായി നിയമന അധികാരിക്ക് കൈമാറും. നിയമന ശുപാർശ ചെയ്യപ്പെട്ടവരുടെ സീനിയോറിറ്റിയും Advice List ലെ മുൻഗണനാക്രമത്തിലായിരിക്കും.



വനം – വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലവും കാര്യക്ഷമവും ആക്കുന്നതിനുള്ള നടപടികൾക്ക് ഗവൺമെന്റ് തുടക്കം കുറിച്ചു. ബഹുജനപങ്കാളിത്തം ഉറപ്പാക്കി സുതാര്യവും സുദൃഢവുമായ കാൽവയ്പുകളോടെ മുന്നേറാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

# വനസംരക്ഷണം കരുതലോടെ

വനം വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് അത് സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലവും കാര്യക്ഷമവും ആക്കി മാറ്റുന്നതിനുള്ള നടപടികൾക്ക് ഗവൺമെന്റ് തുടക്കം കുറിച്ചു. ബഹുജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് സുതാര്യവും സുദൃഢവുമായ കാൽവയ്പുകളോടെ മുന്നേറാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വനഭൂമി അന്യാധീനപ്പെടാതിരിക്കുന്നതിനും വനംകൊള്ളക്കാരെയും ചന്ദന മോഷ്ടാക്കളെയും കർശനമായി നേരിടുന്നതിനും ഫലപ്രദമായ നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ഇടതുപക്ഷസർക്കാർ ക്രിയാത്മകമായ നീക്കങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട്, എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥരുടെ യോഗം പലകുറി വിളിച്ചുചേർത്ത് ചർച്ചകൾ നടത്തി.

പങ്കാളിത്ത വനപരിപാലനം എന്ന ആശയത്തോടെ രൂപീകരിച്ച വനസംരക്ഷണസമിതികളിൽ നിന്നും ആശയങ്ങൾ സ്വരൂപിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിനും വേണ്ടി തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത വിപുലമായ വനസംരക്ഷണ സംഗമം വളരെ ശ്രദ്ധേയമായിരുന്നു. ഈ വർഷം തന്നെ വനനയത്തിന് രൂപം നൽകുമെന്ന പ്രഖ്യാപനം സംഗമവേളയിൽ ഉണ്ടായി.

വ്യാപകമായ മരംമുറിയ്ക്കലിന് പ്രേരണ നൽകിയ 2005-ലെ നിയമം ഭേദഗതി ചെയ്തുകൊണ്ട് ഓർഡിനൻസ് കൊണ്ടുവരാൻ കഴിഞ്ഞു. ചെറുകിട കർഷകരെ ബുദ്ധിമുട്ടിക്കരുതെന്ന നിഷ്കർഷയോടെയാണ് പുതിയ ഭേദഗതി.

പരിസ്ഥിതി രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ വ്യക്തികളുമായി മുഖാമുഖം സംഘടിപ്പിക്കുകയും അവരുടെ ആശങ്കകളും അഭിപ്രായങ്ങളും അർഹിക്കുന്ന ഗൗരവത്തോടെ വനം വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങളിൽ പരിഗണിയ്ക്കുകയും ചെയ്യും.

ശബരിമല വികസനത്തിനായി വനഭൂമി വിട്ടുകൊടുക്കുന്നതു സംബന്ധിച്ച് ദീർഘനാളായി നിലനിന്നിരുന്ന പ്രശ്നങ്ങൾ തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വനം-റവന്യൂ ദേവസ്വം മന്ത്രിമാരുടെ യോഗം ചേർന്നാണ് ഈ തീരുമാനം എടുത്തത്.

വിലപിടിച്ച ചന്ദനമരങ്ങൾ അപ്രത്യക്ഷമാകുന്നത് തടയാൻ സർക്കാർ ശക്തമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. മറയൂരിൽ ദ്രുതകർമസേനയെ വിന്യസിച്ചതും കോതമംഗലം, മൂന്നാർ എന്നിവിടങ്ങളിലെ ഫ്ളയിങ് സ്ക്വാഡ് അവിടെ ക്യാമ്പ് ചെയ്യുന്നതും ഇതിന്റെ ഭാഗമായിട്ടാണ്. എല്ലാ ദിവസവും ഇത് നിരീക്ഷണം ചെയ്യുന്നതിന് മന്ത്രിയുടെ ഓഫീസിൽ സംവിധാനമൊരുക്കിയിട്ടുണ്ട്. മറയൂരിൽ മഴുവിനിരയാകുന്ന ചന്ദനമരങ്ങളുടെ എണ്ണം കുറയുന്നുണ്ടെങ്കിലും ഇരുപത് ചന്ദനമരങ്ങൾ മോഷണം പോയി എന്നത് നിസ്സാരമായി കാണുന്നില്ല. സർക്കാർ സംവിധാനങ്ങൾക്ക് പുറമെ ജനകീയ ഇടപെടലുകളും ഉണ്ടെങ്കിൽ മാത്രമെ വിലമതിയ്ക്കാനാകാത്ത ചന്ദനസമ്പത്ത് സംരക്ഷിക്കാൻ കഴിയൂ. ജനപ്രതിനിധികൾ, രാഷ്ട്രീയ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങി താത്പര്യമുള്ള എല്ലാവരെയും പങ്കെടുപ്പിച്ചുകൊണ്ട് ചന്ദന സംരക്ഷണ കൺവെൻഷൻ നടത്തി. ചന്ദനക്കടത്ത് തടയുന്നതിന് വ്യാപകമായ റെയ്ഡുകൾ നടത്തണമെന്ന നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മലബാർ മേഖലയിൽ കാസർഗോഡ്, കണ്ണൂർ, മലപ്പുറം എന്നിവിടങ്ങളിൽ വ്യാപകമായ റെയ്ഡ് തുടരുകയാണ്. 500 കി.ഗ്രാമിൽ അധികം ചന്ദനത്തടി പിടിച്ചു കഴിഞ്ഞു.

ചന്ദനത്തൈലം ഉത്പാദിപ്പിക്കുന്നതി



നുള്ള അവകാശം സർക്കാരിൽ മാത്രം നിക്ഷിപ്തമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന നിയമഭേദഗതിയ്ക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇത് കേന്ദ്രത്തിൽ നടത്തിയ ഇടപെടലുകളുടെ ഫലമായിട്ടാണ്.

അന്തർസംസ്ഥാന വനംകൊള്ള തടയുന്നതുൾപ്പെടെ തമിഴ്നാടിനും കേരളത്തിനും പൊതു താത്പര്യമുള്ള വിഷയങ്ങൾ തമിഴ്നാട് വനംവകുപ്പ് മന്ത്രി ശെൽവരാജുമായി ചർച്ച ചെയ്യുകയും തമിഴ്നാട് വനംവകുപ്പിന്റെ സഹകരണം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

കടലാക്രമണങ്ങളുടെയും സുനാമിയുടെയും പശ്ചാത്തലത്തിൽ കേരളത്തിലെ തീരപ്രദേശത്തിന്റെ പരിപാലനം ലക്ഷ്യമാക്കിക്കൊണ്ട് ഫിഷറീസ് വകുപ്പുമായി ചേർന്ന് തീരമേഖലയിൽ ജനപങ്കാളിത്തത്തോടെ കണ്ടൽക്കാടുകളും മറ്റ് അനുയോജ്യവൃക്ഷങ്ങളും വച്ചു പിടിപ്പിച്ച് ഒരു ഫോറസ്റ്റ് ബെൽറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ദേശീയ ദുരന്തനിവാരണ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള യത്നങ്ങൾ നടന്നുവരുന്നു.

സൈലന്റ്‌വാലി നാഷണൽ പാർക്കിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സൈലന്റ്‌വാലി ബഫർസോൺ പ്രഖ്യാപിക്കും. ഇവിടത്തെ ജൈവവൈവിധ്യ ഘടനയുടെ സമ്പൂർണമായ സംരക്ഷണത്തിനും പരിപാലനത്തിനും ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

കേരളത്തിന്റെ വനസംരക്ഷണത്തിന് കേന്ദ്രത്തിൽ നിന്നും ഉദാരമായ സമീപനമാവും ഉണ്ടാവുകയെന്ന് കേന്ദ്ര വനംവകുപ്പ് മന്ത്രി എ.രാജ ഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയിൽ വ്യക്തമാക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ താഴെക്കുറിക്കുന്ന വിഷയങ്ങളിൽ അനുകൂലമായ നിലപാട് ഉണ്ടായി. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ സംയുക്ത സഹകരണത്തോടെ മാത്രമേ വനം വന്യജീവി സംരക്ഷണം ഫലപ്രദമാവുകയുള്ളൂ. ഇതിനായി ദക്ഷിണേന്ത്യൻ വനം മന്ത്രിമാരുടെ യോഗം കേരളം വിളിച്ചുകൂട്ടാൻ ധാരണയായിട്ടുണ്ട്. കേന്ദ്ര വനം മന്ത്രി ഉദ്ഘാടനം നിർവഹിക്കാമെന്നും സമ്മതിച്ചിട്ടുണ്ട്.

വേമ്പനാട്, കണ്ണൂർ പ്രദേശങ്ങളിൽ കണ്ടൽക്കാട് വികസനത്തിനായുള്ള കേന്ദ്രാനുമതിയും ഒരു കോടി രൂപയുടെ ഫണ്ടും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. കണ്ണൂരിലെ കണ്ടൽക്കാടുകൾക്ക് 49.24 ലക്ഷം രൂപയുടെയും വേമ്പനാട്ടെ കണ്ടൽക്കാടുകൾക്ക് 51.25 ലക്ഷം രൂപയുടെയും ഭരണാനുമതിയാണ് ലഭിച്ചിരിക്കുന്നത്. മറയൂർ ചന്ദനക്കാടുകളുടെ സംരക്ഷണത്തിനായി സംസ്ഥാനത്തിന് അത്യാധുനിക ആയുധങ്ങൾ ലഭിക്കും. ദേശീയ വനവത്കരണ പദ്ധതിയുടെ ഭാഗമായി കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടുള്ള നിർദേശങ്ങൾക്ക് അനുകൂലമായ തീരുമാനമുണ്ടാകും. സംസ്ഥാനത്തെ കാവുകളുടെ സംരക്ഷണം, നാട്ടാനകളുടെ സംരക്ഷണത്തിനുള്ള പദ്ധതി എന്നിവയെ സംബന്ധിച്ച സംസ്ഥാന വനംവകുപ്പിന്റെ പ്രോജക്ടുകൾ കേന്ദ്രം പരിഗണിയ്ക്കും.

നീലക്കുറിഞ്ഞി മേടുകളുടെ സംരക്ഷണത്തിനുള്ള പദ്ധതി കേന്ദ്രഗവൺമെന്റ് അനുഭാവപൂർവം പരിഗണിയ്ക്കും. അനന്തമായ സാധ്യതകളുള്ള, കേരളത്തിന്റെ ജൈവ വൈവിധ്യമേഖലകളുടെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് അവയുടെ സംരക്ഷണത്തിനും പരിപാലനത്തിനും ഉള്ള പ്രത്യേക പദ്ധതി കേന്ദ്രഗവൺമെന്റ് അംഗീകരിക്കാമെന്ന് ഉറപ്പ് തന്നിട്ടുണ്ട്. വന്യജീവികളെ വിദേശത്ത് കയറ്റി അയ്ക്കുന്നതടക്കമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നിയമം പാർലമെന്റ് പാസ്സാക്കിക്കഴിഞ്ഞാലുടൻ തന്നെ നിർദിഷ്ട വൈൽഡ് ലൈഫ് ക്രൈം ബ്യൂറോയുടെ മേഖലാ ആസ്ഥാനം കൊച്ചിയിൽ സ്ഥാപിക്കും.

പറമ്പിക്കുളം, ചിന്നാർ, ഇരവികുളം എന്നീ ദേശീയ പാർക്കുകൾ തമിഴ്നാട്ടിലെ ഇന്ദിരാഗാന്ധി വൈൽഡ് ലൈഫ് സാങ്ചറി എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള ടൈഗർ റിസർവിന്റെ പ്രഖ്യാപനം അടുത്തുതന്നെ ഉണ്ടാവും. വന്യജീവി സംരക്ഷണകാര്യത്തിൽ കേരളത്തിന് ഇതൊരു പുതിയ കാൽവയ്പായിരിക്കും. ഇത് കേരളത്തിലെ രണ്ടാമത്തെ ടൈഗർ റിസർവ് ആയിരിക്കും.

## ഭവനനിർമാണം



എല്ലാവർക്കും പാർപ്പിടം എന്ന എൽ.ഡി.എഫിന്റെ ലക്ഷ്യം നിറവേറ്റുന്നതിന് വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, രാഷ്ട്രീയ ബഹുജനപ്രസ്ഥാനങ്ങൾ, സന്നദ്ധ സംഘടനകൾ, വിദേശമലയാളികൾ എന്നിവരുടെ സഹകരണത്തോടെ ജനകീയ പങ്കാളിത്തത്തിൽ ലക്ഷം വീട് മാതൃകയിലും അതിന്റെ ആശയത്തെ പിന്തുടർന്നുകൊണ്ടും ഉള്ള പാർപ്പിട പദ്ധതിയ്ക്ക് ഈ ഗവൺമെന്റ് രൂപം നൽകും.

ലക്ഷം വീടുകളുടെ പുനരുദ്ധാരണം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ തുല്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഭവനനിർമാണ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിച്ചും കേരളത്തിനകത്തും പുറത്തുമുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തിയും സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

ഈ രീതിയിൽ ഭവനനിർമാണരംഗത്ത് കേരളം ഒരു മാതൃകയാണെന്നത് കണക്കിലെടുത്ത് ഒരു പാർപ്പിടനയം രൂപപ്പെടുത്തുന്നതിനെക്കുറിച്ച് ചർച്ചകൾ തുടങ്ങിവച്ചിട്ടുണ്ട്.

യു.ഡി.എഫിന്റെ നയങ്ങൾ മൂലം ഭരണപരവും സാമ്പത്തികവുമായി പ്രതിസന്ധിയിലായ ഹൗസിംഗ് ബോർഡിനെ രക്ഷപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ വിജയം കണ്ടു തുടങ്ങിയിരിക്കുന്നു. ഭവന നിർമാണത്തിന്റെ ചുമതലയുള്ള കേന്ദ്രമന്ത്രി കുമാരി ഷെൽജ, കേന്ദ്ര ഗ്രാമവികസനമന്ത്രി രഘുവംശ പ്രസാദ് സിങ്, ഹഡ്കോ ചെയർമാൻ ഡോ. റാണ, എൻ.എച്ച്.ബി. ചെയർമാൻ, മറ്റ് കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥർ എന്നിവരുമായുള്ള കൂടിക്കാഴ്ചയുടെ ഫലമായി താഴെപ്പറയുന്ന ഉറപ്പുകൾ ലഭിച്ചിട്ടുണ്ട്.

തിരുവനന്തപുരത്തെ ഹാബിറ്റാറ്റ് സെന്ററിന്റെ നിർമാണം ഉടനെ പുനരാരംഭിക്കുന്നതാണ്.

ഹഡ്കോയ്ക്ക് നൽകുവാനുള്ള വായ്പാകുടിശ്ശികയെ സംബന്ധിച്ച് അവർ നേരത്തെ എടുത്ത തീരുമാനം പുനഃപരിശോധിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഹൗസിംഗ് ബോർഡ് നൽകുവാനുള്ള വായ്പാ കുടിശ്ശിക സമയബന്ധിതമായി അടച്ചുതീർക്കുന്നതിനുള്ള ഔദാര്യപൂർണമായ സമീപനവും ഹഡ്കോ കൈക്കൊള്ളും. പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടത്തുവാനുള്ള ധനസഹായം ലഭ്യമാക്കാമെന്നും ഉറപ്പ് ലഭിച്ചിട്ടുണ്ട്.

ആർ. വേണുഗോപാൽ

# നാളത്തെ കേരളം

**മലയാളി കാലാകാലങ്ങളായി കൂടെക്കൊണ്ടു നടക്കുന്ന പല ധാരണകളെയും സോപ്പുകുമിളകളെ പോലെ കുത്തിപ്പൊട്ടിച്ച് പല അപ്രിയസത്യങ്ങളും വിളിച്ചു പറയുകയാണ് പതിനൊന്നാം പഞ്ചവത്സര പദ്ധതിയെപ്പറ്റി സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തിറക്കിയ കരടു സമീപനരേഖ.**

എക്കാലത്തും സാമൂഹിക പരീക്ഷണങ്ങളുടെ തീച്ചൂളയാണ് കേരളം. മുമ്പേ പറക്കുന്ന പക്ഷികളുടെ ഒപ്പം പറക്കുക എന്ന മലയാളിയുടെ സ്വഭാവവിശേഷമാവാം ഇതിന് ഒരു കാരണം. ലോകത്തിന് ഏറ്റവുമധികം തൊഴിൽശക്തി നൽകാൻ കഴിവുള്ള സംസ്ഥാനം എന്ന നിലയിലേക്കുള്ള കേരളത്തിന്റെ വളർച്ച വികസിത രാജ്യങ്ങളുടെ കണ്ണുകളെ ഇങ്ങോട്ടു തിരിച്ചിരിക്കുകയാണ്. ഇങ്ങനെ, അഭിമാന ഗോപുരങ്ങളിൽ നമ്മുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുമ്പോഴും മറുകണ്ടത്തിൽ നീറുന്ന ചില വർത്തമാന യാഥാർത്ഥ്യങ്ങൾ ഉണ്ടെന്ന കാര്യം വിസ്മരിക്കാനാവില്ല. ഉദാഹരണത്തിന്, കേരളമാതൃക എന്ന് നാം പൊതുവെ ഊറ്റം കൊള്ളുന്ന നേട്ടപ്പെരുമയുടെ കാര്യം നോക്കാം. കേരളത്തിന് വലിയ മികവോ വളർച്ചയോ അവകാശപ്പെടാനില്ലാത്ത 87–88 വരെയുള്ള കാലത്തെയാണ് കേരളമാതൃകയുടെ വസന്തകാലമായി കണക്കാക്കുന്നത്. സംസ്ഥാനം സാമ്പത്തിക വളർച്ചയുടെ പടവുകൾ പിച്ചവച്ചു കയറിത്തുടങ്ങിയ എൺപതുകളുടെ പാതി മുതൽ കേരളമാതൃകയുടെ പ്രഭ മങ്ങിത്തുടങ്ങി എന്നതാണ് വാസ്തവം. ആഹാര ലഭ്യതയുടെയും കലോറിമൂല്യത്തിന്റെയുമൊക്കെ സൂചികകൾ അക്കാലം മുതൽ ഇറക്കത്തിലായിരുന്നു.

മറ്റു ചില വൈരുദ്ധ്യങ്ങൾ നോക്കൂ: ജനനനിരക്കും ശിശുമരണനിരക്കും കുറയുന്നതിന്റെ ഗുണങ്ങൾ അനുഭവിക്കുമ്പോൾത്തന്നെ ആയുസ്സ് കൂടുന്നതിന്റെ പ്രശ്നങ്ങൾ നേരിടുകയാണ് മലയാളിസമൂഹം. ജൈവ സാങ്കേതികവിദ്യയും ആധുനിക കൃഷിരീതികളും കൃഷിക്ക് പുതിയ മുഖം നൽകുമ്പോൾത്തന്നെ കാർഷികോത്പന്നങ്ങളുടെ വിലക്കുറവും വിദേശീയോത്പന്നങ്ങളുടെ കടന്നുകയറ്റവും കർഷകരുടെ ആത്മഹത്യയും പ്രതിസന്ധിയാവുകയാണിവിടെ. പ്രതിഭകളുടെ കയറ്റുമതിയിൽ ലോകരാജ്യങ്ങളോടു മത്സരിക്കുമ്പോൾ ത്തന്നെ ഉന്നത വിദ്യാഭ്യാസമേഖലയിലെ സ്വാശ്രയസംസ്കാരം പുതിയ സാമൂഹിക പ്രശ്നമാവുകയാണ്. വിദ്യാസമ്പന്നർ കൂടിയപ്പോൾ ഒപ്പം തൊഴിലില്ലായ്മയും കൂടി.

ഇങ്ങനെ മലയാളി അഭിമാനപൂർവം കൂടെക്കൊണ്ടു നടക്കുന്ന നേട്ടങ്ങൾ എവിടെയൊക്കെയുണ്ടോ അവിടെയൊക്കെ നാളിതുവരെ നേരിടേണ്ടിവന്നിട്ടില്ലാത്ത വെല്ലുവിളികളും ഉണ്ട്. ഈ സാമൂഹിക പശ്ചാത്തലത്തിലാണ് സംസ്ഥാനത്തിന്റെ 11–ാം പഞ്ചവത്സരപദ്ധതിയുടെ കരടു സമീപനരേഖ ആസൂത്രണബോർഡ് പുറത്തിറക്കിയത്. വ്യവസായവത്കരണത്തിനും കൃഷിക്കും ദാരിദ്ര്യനിർമാർജനത്തിനും ഊന്നൽ നൽകി പഞ്ചവത്സരപദ്ധതികളിലൂടെയാണ് ഭാരതം വളർന്നതെന്ന സത്യം വിളിച്ചുപറയുമ്പോൾതന്നെ, ആ വളർച്ചയുടെ സൗഭാഗ്യങ്ങൾ പങ്കിടാനാവാതെ പുറന്തള്ളപ്പെട്ടവരുടെ എണ്ണം നാൾക്കുനാൾ പെരുകിയതേയുള്ളൂ എന്ന കുറെക്കൂടി തെളിഞ്ഞ സത്യത്തെ മൗനത്തിൽ പൊതിയുന്നത് ഉചിതമല്ല. ഇങ്ങനെ, നാടിനൊപ്പം ഓടാനാവാതെ പാതിവഴിയിൽ തളർന്നവരെയും വീണവരെയും കൂടി കണ്ടും കണക്കിലെടുത്തുമാണ് നാളത്തെ കേരളത്തിലേക്ക് കണ്ണുതുറക്കുന്ന കരടു സമീപനരേഖ ആസൂത്രണബോർഡ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇത് പ്രത്യാശയ്ക്ക് വക നല്കുന്നു.



**സമഗ്രമായ കാഴ്ചപ്പാടുണ്ടെന്നതാണ് കരടുസമീപനരേഖയുടെ സവിശേഷത**

നാടിന്റെ വികസന സങ്കല്പത്തെപ്പറ്റിയുള്ള ഒരുപാടു സോപ്പുകുമിളകൾ കുത്തിപ്പൊട്ടിക്കുന്നുണ്ട് ഈ സമീപനരേഖ. ഉദാഹരണത്തിന്, കേരളത്തിൽ വൈദഗ്ധ്യം ആവശ്യമില്ലാത്ത സാധാരണ തൊഴിലില്ലായ്മ (Simple Unemployment) ഇല്ലെന്നാണ് പൊതുധാരണ. എന്നാൽ പാലക്കാട്, വയനാട് ജില്ലകളിൽ തൊഴിലുറപ്പുപദ്ധതി (Employment Guarantee Scheme) നടപ്പാക്കിയപ്പോൾ പേരു ചേർക്കാനെത്തിയവരുടെ തള്ളൽ ഈ ധാരണയുമായി ഒത്തുപോകുന്നതല്ല. (ഒരു വർഷം 100 ദിവസത്തെ തൊഴിൽ മാത്രമാണ് പദ്ധതി ഉറപ്പു നൽകുന്നത്.) അതുപോലെ കേരളത്തിൽ ഗ്രാമീണദാരിദ്ര്യം തീരെ കുറഞ്ഞെന്ന കേന്ദ്ര ആസൂത്രണ കമ്മിഷന്റെ നിഗമനത്തെയും സമീപനരേഖ ചോദ്യം ചെയ്യുന്നുണ്ട്. ദാരിദ്ര്യരേഖ എത്രതവണ മാറ്റിവരച്ചാലും കലോറിക്കണക്ക് എങ്ങനെയൊക്കെ മാറ്റിയെഴുതിയാലും ഗ്രാമീണദാരിദ്ര്യം സംസ്ഥാനത്ത് നീറുന്ന യാഥാർത്ഥ്യമാണെന്ന് സമീപനരേഖ തുറന്നെഴുതിയിരിക്കുന്നു. കാലാകാലങ്ങളായി നാം നേട്ടങ്ങളെന്നു കരുതിപ്പോന്ന പലതും വസ്തുതാപരമായി അത്ര വലിയ നേട്ടങ്ങളായിരുന്നില്ലെന്നു വിളിച്ചു പറയുകയാണ് സമീപനരേഖ. അതായത് വികസനത്തോട് ഇന്നുള്ള സമീപനം ഗുണപരമായി മാറും. പുതിയ സമീപനം കൂടുതൽ പ്രയോജനകരം ആവുകയും ചെയ്യും. യാഥാർത്ഥ്യബോധത്തോടെയുള്ള ഈ സമീപനമാണ് പ്രതീക്ഷയ്ക്ക് വക നൽകുന്നത്. പുതിയ സാഹചര്യങ്ങളും പുതിയ പ്രതിസന്ധികളും, പുതിയ കാഴ്ചപ്പാടുകളെയും സമീപനങ്ങളെയും അവശ്യമാക്കിത്തീർക്കുന്നുണ്ട്. ഈ വെല്ലുവിളി ഏറ്റെടുത്തുകൊണ്ടാണ് ആസൂത്രണബോർഡ് പുതിയ കരട് സമീപനരേഖ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

## പ്രത്യാശയുടെ പടവുകൾ

ദ്വിമുഖ വികസനതന്ത്രമാണ് സംസ്ഥാനത്തിന് അഭികാമ്യമെന്ന് ആസൂത്രണബോർഡ് കരുതുന്നു. ഒന്ന്, കാർഷിക രംഗത്തെ സാമ്പത്തിക തകർച്ചയിൽ നിന്ന് കരകയറ്റാനുള്ള മാർഗങ്ങളാണ്. തൊഴിലുറപ്പു പദ്ധതിയിലൂടെ എങ്ങനെ അടിയന്തര ആശ്വാസം പകരാം, കാർഷികമേഖലയെ എങ്ങനെ സ്വയംപ്രാപ്തമാക്കാം, സ്ത്രീകളെക്കൂടി ഉൾപ്പെടുത്തി കർഷക സമൂഹത്തിന് മൊത്തത്തിൽ എങ്ങനെ സംരക്ഷണവും പിൻബലവും നൽകാം, പുതിയ സംഘടനാരീതികളും സാങ്കേതികവിദ്യയും എങ്ങനെ പ്രയോജനപ്പെടുത്താം തുടങ്ങി നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതുണ്ട്. അതേസമയം, വിദ്യാസമ്പന്നരുടെയും ഗൾഫ് മടക്കക്കാരുടെയും തൊഴിലില്ലായ്മ പരിഹരിക്കുക, സാമൂഹികരംഗത്തെ തിളക്കമാർന്ന നേട്ടങ്ങൾ പരിപാലിക്കുകയും പോഷിപ്പിക്കുകയും ചെയ്യുക, ഐ.ടി-ബയോടെക്നോളജി ഉൾപ്പെടെയുള്ള ആധുനിക മേഖലകളെ

വികസിപ്പിക്കുക, ഇതിനെല്ലാമൊപ്പം പരമ്പരാഗത വ്യവസായങ്ങളെയും തൊഴിലുകളെയും പ്രായോഗികമായി പരിഷ്കരിക്കുക തുടങ്ങിയ കാര്യങ്ങളും ചെയ്യേണ്ടതുണ്ട്.

കാർഷികോത്പാദനം വർധിപ്പിച്ച് കാർഷിക സമ്പദ്ഘടന ഉടച്ചുവാർക്കുന്നതിലൂടെ വിപണി ശക്തമാവുകയും മറ്റു മേഖലകളുടെ വളർച്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്യുമെന്ന് സമീപനരേഖ പ്രത്യാശിക്കുന്നുണ്ട്. അതുപോലെ വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, ശുചിത്വം തുടങ്ങിയ സാമൂഹികരംഗങ്ങളിൽ കൂടുതൽ പണം ചെലവഴിക്കുന്നതിലൂടെ ജീവിതനിലവാരം ഉയരുകയും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാവുകയും ചെയ്യുമെന്നും കരടുരേഖ കരുതുന്നു.

ചുരുക്കത്തിൽ, പതിനൊന്നാം പദ്ധതിയിലേക്കുള്ള കരടു സമീപനത്തെ ഇങ്ങനെ പറയാം: പ്രാഥമിക-പരമ്പരാഗത-സാമൂഹിക മേഖലകളിൽ കൂടുതൽ പണം മുടക്കിയും ഉചിതമായ നയങ്ങൾ രൂപീകരിച്ചും അനുയോജ്യമായ സംഘടനകളും സമിതികളും സൃഷ്ടിച്ചും സർക്കാർ നേരിട്ട് ഇടപെടണം; വ്യവസായം, ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി തുടങ്ങിയ മേഖലകളിലും സർക്കാർ ഇടപെടണം. ഐ.ടി. ബയോടെക്നോളജി തുടങ്ങിയ തൃതീയ മേഖലയുടെ വിപണന മേഖലയിലും ഇടപെടണം. ഒപ്പം ഈ മേഖലകളിൽ സ്വകാര്യ നിക്ഷേപം ഉറപ്പുവരുത്തുന്ന സാഹചര്യം നിലനിർത്തുകയും വേണം. അങ്ങനെ കേവലമായ തൊഴിലില്ലായ്മയെ നേരിടുന്നതിനൊപ്പം അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയും പരിഹരിക്കുന്നതിനുതകുന്ന ദ്വിമുഖ സമീപനമായിരിക്കണം സർക്കാർ സ്വീകരിക്കേണ്ടത്. കേരളീയരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് കാർഷികോത്പാദനവും പരമ്പരാഗത വ്യവസായങ്ങളെയും പരിപോഷിപ്പിക്കുകയും സാമൂഹിക സേവന രംഗം സർക്കാർ നടത്തിക്കൊണ്ടുപോവുകയും വേണമെന്നാണ് സമീപനരേഖയുടെ സാരാംശം.

## പദ്ധതി അടങ്കൽ തുക

നടപ്പു സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് 35000 കോടി രൂപയാണ് 11-ാം പദ്ധതിയുടെ അടങ്കൽ തുക (34831 കോടി രൂപ). പത്താംപദ്ധതി (2001-02, 2006-07) അടങ്കൽ 24000 കോടി രൂപയായിരുന്നു. ആദ്യത്തെ നാലു വർഷം പിന്നിട്ടപ്പോൾ ചെലവാക്കാനായത് 16105.44 കോടി രൂപ മാത്രം.

ഒരു പ്രത്യേക വളർച്ചാനിരക്ക് കരടു സമീപനരേഖ നിർദേശിക്കുന്നില്ല. എന്നാൽ, പത്താം പദ്ധതിയെക്കാൾ കൂടിയ വളർച്ചാനിരക്ക് വിഭാവനം ചെയ്യുന്നുമുണ്ട്. അർത്ഥമില്ലാതെ ഒരു കണക്കു കൂട്ടുന്നതെന്തിനാണെന്ന് രേഖ ചോദിക്കുന്നു.

## കൃഷി


കൃഷിയുടെ തകർച്ചയ്ക്ക് മുഖ്യകാരണം സാമ്പത്തിക ഉദാരവത്കരണവും സ്വതന്ത്ര വാണിജ്യ കരാറുകളും സബ്സിഡി നിർത്തലാക്കിയതുമാണ്. അതിനാൽ കാർഷിക പ്രതിസന്ധി പരിഹരിക്കാൻ കഴിയുംവിധം സർക്കാർ സബ്സിഡികൾ പുനഃസ്ഥാപിക്കുകയും പിൻവാങ്ങലുകൾ തിരുത്തുകയും വേണം.

കടാശ്വാസ കമ്മിഷൻ, കാർഷിക കമ്മിഷൻ എന്നിവ രൂപീകരിക്കുകയും നെല്ലുല്പാദനം കൂട്ടുന്നതിന് താങ്ങുവില (tariff protection) ഏർപ്പെടുത്തുകയും വേണം. നെൽക്കൃഷി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കും. (ഗ്രാമീണ തൊഴിലാളികളിൽ 40% നെൽകൃഷിയുമായി ബന്ധപ്പെട്ടവരാണ്) നെൽക്കൃഷിക്ക് ഊന്നൽ നൽകുന്നതിലൂടെ കൃഷിമേഖലയിലെ റിസ്ക് ഒഴിവാക്കാനാകും. (ആത്മഹത്യ ചെയ്ത കർഷകരിൽ അധികവും മറ്റ് കൃഷിയിറക്കിയവരാണെന്ന കാര്യം ശ്രദ്ധിക്കുക).

കാർഷികോത്പന്നങ്ങളുടെ വിപണനത്തിന് സഹകരണസംഘങ്ങൾ രൂപീകരിക്കുക, കൂട്ടുകൃഷി നടപ്പാക്കുക, കൃഷി സാങ്കേതികവിദ്യ വികസിപ്പിക്കുക, ജൈവ കൃഷിക്ക് പരിഗണന നൽകുക, കൃഷിയിടങ്ങളിൽ വൈവിധ്യവത്കരണം നടപ്പാക്കുക



ഒരു പ്രത്യേക വളർച്ചാനിരക്ക് വിവക്ഷിക്കുന്നില്ല. എന്നാൽ പത്താം പദ്ധതിയെക്കാൾ കൂടിയ വളർച്ച വിഭാവനം ചെയ്യുന്നുണ്ട്.



തുടങ്ങിയ നിർദേശങ്ങളുമുണ്ട്.

## വിദ്യാഭ്യാസം

നമ്മുടെ ധാരണയ്ക്ക് വിരുദ്ധമായി, 25 ലക്ഷം നിരക്ഷരർ കേരളത്തിലുണ്ട്. അതിനാൽ പ്രാഥമിക വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഉത്തരവാദിത്തം നൽകണം.

വിദ്യാസമ്പന്നരായ തൊഴിൽരഹിതർക്ക് പരിശീലനം നൽകാൻ സ്ഥാപനങ്ങൾ തുടങ്ങുകയോ ഉള്ളവയെ പ്രാപ്തമാക്കുകയോ ചെയ്യണം. വിദേശങ്ങളിലെ ആവശ്യം കൂടി കണക്കിലെടുത്തുള്ള പരിശീലനം നൽകണം.

## ആരോഗ്യരംഗം

ആരോഗ്യമേഖലയിൽ സർക്കാർ പണം മുടക്കുന്നതിന് പകരം വേറൊന്നില്ല. ഇതിനുള്ള പണം സ്വകാര്യ ആശുപത്രികൾക്ക് നികുതി ചുമത്തി കണ്ടെത്താവുന്നതാണ്. സാധാരണക്കാർക്ക് സ്വകാര്യ ചികിത്സയ്ക്ക് സർക്കാർ വൗച്ചർ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യാം.

## ടൂറിസം

പരിരക്ഷിതമായ ടൂറിസം (Sustainable Tourism)- അതായിരിക്കണം ലക്ഷ്യം. ജോലി ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കണം. ഹെൽത്ത് ടൂറിസം, ഇക്കോ ടൂറിസം തുടങ്ങി കൂടുതൽ സ്വീകാര്യമായ ടൂറിസത്തിന് പ്രാധാന്യം കൊടുക്കണം. ശ്രീലങ്കയിലേക്കുള്ള ടൂറിസ്റ്റുകളുടെ വരവ് കുറഞ്ഞത് കേരളം പ്രയോജനപ്പെടുത്തണം. ഇടത്തരക്കാരായ മലയാളികളെയും ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ആകർഷിക്കണം.

## വ്യവസായം, ഐ.ടി, സ്ഥലോപയോഗം

ചില വ്യവസായങ്ങൾ സർക്കാർ നേരിട്ട് നടത്തണം. അടിസ്ഥാനസൗകര്യങ്ങളും വ്യാവസായികാന്തരീക്ഷവും ഒരുക്കി സ്വകാര്യനിക്ഷേപങ്ങൾക്കും ആരോഗ്യകരമായ മത്സരത്തിന് വഴിയൊരുക്കണം. സമ്പന്നമായ ജൈവവൈവിധ്യം കണക്കിലെടുത്ത് ബയോടെക്നോളജി മേഖലയിലും ഇത് ചെയ്യണം. പ്രത്യേക സാമ്പത്തിക മേഖലകൾ തുറക്കണം. ജനസംഖ്യയും ഭൂമിയുമായുള്ള അനുപാതം ഇന്ത്യയിൽ ഏറ്റവും കുറവുള്ള കേരളത്തിൽ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടാക്കണം. ഉത്പാദനമേഖലയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കാം, ഊഹക്കച്ചവടത്തിന് പാടില്ല. കൃഷിഭൂമി ഏറ്റെടുക്കുമ്പോൾ മതിയായ പ്രതിഫലം നൽകുന്നതോടൊപ്പം കർഷകർക്ക് ആ പദ്ധതിയിൽ ജോലിയും നൽകണം.

അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് വിദേശമലയാളികളുടെ വിവിധ പദ്ധതികൾ സ്വകാര്യ-സംയുക്ത മേഖലകളിൽ തുടങ്ങാവുന്നതാണ്. ഊർജമേഖലയിൽ ചെറുജലപദ്ധതികളുടെയും ജൈവാവശിഷ്ടപദ്ധതികളുടെയും സാധ്യതകൾ ഉപയോഗിക്കാം. അതുപോലെ എക്കാലവും ഖജനാവിന് ബാധ്യതയായ പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നിന്റെയും പ്രത്യേക

തകൾ കണക്കിലെടുത്ത് നവീകരിക്കണം. ഇതിനായി പാക്കേജുകൾ തയ്യാറാക്കണം. വൻകിട വ്യവസായങ്ങളുടെ പോഷക ഘടകങ്ങളെന്ന നിലയിൽ ഗ്രാമങ്ങളിൽ പാരമ്പര്യേതര വ്യവസായ ശൃംഖലകൾ തുടങ്ങുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ മുൻകൈ എടുക്കണം. ഉത്പന്നങ്ങൾക്ക് വിപണിയും തയ്യാറാക്കണം. അതുപോലെ സ്വയം തൊഴിൽമേഖലയെ പ്രോത്സാഹിപ്പിക്കണം.



## പരമ്പരാഗത മേഖല

കയർ, കശുവണ്ടി, കൈത്തറി, ബീഡി വ്യവസായങ്ങളുടെയും തൊഴിലാളികളുടെയും സ്ഥിതി ശോചനീയമാണ്. കേന്ദ്രസർക്കാർ വിഭാവനം ചെയ്യുന്ന 'കൂട്ട'ങ്ങൾ ഈ മേഖലയ്ക്ക് ഗുണത്തെക്കാളേറെ ദോഷമായിരിക്കും വരുത്തുക. സാങ്കേതിക നിലവാരം ഉയർത്തുന്നതിനും മറ്റും സംസ്ഥാന സർക്കാർ അതത് മേഖലകളിലുള്ള സഹകരണ സംഘങ്ങൾക്ക് സഹായം നൽകുകയാണ് വേണ്ടത്. ഉത്പാദകരുടെ ചെലവിൽ ഇടനിലക്കാരും സംഘങ്ങൾ തന്നെയും ലാഭം കൊയ്യുന്നത് തടയാൻ നയപരമായ നടപടികൾ സ്വീകരിക്കണം. മത്സ്യക്കൃഷി വികസനപദ്ധതി നടപ്പാക്കി മത്സ്യോത്പാദനം വർദ്ധിപ്പിക്കുകയും മത്സ്യബന്ധനബോട്ടുകളുടെ ഉടമസ്ഥത മത്സ്യത്തൊഴിലാളികൾക്കു മാത്രം എന്ന നിലപാട് സ്വീകരിക്കുകയും വേണം. ആഴക്കടൽമത്സ്യബന്ധനത്തിന്റെ അവസരങ്ങൾ പ്രയോജനപ്പെടുത്തണം.



## ആസൂത്രണ വികേന്ദ്രീകരണം

പദ്ധതി അടങ്കൽത്തുകയുടെ വർധനവിന് ആനുപാതികമായി തദ്ദേ ഭരണസ്ഥാപനങ്ങൾക്കുള്ള വിഹിതവും ഉയർത്തേണ്ടതുണ്ട്. അധികാര വികേന്ദ്രീകരണം കൂടുതൽ അർത്ഥവത്താക്കുന്നതിന് ആസൂത്രണം താഴെത്തട്ടിൽത്തന്നെ ഭാവനാപൂർണമായി നടക്കണം. ഇന്നത്തെ രീതിയിൽ മുകളിൽ നിന്നുള്ള പദ്ധതിവിഭാവനം മതിയാവുകയില്ല. ഭരണതലത്തിൽ തദ്ദേശസ്ഥാപനങ്ങളുടെയും അവയ്ക്ക് കൈമാറിയ സ്ഥാപനങ്ങളുടെയും സംയോജനം നടക്കണം.

## പതിതരും പരിത്യക്തരും



സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് കുടുംബശ്രീ മാതൃകയിൽ വിദ്യാസമ്പന്നരായ സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ്. ലിംഗവിവേചനം അവസാനിപ്പിക്കുന്നതിന് നയങ്ങളും പരിപാടികളും ആസൂത്രണം ചെയ്യാം. ജനകീയാസൂത്രണപദ്ധതിയിൽ സ്ത്രീകൾക്കും പട്ടികജാതിക്കാർക്കും പട്ടിക വർഗക്കാർക്കും വിഭാവനം ചെയ്ത പ്രത്യേക പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കണം. അതേ സമയം, ജോലിശേഷി കൂട്ടുന്നതിന് രാജ്യത്ത് അനുവർത്തിക്കുന്ന Piece work സമ്പ്രദായം കേരളത്തിൽ നടപ്പാക്കുന്നത് കരുതലോടെ വേണം. കാരണം, കുറഞ്ഞ കൂലിയെക്കാൾ കുറഞ്ഞ കൂലിയേ അതുവഴി തൊഴിലാളിക്ക് ലഭിക്കുകയുള്ളു. ■



ഡോ. ആർ. ഭദ്രൻ

**ക്രൈസ്തവ – ഹൈന്ദവ കല്പനകളെ കൂട്ടിയിണക്കിയാണ് 'മഗ്ദലനമറിയം' രചിച്ചതെങ്കിലും അതിനെക്കാൾ സ്പഷ്ടമാവുന്നത് സാമൂഹികമായ ചലനങ്ങൾക്ക് വേണ്ടി ആഗ്രഹിച്ച കവിയുടെ ബഹളമയമായ മനസ്സാണെന്ന് ലേഖകൻ വാദിക്കുന്നു.**

കേരളത്തിൽ ഏറെ ഒച്ചപ്പാടുകൾ സൃഷ്ടിച്ചു കടന്നുപോയ ഒരു പുസ്തകമാണ് 'മഗ്ദലനമറിയം'. അത് പ്രസിദ്ധീകരിക്കപ്പെട്ട കാലത്തു തന്നെ വ്യാപകമായും സമഗ്രമായും ചർച്ച ചെയ്യപ്പെടുകയുണ്ടായി. ('മഗ്ദലനമറിയ'ത്തിലെ നായിക തന്നെ ഒരു വലിയ ആശയക്കുഴപ്പത്തിലാണെന്ന തരത്തിലുള്ള ചിന്തകളും കേരളത്തിൽ ഒരു കാലത്ത് സജീവമായിരുന്നു. 'മഗ്ദലനമറിയം എന്ന മഹാസമസ്യ'*1 -എം. ഗോവിന്ദന്റെ ലേഖനം കാണുക). പല വിശേഷതകളോടു കൂടിയ കാവ്യവുമാണിത്. ഒരു ഹൈന്ദവകവിയിലൂടെ ക്രിസ്തു മലയാള സാഹിത്യത്തിലേയ്ക്ക് കടന്നുവന്നുവെന്ന കൗതുകമാണ് അതിലാദ്യത്തേത്. ബൈബിളിലെ ലൂക്കോസ് 7-ാം അധ്യായം 37 മുതൽ 50 വരെയുള്ള വാക്യങ്ങൾക്ക് കാവ്യരൂപം കൊടുത്തപ്പോഴാണ് 'മഗ്ദലനമറിയം' സംജാതമായത്. ഹിന്ദുവായ കവി ബൈബിളിലെ പ്രമേയം ആസ്പദമാക്കി ഒരു ഖണ്ഡകൃതിക്ക് രൂപം കൊടുത്തതിനെ പല ചിന്തകന്മാരും വാഴ്ത്തിയിട്ടുണ്ട്. മാർക്സിസ്റ്റ് കലാചിന്തകനായ പി. ഗോവിന്ദപ്പിള്ളയുടെ വാക്കുകൾ വായിക്കുക: "ഗാന്ധിജിയെപ്പോലെ തന്നെ വള്ളത്തോളും ആത്മനിഷ്ഠമായി ആത്മാർത്ഥതയുള്ള വർഗീയതാവിരുദ്ധനായിരുന്നു. തന്റെ ഹൈന്ദവ പുരാണ പുനരാഖ്യാനങ്ങൾക്കൊപ്പം 'മഗ്ദലനമറിയം' പോലെ ഹൈന്ദവേതരകഥകളും കാവ്യവിഷയമാക്കാൻ അദ്ദേഹം ശ്രമിച്ചു. ഒരു മഹത് സന്ദേശം മാനവർക്ക് പകർന്നുകൊടുക്കുകയാണ് കൃതിയുടെ പ്രകടമായ ലക്ഷ്യം. മഗ്ദലനമറിയം പാപനിഷ്ഠമായ ജീവിതത്തിൽ നിന്ന് പശ്ചാത്താപത്തിലൂടെ പുണ്യവതിയായിത്തീരുന്നതാണ് ഖണ്ഡകാവ്യത്തിന്റെ വിഷയം. പാപിയായ മനുഷ്യൻ പാപം തിരിച്ചറിയുകയും പശ്ചാത്താപത്തിലൂടെ പാപമുക്തി നേടുകയും വേണം". ഒരർത്ഥത്തിൽ 'പശ്ചാത്താപമേ പ്രായശ്ചിത്തം' എന്ന ബൈബിൾചിന്ത ഖണ്ഡകാവ്യരൂപമായിത്തീരുകയാണ് 'മഗ്ദലനമറിയ'ത്തിൽ".

ശുഭദർശനത്തിന്റെ നിലാവ് പരന്നിട്ടുള്ള ഹൃദയമായിരുന്നു വള്ളത്തോളിനുണ്ടായിരുന്നത്. അതുകൊണ്ടാണ് അദ്ദേഹം തന്റെ കാവ്യങ്ങളിലൂടെ മഹത്തായ ധർമബോധം പ്രസരിപ്പിക്കുന്നത്. അതിനാൽത്തന്നെയാണ് വ്യാപകമായി സുഖാന്തങ്ങളായ ഖണ്ഡകൃതികൾക്ക് വള്ളത്തോൾ ജന്മം നല്കിയതും. 'മഗ്ദലനമറിയ'ത്തിലും ധർമചിന്താമനസ്കനായി പ്രത്യക്ഷപ്പെടുകയാണ് കവി. യേശുദേവൻ, മറിയം, ശീമോൻ എന്നീ കഥാപാത്രങ്ങളിലൂടെ നാടകീയമായി അത്തരത്തിൽ സൃഷ്ടി നിറവേറ്റുവാൻ കവി ശ്രമിക്കുന്നു. 'മഗ്ദലനമറിയ'ത്തെ സമകാലകാവ്യാന്തരീക്ഷത്തിൽ പ്രസക്തമാക്കുന്ന ഒരു വിശേഷഘടകം കൂടിയുണ്ട്. കവി ബൈബിളിൽ നിന്നും പ്രമേയം സ്വീകരിക്കുകയും യേശുവിനെ കഥാപാത്രമാക്കുകയും ചെയ്തപ്പോൾ ബൈബിളിന്റെ പരിശുദ്ധമായ

# മഗ്ദലനമറിയം
# ഒരു പുനർവായന

അന്തരീക്ഷം കളങ്കപ്പെടുത്തുവാനോ യേശുവിനെക്കുറിച്ചുള്ള സങ്കല്പങ്ങൾക്ക് ഭംഗം വരുത്തുവാനോ ശ്രമിച്ചില്ല. കൃതിയിൽ യേശുവിന്റെ ഐതിഹാസികവ്യക്തിത്വത്തിന് ഉടവു സംഭവിച്ചിട്ടില്ലെന്നർത്ഥം. ഇവിടെ വള്ളത്തോളിന്റെ കാവ്യലക്ഷ്യം അതിന് സഹായകമായിരുന്നു എന്ന അനുകൂലഘടകം കൂടിയുണ്ടായിരുന്നു. സാഹിത്യരചനകളിലൂടെ ക്രിസ്തുവിന്റെ ഐതിഹാസികതയെ മലിനപ്പെടുത്തുന്ന വർത്തമാനകാലവിപര്യയത്തിൽ ഇത് അപ്രസക്തവുമല്ല. ഇവിടെ അവതാരികാകാരനായ ചിത്രമെഴുത്ത് കെ.എം. വർഗീസിനെ നാം പിന്തുടരണം.*2 "എന്നാൽ പ്രസ്തുത കൃതിയാകട്ടെ ക്രിസ്തുമത തത്ത്വങ്ങൾക്കും തദനുരൂപങ്ങളായ ആശയങ്ങൾക്കും മൂലകഥയിലെ വിവക്ഷിതാർത്ഥങ്ങൾക്കും ലേശവും ഹാനി സംഭവിക്കാതെ നിർവഹിക്കപ്പെട്ടിരുന്ന ഒന്നായതിനാൽ പദ്യസാഹിത്യവിഷയത്തിൽ ശ്രമിക്കുന്ന നസ്രാണിയുവകവികൾക്ക് ഒരു മാർഗോപദേഷ്ടാവായി പരിണമിച്ചിട്ടുണ്ട്". ഇപ്രകാരം എഴുതുവാൻ മാതൃകയായി ഈ രചനയെ കെ.എം. വർഗീസ് നസ്രാണിയുവാക്കൾക്ക് ഉദാഹരിച്ചു കൊടുക്കുകയാണ്.

ഒരു ശുഭാന്തരചനയുടെ ഉപരിതലത്തിൽ മാത്രം ജീവിതം തേടുന്ന ഖണ്ഡകൃതിയാണ് 'മഗ്ദലനമറിയം'. മലയാളപദങ്ങളുടെ ശബ്ദസൗന്ദര്യത്തെ നന്നായി പ്രയോജനപ്പെടുത്തുന്ന കവിയാണ് വള്ളത്തോൾ. പലരും പറഞ്ഞിട്ടുള്ള നാടകീയസൗഭാഗ്യങ്ങളും കൃതിയിലുണ്ട്. ശുഭാന്തരചനയുടെ സങ്കല്പത്തിൽ ഒരട്ടിമറി സൃഷ്ടിച്ചുകൊണ്ട് അതിനനുസൃതമായ ദാർശനികപ്രപഞ്ചത്തിലേക്ക് കൃതിയെ ഉന്നമനപ്പെടുത്തുവാൻ കവി ഒരുമ്പെടുന്നുമില്ല. 'സാഹിത്യവിചാര'ത്തിൽ എം.പി.പോൾ, ആഴമില്ലെങ്കിലും സ്വച്ഛവും രസനിഷ്യന്ദിയും നിർമലവുമായ മുശിരി സുബ്രഹ്മണ്യയ്യരുടെ സംഗീതത്തോട് വള്ളത്തോളിന്റെ ശൈലിയെ താരതമ്യപ്പെടുത്തിയത് വള്ളത്തോൾക്കാവ്യനിരൂപണത്തിലെ നല്ല ഒരു സംഭവമായി നാം മനസ്സിലാക്കണം.*3 "മുശിരി സുബ്രഹ്മണ്യയ്യരുടെ സംഗീതം സ്വച്ഛവും രസനിഷ്യന്ദിയുമായ ഒരു 'ഡക്കുവേല'യാണ്. ഒരേ ഭാവമേ അതിൽ സ്ഫുരിക്കുന്നുള്ളു: നിറഞ്ഞ ഭക്തി. രാഗാലാപം ചെവി കുളിർപ്പിക്കുന്നതും മനം മയക്കുന്നതുമാണ്. വള്ളത്തോളിന്റെ ശൈലിയിലെന്നപോലെ ഏതു ഭാവവും അതിൽ ലയിക്കും. ആഴമില്ലെങ്കിലും അത് നിർമലമാണ്. അതു നമ്മെ ചിന്തിപ്പിക്കുകയില്ല; നമ്മുടെ മനസ്സിനെ ഉണർത്തുകയുമില്ല; എന്നാലും അതിന്റെ അനുരണനം ഒരു ഭാവവിശേഷത്തിന്റെ പ്രതീതി നമ്മിൽ ഉളവാക്കി ആനന്ദനിർവൃതിയിൽ നമ്മെ ലയിപ്പിക്കുന്നു". ഇത് വള്ളത്തോളിന്റെ ഖണ്ഡകാവ്യനിർമിതിയുടെ പൊതുസ്വഭാവമായി നാം മനസ്സിലാക്കണം. അതുകൊണ്ടാണ് വായനാനന്തരവും കൃതി ചിന്താപരമായും വികാരപരമായും ദാർശനികമായും നമ്മെ അലട്ടാതിരിക്കുന്നത്. കൃതിക്ക് പൂർണവിരാമം



**വള്ളത്തോൾ നാരായണ മേനോൻ**

വീഴുന്നിടത്ത് വായനക്കാരന്റെ ആസ്വാദനത്തിനും ചിന്തയ്ക്കും തിരശ്ശീല വീഴുന്നു. ഇത് ചൂണ്ടിക്കാണിക്കപ്പെടേണ്ട നിർണായകമായ പരിമിതി തന്നെയാണ്. വായനക്കാരനോട് അനന്തമായി സംസാരിച്ചുകൊണ്ടിരിക്കുകയോ വായനക്കാരനെ ഗംഭീരമായ മൗനത്തിലാഴ്ത്തുകയോ ചെയ്യുക ഉദാത്തരചനകളാണ്. കാലത്തെ അമ്പരപ്പിക്കുമ്പോഴോ കാലം സൃഷ്ടിക്കുന്ന അടിമത്തത്തെ ലംഘിക്കുമ്പോഴോ വിപ്ലവാത്മകങ്ങളായ കലാസൃഷ്ടികൾ ഉണ്ടാകുന്നു. അപ്പോഴാണ് കൃതികൾ ആത്മീയമോ അതിന് സമാനമോ ആയ മൂല്യം ആർജിക്കുന്നത്. കവിത്രയത്തിൽ കരുണ, സീത, വീണപൂവ്, നളിനി തുടങ്ങിയ കാവ്യങ്ങളിലൂടെ ആശാൻ ഇത്തരത്തിലുള്ള ലംഘനം നടത്തുന്നത് കാണാം. ആശാൻ വിശേഷവ്യക്തിത്വത്തോടുകൂടി മലയാള കാവ്യഭാസ്സിൽ ഉയർന്നു നിൽക്കുന്നത് അതുകൊണ്ടാണ്. വേശ്യയുടെ മനഃപരിവർത്തനം എന്ന വിഷയസമാനതയുള്ള 'കരുണ'യും 'മഗ്ദലനമറിയ'വും ചേർത്തുവച്ച് പരിശോധിക്കുമ്പോഴാണ് ആശാന്റെ കലയുടെ ചലനാത്മകതയും ദാർശനികതയും വള്ളത്തോൾ അഭിമുഖീകരിക്കുന്ന കലാപരമായ അടിമത്തവും നിശ്ചലതയും നമുക്ക് ബോധ്യമാവുക.

ഇനി കാവ്യത്തിന്റെ മറ്റൊരു വിശേഷത പരിശോധിക്കുന്നു. ബൈബിളിൽ നിന്നും പ്രമേയം സ്വീകരിച്ച കവി കാവ്യത്തിൽ ധാരാളം ഹൈന്ദവകല്പനകൾ സ്വീകരിച്ചിട്ടുണ്ട്. കാവ്യം ഇറങ്ങിയ കാലത്തുതന്നെ ഇത് രൂക്ഷമായി നിരൂപണവിധേയമായിട്ടുണ്ട്. പ്രസ്തുത കല്പനകൾ ഇവിടെ ക്രമമായി അടുക്കുന്നു. കാവ്യത്തിന്റെ ഒന്നാം ഭാഗത്തിൽ യേശുദേവൻ അമീത്തിന് (ഭക്ഷണത്തിന്) ഇരിക്കുന്ന രംഗം.

ചമ്പക കങ്കേളി കുന്ദാദി പുഷ്പങ്ങ-
ളെമ്പാടും ചിന്നിയ വന്യഭൂവിൽ
അമ്പാടി തന്നിലെച്ചങ്ങാതിമാരൊന്നി-
ച്ചൻപാളും ഗോവിന്ദനെന്നപോലെ
വൻതപംചെയ്തു ഹിമാലയസാനുവി-
ലന്തകസൂദനസ്വാമി പോലെ
തത്ര ഭവാന്റെ തഴച്ച കാർകൂന്തലും
വക്ത്രപ്പൊയ്ത്താരിലെ വണ്ടിൻ ചാർത്തും
തെല്ലൊന്നുലഞ്ഞു വിളങ്ങി; കാളിന്ദിയിൽ
മെല്ലെത്തുളുമ്പുന്നോരോളം പോലെ

ഇങ്ങനെയുള്ള കല്പനകളുടെ രൂപീകരണത്തിൽ ഹൈന്ദവ-ക്രൈസ്തവ സൗഹാർദം എന്ന മഹത്തായ ആശയം കവിയെ പ്രചോദിപ്പിച്ചിട്ടുണ്ടാകാം. കാവ്യത്തിൽ ഹൈന്ദവ-ക്രൈസ്തവ കല്പനകളെ കൂട്ടിയോജിപ്പിച്ച് മതസൗഹാർദത്തിന്റെ നാദം ഉണർത്തുവാനുള്ള കവിശ്രമം നിഷ്കളങ്കരായ പല മലയാളവായനക്കാരെയും വളരെ പ്രചോദിപ്പിച്ചിട്ടുണ്ട്. കാവ്യത്തെ സാമൂഹികപ്രതിബദ്ധമാക്കുവാനുള്ള ചെപ്പടിവിദ്യയായി കവി ഇതിനെ കാണുന്നുണ്ടാവും. മതപരമായ വൈരം വളർന്നു കൊണ്ടിരിക്കുന്ന കാലയളവിൽ കലയെ സംരക്ഷിച്ചുനിർത്തുന്ന സൃഷ്ടികൾക്ക് എന്നും ജീവിതമുണ്ട്. അതിന് കലയുടെ വിശുദ്ധതലമില്ല എങ്കിൽ അത് കാവ്യബാഹ്യമായ നേട്ടം മാത്രമായി വരുംകാല നിരൂപണം തിര

# ക്ഷേമക്കാഴ്ചകൾ

## കൊല്ലം ജില്ലയിൽ കഴിഞ്ഞ നാളുകളിൽ നടന്ന വികസന ക്ഷേമപ്രവർത്തനങ്ങളുടെ ചില ദൃശ്യങ്ങൾ




അഴീക്കലിൽ സുനാമി പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി 300 വീടുകളുടെ സമർപ്പണം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിക്കുന്നു.



ആലപ്പാട്ട് സുനാമി സ്മൃതിമണ്ഡപത്തിൽ മന്ത്രിമാരായ കെ.പി. രാജേന്ദ്രൻ, സി. ദിവാകരൻ എന്നിവർ പുഷ്പചക്രം അർപ്പിക്കുന്നു.



പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം കടയ്ക്കലിൽ മന്ത്രി കെ.പി. രാജേന്ദ്രൻ നിർവഹിക്കുന്നു.



മന്ത്രിമാരായ കെ.പി. രാജേന്ദ്രൻ, സി. ദിവാകരൻ എന്നിവർ ആലപ്പാട്ട് സുനാമി പുനരധിവാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പരാതികൾ സ്വീകരിക്കുന്നു.

ജില്ലാ വികസന രൂപരേഖാ ശില്പശാല മന്ത്രി പി.കെ. ഗുരുദാസൻ ഉദ്ഘാടനം ചെയ്യുന്നു.



പി.എച്ച്.സി. ഉപകേന്ദ്രം അങ്കണവാടി മന്ദിരങ്ങളുടെ ഉദ്ഘാടനം കേരളപുരത്ത് മന്ത്രി പി.കെ. ശ്രീമതി ടീച്ചർ നിർവഹിക്കുന്നു.





ചവറയിൽ അടഞ്ഞുകിടക്കുന്ന പ്രിമോ പൈപ്പ് ഫാക്ടറി മന്ത്രിമാരായ തോമസ് ഐസക്, എൻ.കെ. പ്രേമചന്ദ്രൻ എന്നിവർ സന്ദർശിക്കുന്നു.



കൊല്ലത്ത് കയർ തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണോദ്ഘാടനം മന്ത്രി പി.കെ. ഗുരുദാസൻ നിർവഹിക്കുന്നു. മന്ത്രി കെ. സുധാകരൻ സമീപം.



മൺറോതുരുത്തിൽ കയർ തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണോദ്ഘാടനം മന്ത്രി എം.എ. ബേബി നിർവഹിക്കുന്നു.



ചവറയിൽ കയർ തൊഴിലാളി പെൻഷൻ കുടിശ്ശിക വിതരണോദ്ഘാടനം മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ നിർവഹിക്കുന്നു.



കുരീപ്പുഴയിൽ ചങ്ങാടം സർവീസിന്റെ ഉദ്ഘാടനം മന്ത്രി എം.എ. ബേബി നിർവഹിക്കുന്നു.



അഗ്രി@സ്കൂൾ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കടയ്ക്കലിൽ മന്ത്രി മുല്ലക്കര രത്നാകരൻ നിർവഹിക്കുന്നു.

ജില്ലാതല സ്കൂൾ പ്രവേശനോത്സവം കരുനാഗപ്പള്ളിയിൽ മന്ത്രി സി. ദിവാകരൻ ഉദ്ഘാടനം ചെയ്യുന്നു.




കൊല്ലത്ത് സുനാമി പുനരധിവാസ അവലോകനയോഗത്തിൽ മന്ത്രി എസ്. ശർമ പ്രസംഗിക്കുന്നു.



സ്കരിക്കും. കലാതലത്തിലും സാമൂഹിക പ്രതിബദ്ധതയുടെ തലത്തിലും ഒരുപോലെ സംഭവിക്കുന്ന വലിയ പതനമായിരിക്കുമത്. ബഹുതലങ്ങളിലേക്ക് ധ്വനിച്ചുകൊണ്ടു നിൽക്കുന്ന കലാസൃഷ്ടികൾക്ക് ജന്മം നല്കുക സാഹിത്യകാരനെ സംബന്ധിച്ചിടത്തോളം കടുത്ത വെല്ലുവിളിയാണ്. മഹാസാഹിത്യകാരന് പോലും കൃച്ഛ്റസാധ്യവുമാണിത്.

ഹൈന്ദവ-ക്രൈസ്തവ പരികല്പനകളുടെ സമന്വയത്തെ സാധൂകരിച്ചുകൊണ്ടുള്ള അഭിപ്രായങ്ങളുടെ വെള്ളപ്പൊക്കങ്ങൾതന്നെ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ ന്യായീകരണത്തിന് പ്രാർത്ഥനയുടെ വിശുദ്ധിയും ചിന്തയുടെ അഗാധത്വവും കിട്ടിയത് കെ.പി.അപ്പന്റെ ഒരു പുതിയ നിരീക്ഷണത്തിലാണ്.*4 "അബോധപരമായ ഏതോ തിരിച്ചറിവിന്റെ ലഹരിയിൽ വിഭാഗീയതയ്ക്കപ്പുറത്തേക്ക് പോയി തന്റെ വിഷ്ണുഭക്തിയെ ക്രിസ്തുവിലേക്ക് വ്യാപിപ്പിക്കുകയാണ് വള്ളത്തോൾ ചെയ്തത്. ഭക്തിയുടെ വചനത്താൽ ജനിപ്പിക്കപ്പെട്ട ഈ കല്പന വള്ളത്തോളിന് കിട്ടിയ വെളിച്ചത്തിന്റെ കവചമായിരുന്നു. അത് ബുദ്ധിയുള്ള ആരാധനയുടെ അടയാളവുമാണ്". ഒരഭിമുഖ സംഭാഷണത്തിലും മഗ്ദലനമറിയത്തിലെ ഈ പ്രവണതയെ കെ. പി.അപ്പൻ ന്യായീകരിച്ചിട്ടുണ്ട്.*5 'കുറഞ്ഞതരം മതവികാരങ്ങളുടെ അപ്പുറത്ത് നിന്നുകൊണ്ടാണ് വള്ളത്തോൾ ആ കൃതി രചിച്ചത്. ആ വലുപ്പം നാം കാണുകയും മനസ്സിലാക്കുകയും വേണം. മഗ്ദലനമറിയത്തിന്റെ രചനയിൽ കലാപരമായ പ്രതിസന്ധിയൊന്നുമില്ല. ഒഴുകുന്ന ഗംഗയുടെ ആനന്ദത്തിലാണ് അദ്ദേഹം ആ കാവ്യം എഴുതിയത്'. സത്യത്തിൽ ഈ ചിന്തയ്ക്ക് മുണ്ടശ്ശേരിയുടെ നിരീക്ഷണങ്ങളിൽ നിന്നും വലിയ അകലവുമില്ല-നോക്കുക.*6 "സാഹിത്യത്തെയും മതത്തിന്റെ കണ്ണട വച്ചു നോക്കി വിലയിരുത്തുവാൻ നിർബന്ധിക്കപ്പെട്ട ചുരുക്കം ചില കൃപണബുദ്ധികൾ ക്രിസ്തുവിനെ കൃഷ്ണനോടും ശിവനോടും ഉപമിച്ചു കളഞ്ഞത് വല്ലാത്തൊരു തെറ്റായിപ്പോയെന്ന് പരാതിപ്പെട്ടിട്ടുണ്ട്. ആ പരാതി അല്പകാലത്തേക്ക് ഒരു വിവാദത്തിന് ഇടയാക്കിയിട്ടുണ്ട്. കവിപക്ഷത്തു നിന്ന് നോക്കിയാൽ ആ വിവാദം അനവിഹിതമായെന്നേ തോന്നൂ. ക്രിസ്തുദേവനെ ഈശ്വരപദവിയിൽ നിന്നിറക്കിക്കെട്ടാൻ ഉദ്ദേശിക്കപ്പെട്ടവയല്ലല്ലോ ഈ ഉപമകൾ. വാസ്തവത്തിൽ ആ സാമോക്തികൾ മഗ്ദലനമറിയത്തിന്റെ കഥയെ ഹിന്ദുക്കൾക്കിടയിലും പ്രചാരപ്പെടുത്തുവാൻ ഉപകരിച്ചിട്ടേയുള്ളൂ". മഗ്ദലനമറിയത്തിന്റെ അവതാരികാകാരനായ ചിത്രമെഴുത്ത് കെ.എം. വർഗീസ് കൃതിയിലെ ഹൈന്ദവ-ക്രൈസ്തവ കല്പനകളുടെ സമന്വയം ചിന്തോദ്ദീപകവും അർത്ഥദ്യോതകവുമായ ഒരു മൗനം കൊണ്ടാണ് പാരായണം ചെയ്യുന്നത്. മഗ്ദലനമറിയം മേനോനവർകളുടെ ഒരു പുതിയ മിഷനറിവേലയാണെന്ന അദ്ദേഹത്തിന്റെ കൗതുകകരമായ നിരീക്ഷണത്തെ നാം ഉള്ളിൽ പോയി വായിച്ചു പഠിക്കേണ്ടതുമാണ്.

ക്രിസ്തുമതസംസ്കാരത്തിൽത്തന്നെ മഗ്ദലനമറിയം പൂർണമായി നിർമിച്ചിരുന്നുവെങ്കിൽ കൃതിക്ക് കുറെക്കൂടി ഭാവപൂർണിമ സംലഭ്യമാകുമായിരുന്നു. ഇവ്വണ്ണമുള്ള നിർമാണരീതി അദ്ദേഹം കാവ്യത്തിൽ പരീക്ഷിച്ചിട്ടുമുണ്ട്.

സ്വാദുക്കളാകിയ ഭോജ്യങ്ങളോരോന്നും  
സാധുക്കൾ പാചകന്മാർ വിളമ്പി,  
പച്ചവെള്ളത്തിനെ മുന്തിരിച്ചാറാക്കി  
വെച്ചു ഭഗവാനു ഭക്ഷിപ്പാനായി  
അല്ലൽപ്പെരുങ്കടൽകല്ലോലമാലയിൽ  
തെല്ലല്ലലഞ്ഞു കുഴങ്ങുന്നു ഞാൻ  
ഏഴയാമെന്നെക്കരേറ്റുവാൻ മറ്റാരു-  
ണ്ടാഴിക്കുമീതെ നടന്നവനേ?  
ഏതൻതടത്തിലെ മുക്കവർ യേശുവാം  
നേതാവു നൽകിയ നേർവലയാൽ  
ആടൽപ്പെടുത്താതെ പുണ്യമത്സ്യങ്ങളെ-  
തേടിപ്പിടിപ്പവരായ്ച്ചമഞ്ഞു,  
അഗ്ഗലേലക്കടൽ പാപിനീമുക്തിക-  
ണ്ടഗ്ര്യപ്പെരുംപറ കൊട്ടിയാർത്തു!

കൃഷ്ണനോടും ശിവനോടും മറ്റുമായി സാദൃശ്യപ്പെടുത്തിയതിനേക്കാൾ വിശ്വാസ്യതയും ഔചിത്യ സൗന്ദര്യവും ഈ വർണനകളാർജിച്ചിട്ടുണ്ട്. വള്ളത്തോളിന് ഇങ്ങനെയുള്ള കാവ്യരചനാതന്ത്രത്തെക്കുറിച്ചും ബോധം ഉണ്ടായിരുന്നുവെന്നതിന്റെ തെളിവ് കൂടിയാണിത്. ഇങ്ങനെ കാവ്യവിഷയസംസ്കാരത്തിൽ നിന്ന് സ്വാഭാവികവികാസത്തിലേക്ക് വളർന്നിരുന്നുവെങ്കിൽ കൃതി പുനഃസൃഷ്ടിയുടെ കൃത്യമായ പാഠമായിത്തീരുമായിരുന്നു.

സാമൂഹികമായ ചലനങ്ങൾക്ക് വേണ്ടി ആഗ്രഹം പുലർത്തിയിരുന്ന ബഹളമയമായ മനസ്സാണ് വള്ളത്തോൾ വളർത്തിയെടുത്തിരുന്നത്. അതിന്റെ സൗന്ദര്യത്തിന് നിരക്കാത്ത തള്ളിക്കയറ്റം അദ്ദേഹത്തിന്റെ കാവ്യജീവിതത്തിൽ ചിലയിടത്തെങ്കിലും കറുത്ത നിഴൽ പടർത്തിയിട്ടുണ്ട്. അതിന് വള്ളത്തോളിന്റെ കാവ്യസഞ്ചയത്തിൽ നിന്ന് എടുത്തുദ്ധരിക്കാവുന്ന നല്ലൊരുദാഹരണമാണ് 'മഗ്ദലനമറിയം'. ഈ ഖണ്ഡകൃതിയിൽ ഹൈന്ദവകല്പനകളെ ക്രൈസ്തവ കല്പനകളുമായി കൂട്ടിയോജിപ്പിച്ച് കൃതിയെ വിലക്ഷണമാക്കിയതിന്റെ പിന്നിൽ കവിയെ പ്രചോദിപ്പിച്ചത് മതസൗഹാർദം എന്ന ആശയത്തെ ഉയർത്തിപ്പിടിക്കലാണ്. എന്നാൽ ഇത് കാവ്യത്തിന്റെ വിശ്വാസ്യതയെ എങ്ങനെ തകർത്തു കളഞ്ഞു എന്നു നോക്കാം. കല്പനകളുടെ തെരഞ്ഞെടുക്കലുകളിലും കൂട്ടിയോജിപ്പിക്കലുകളിലും യുക്തായുക്തവിവേകത കാത്തുസൂക്ഷിക്കുവാൻ ശ്രമിക്കാത്തതിനാലാണ് കൃതിയിൽ സൗന്ദര്യം വികലതയ്ക്ക് വഴി മാറുന്നത്. ത്യാജ്യഗ്രാഹ്യവിവേചനത്തിന്റെ അഭാവം സൃഷ്ടിച്ച പരാജയമാണിത്. പ്രകൃതരസത്തിന് അനുഗുണമായിരിക്കണം വർണനയെന്നും കാവ്യത്തിലെ മുഖ്യമായ രസത്തിന് ഉടവു തട്ടിക്കുന്നതെന്തും അനുചിതമായിരിക്കുമെന്നും ലൊല്ലടൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. 'ഔചിത്യവിചാര'ത്തിന്റെ മാനദണ്ഡത്തിൽ തന്നെ മഗ്ദലനമറിയത്തിലെ വർണനകൾ നേരിടുന്ന സൗന്ദര്യപ്രതിസന്ധി വ്യാഖ്യാനിക്കാവുന്നതും വിശദീകരിക്കാവുന്നതുമാണ്. ബൈബിൾകഥാപാത്രമായ മറിയത്തിന്റെ മാനസാന്തരമാണ് കവിക്ക് കൃതിയിൽ ആവിഷ്ക്കരിക്കേണ്ടത്. വർണനകൾ ഈ ലക്ഷ്യം നേടി കൊടുക്കുന്നതിന് നിലകൊള്ളണം. വർണനകൾക്ക് കാവ്യ വിഷയസംസ്കാരത്തിൽ വേരുകളുണ്ടാവണമെന്നർത്ഥം. കാവ്യബാഹ്യമായ ലക്ഷ്യം വർണനകളുടെ നിയന്ത്രണമേറ്റെടുത്താൽ അത് ഔചിത്യത്തിന്റെ ലംഘനമായിത്തീരും. അത് കാവ്യത്തിന്റെ അംഗിയായ ഭാവത്തെ ധ്വനിപ്പിക്കുന്നതിന് വിഘാതങ്ങൾ ഉണ്ടാക്കുകയും ചെയ്യും. വർണനകളുടെ തലത്തിൽ ഹൈന്ദവ-ക്രൈസ്തവ പരികല്പനകൾ കൂട്ടിയോജിപ്പിച്ചപ്പോൾ ബോധപൂർവമായോ അബോധപൂർവമായോ വള്ളത്തോൾ ഏറ്റുവാങ്ങിയ പിഴവാണിത്. കാവ്യ ഔചിത്യത്തെ തിരസ്കരിക്കുവാൻ പ്രേരിതനാവുകവഴി കവി കൃതിയെ വിലക്ഷണതയുടെ നരകത്തിലേക്ക് ക്ഷണിച്ചുകൊണ്ടുപോവുകയാണ്. ഇത് നിശ്ചയമായും കൃതി നേരിടുന്ന പതനം തന്നെ. വർണനകൾ ബാഹ്യമായ ലക്ഷ്യങ്ങൾക്ക് വേണ്ടി ആഗ്രഹം പ്രകടിപ്പിക്കുമ്പോൾ കാവ്യം എങ്ങനെ കലാശൂന്യതയുടേതായ അന്ധകൂപത്തിലേക്ക് നിപതിക്കുന്നു എന്നതിന് തെളിവാണ് 'മഗ്ദലനമറിയം'. 'ദുരവസ്ഥ' എന്ന കുമാരനാശാന്റെ ഖണ്ഡകൃതിയും ആശയപ്രചാരണം എന്ന ബാഹ്യലക്ഷ്യം ആഗ്രഹിച്ച് ഇതിന് സമാനമായ ഒരു പ്രതിസന്ധിയിലൂടെ കടന്നുപോകുന്നുണ്ട്. എന്നാൽ കൃതിയുടെ ആമുഖത്തിൽ അദ്ദേഹം ഖേദപ്രകടനത്തോടെ രചന എത്തി നില്ക്കുന്ന ദുരവസ്ഥ എടുത്തുകാണിക്കുകയും ചെയ്യുന്നുണ്ട്.

ബൈബിളിലെ വിഷയവുമായി ഏറെനാൾ നടന്ന് വിശ്വസനീയമായ ശില്പത്തികവോടെ അതിനെ രൂപാന്തരപ്പെടുത്തുവാനുള്ള അനിവാര്യങ്ങളായ കഠിനശ്രമങ്ങളോ സൃഷ്ടികർമത്തിന്റെ നോവുകളോ വള്ളത്തോൾ അനുഭവിച്ചിട്ടില്ല. ഫ്ളാഷ്ബാക്കിലൂടെ മറിയത്തിന്റെ പാപഭരിതജീവിതത്തിന്റെ ഏടുകൾ മറിച്ചുതരുന്ന രചനാക്രമമാണ് കവി ദീക്ഷിച്ചിരിക്കുന്നത്. അത് നല്ല ശ്രമം തന്നെ. എന്നാൽ മാനസാന്തരത്തെ വിശ്വസനീയമായ പരിണാമത്തികവോടെ ആവിഷ്കരിക്കുന്നതിൽ കടുത്ത പരാ

അജിത് വെണ്ണിയൂർ

# പ്രതീക്ഷകളുണർത്തി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**തൊഴിൽ പൗരാവകാശമാക്കുന്ന നിയമനിർമാണം പുരോഗതിയിലേക്കുള്ള വിപ്ലവകരമായ ചുവടുവയ്പാണ്. പാലക്കാട്, വയനാട് ജില്ലകളിൽ ഇതുപ്രകാരമുള്ള തൊഴിലുറപ്പു പദ്ധതി നടപ്പാക്കുകയാണ്.**

ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് നല്കുന്ന വാഗ്ദാനങ്ങളിലൊന്നാണ് ന്യായവും മനുഷ്യത്വപരവുമായ തൊഴിലവസരം. അന്തസ്സായി ജീവിക്കാനുള്ള മനുഷ്യന്റെ അവകാശം അത് ഉറപ്പുവരുത്തുന്നു. ആ ലക്ഷ്യം സഫലമാക്കുന്നതിനായി സ്വാതന്ത്ര്യാനന്തരം രാജ്യത്ത് മാറി മാറി വന്ന സർക്കാരുകൾ ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ചു. അനേകം പരീക്ഷണങ്ങൾ നടത്തി. എന്നിട്ടും അടിസ്ഥാനപരമായി രണ്ട് പ്രശ്നങ്ങൾ-തൊഴിലില്ലായ്മയും ദാരിദ്ര്യവും-തുടച്ചു നീക്കുക എന്നത് ഇനിയും സ്വപ്നമായി അവശേഷിക്കുന്നു. ജോലിക്ക് പകരം ഭക്ഷണം പദ്ധതി, ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതി (NREP), ഗ്രാമീണ ഭൂ രഹിതർക്ക് തൊഴിൽ നല്കുന്നതിനായി രൂപം നല്കിയ പ്രത്യേക പദ്ധതി (RLEGP), ജവഹർ റോസ്ഗാർ യോജന, അന്ത്യോദയ തുടങ്ങിയ പദ്ധതികൾ ഒട്ടേറെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ഗ്രാമീണ തൊഴിൽരഹിതരുടെ ജീവിതം പച്ചപിടിക്കാൻ സഹായിക്കുകയും ചെയ്തുവെന്ന കാര്യം അവഗണിക്കാനാവില്ല.

തൊഴിൽ പരിശീലനവും തൊഴിലുപകരണങ്ങളും ലഭ്യമാക്കി ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി ആവിഷ്കരിച്ച ട്രൈസം, സംയോജിത ഗ്രാമവികസന പദ്ധതി (IRDP) തുടങ്ങിയ ദാരിദ്ര്യനിർമാർജന പരിപാടികളും ശ്രദ്ധേയമായ നേട്ടങ്ങൾക്ക് ഇടയാക്കിയിട്ടുണ്ട്.

## വ്യത്യസ്തമായ പദ്ധതി

ഇതുവരെ നടപ്പാക്കിയ തൊഴിൽദാന പദ്ധതികളുടെയും ദാരിദ്ര്യനിർമാർജന പദ്ധതികളുടെയും പ്രധാന പോരായ്മ തൊഴിൽ പൗരാവകാശമായി ഉറപ്പുവരുത്തുന്ന നിയമപരിരക്ഷ അവയ്ക്ക് ഉണ്ടായിരുന്നില്ല എന്നതാണ്. ആ കുറവ് കൂടി പരിഹരിച്ചുകൊണ്ട് രൂപം നല്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പുനിയമം അതുകൊണ്ടുതന്നെ പുരോഗതിയിലേക്കുള്ള വിപ്ലവകരമായ ചുവടുവയ്പായി മാറിയിരിക്കുന്നു.



2005 സെപ്തംബറിൽ പാർലമെന്റ് പാസ്സാക്കിയ തൊഴിലുറപ്പുനിയമം 2006-ൽ തൊഴിലുറപ്പുപദ്ധതിയായി രാജ്യത്തെ 200 ജില്ലകളിൽ രൂപം പ്രാപിച്ചു കഴിഞ്ഞു. കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളെയാണ് ആദ്യഘട്ടത്തിൽ പദ്ധതിയുടെ പരീക്ഷണ നടത്തിപ്പിനായി തെരഞ്ഞെടുത്തിരിക്കുന്നത്. അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മൂന്നു കൊല്ലത്തിനകം കേരളത്തിലെ എല്ലാ ജില്ലകളിലും പദ്ധതിയുടെ നേട്ടം ഉറപ്പാക്കുകയാണ് ലക്ഷ്യം.

## പശ്ചാത്തലം

കഴിഞ്ഞ അരനൂറ്റാണ്ടിനിടയിൽ നാം പരീക്ഷിച്ച തൊഴിലുന്മുഖ പരിപാടികളിൽ RLEGP-3 ആണ് തൊഴിലുറപ്പ് എന്ന ഭരണഘടനാ തത്ത്വത്തോട് നീതി പുലർത്തിയത്. തൊഴിലുറപ്പ് ലക്ഷ്യവും തത്ത്വവുമായി അംഗീകരിച്ച ആ പദ്ധതിയാകട്ടെ അധികം ശ്രദ്ധ നേടാതെ അകാലത്തിൽ പൊലിയുകയും ചെയ്തു.

ശ്രദ്ധേയമായ മറ്റൊരു ഉദ്യമം 1977-ൽ മഹാരാഷ്ട്ര സർക്കാർ രൂപം നല്കിയ തൊഴിലുറപ്പു പദ്ധതിയാണ്. അപ്രായോഗികമായ വ്യവസ്ഥകളും അശാസ്ത്രീയമായ സമീപനവും മൂലം അത് ഉദ്ദേ

---

ജയമാണ് വള്ളത്തോളിന് ഉണ്ടായത്. “ഒറ്റനാൾകൊണ്ടൊക്കെ മാറിമറിഞ്ഞവൾ മറ്റൊരു ജന്മം ജനിച്ച പോലെയായ്” എന്ന കവിയുടെ വാക്കുകൾ വായിച്ചു വിശ്വസിക്കേണ്ടിവരുന്നു. ശുഭപര്യവസായിയായ കൃതിയെന്ന നിലയിൽ കാവ്യാസ്വാദനം സുഖകരമായ ആഘാതമായിത്തീരുന്നുമില്ല. കടുത്ത പീഡാനുഭവങ്ങളിലൂടെ കടന്നുപോയിട്ടുള്ള പാപമുക്തിയേ വിശ്വസനീയമായിത്തീരുകയുള്ളൂ. മാനസാന്തരാവിഷ്കാരത്തിൽ പ്രകടമായ അനവധാനതയാലും കാവ്യബാഹ്യമായ ലക്ഷ്യങ്ങൾക്ക് വേണ്ടി കൃതി ദുരുപയോഗപ്പെട്ടതിനാലും രണ്ട് തട്ടുകളിൽ വച്ചായി ഈ ഖണ്ഡകൃതിയുടെ സൗന്ദര്യമൂല്യവും വിശ്വസനീയതയും കൈമോശം വന്നു പോയി. മാകന്ദമഞ്ജരി എന്ന ദ്രാവിഡവൃത്തത്തിന്റെ ഗാനാത്മകതയും സംസ്കാരവും കാവ്യത്തിന്റെ മൊത്തത്തിലുള്ള ശബ്ദസുഭഗതയും നാടകീയതയുടെ സൗന്ദര്യവും എല്ലാമിവിടെ സന്ദിഗ്ധതയിലാണ്ടു പോകുന്നു. അത് കൊണ്ടുതന്നെ ഇത് മഗ്ദലനമറിയത്തിന്റെ പരാജയസ്ഥാനമായി മാറുന്നു.

*(പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് പ്രൊഫസറാണ് ലേഖകൻ)*

**റഫറൻസ്**

1. എം. ഗോവിന്ദൻ, ‘കരഞ്ഞ കവിയും ചിരിച്ച തത്ത്വജ്ഞാനിയും’, ഡി.സി. ബുക്സ് കോട്ടയം, 1993 പേജ് നമ്പർ 107-113

2. വള്ളത്തോൾ നാരായണമേനോൻ, ‘മഗ്ദലനമറിയം’ (അവതാരിക-ചിത്രമെഴുത്ത് കെ.എം. വർഗീസ്) പബ്ലിഷർ സി. അച്യുതക്കുറുപ്പ്, മഞ്ജിമ, ചെറുതുരുത്തി, 1921 പേജ് 9.

3. എം.പി. പോൾ, ‘സാഹിത്യവിചാരം’ (സംഗീതമപി) പൂർണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1953 ജൂലൈ, പേജ് 26.

4. കെ.പി. അപ്പൻ, മലയാളമനോരമ - വീക്കെന്റ് മാഗസിൻ 1993 ഡിസംബർ 25.

5. കെ.പി. അപ്പൻ, ‘തീനാളം കൊണ്ടുള്ള ശകാരം’, ദീപിക, 1994 ഓഗസ്റ്റ് 28, അഭിമുഖം- ആർ. ഭദ്രൻ.

6. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, ‘മുണ്ടശ്ശേരികൃതികൾ’ - വാല്യം3. കറന്റ് ബുക്സ് കോട്ടയം, 1981 പേജ് 658.

ശിച്ച ഫലം ചെയ്തില്ല. മഹാരാഷ്ട്രയെ പിന്തുടർന്ന് മറ്റ് ചില സംസ്ഥാനങ്ങളും ആ വഴിക്ക് ചിന്തിച്ചെങ്കിലും ഒരു ദേശീയ നയത്തിന്റെയും നിയമത്തിന്റെയും അഭാവം അവയുടെയൊക്കെ ദൗർബല്യമായി നിലകൊണ്ടു. ഈ പോരായ്മകൾ കൂടി കണക്കിലെടുത്തു കൊണ്ടാണ് ദീർഘകാലത്തെ കൂടിയാലോചനകളും സമഗ്രമായ ചർച്ചകളും വഴി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമത്തിന് കേന്ദ്ര സർക്കാർ രൂപം നല്കിയത്.

ഈ നിയമത്തിന്റെ മറ്റൊരു സവിശേഷത, ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ കുറവുകൾ വിശദമായി വിശകലനം ചെയ്ത് വിടവുകൾ നികത്തുന്ന രീതിയിൽ വിവിധ വിഭാഗം ജനങ്ങളുടെ പങ്കാളിത്തത്തോടെ രൂപകല്പന ചെയ്തു എന്നതാണ് സംസ്ഥാന സർക്കാരുകൾ, കർഷക സംഘടനകൾ, തൊഴിലാളി പ്രസ്ഥാനങ്ങൾ, രാഷ്ട്രീയകക്ഷികൾ, സന്നദ്ധ സംഘടനകൾ, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയവയുടെയെല്ലാം പ്രതിനിധികളുമായി ദേശീയ, മേഖലാ തലങ്ങളിൽ ഇതിനായി ഒട്ടേറെ കൂടിയാലോചനകൾ നടത്തുകയുണ്ടായി.

## പ്രധാന സവിശേഷതകൾ

എല്ലാ ഗ്രാമീണകുടുംബങ്ങളിലെയും ആരോഗ്യമുള്ള, തൊഴിലെടുക്കാൻ സന്നദ്ധരായ വ്യക്തികൾക്ക് പ്രതിവർഷം കുറഞ്ഞത് 100 തൊഴിൽ ദിനങ്ങൾ വാഗ്ദാനം ചെയ്യുന്നതാണ് തൊഴിലുറപ്പു നിയമം. നിയമത്തിനും ചട്ടങ്ങൾക്കും വിധേയമായി പ്രാദേശികാവശ്യങ്ങൾ കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഇത് സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും അധികാരവും നല്കുന്നു. മറ്റ് സവിശേഷതകൾ:

തൊഴിലവസരം ഒരു മൗലികാവകാശമായി അംഗീകരിക്കുന്നു.

ഒരു കുടുംബത്തിന് പ്രതിവർഷം നൂറ് തൊഴിൽ ദിനങ്ങൾ ഉറപ്പുവരുത്തുന്നതുവഴി ഗ്രാമീണ കുടുംബങ്ങളിൽ സാമ്പത്തിക സുരക്ഷിതത്വ ബോധം വളർത്തുന്നു.

തൊഴിൽ നല്കാൻ കഴിഞ്ഞില്ലെങ്കിൽ തൊഴിലില്ലായ്മാ വേതനം ലഭിക്കുന്നു.

തൊഴിൽ ദിനങ്ങളിൽ ഓരോ സംസ്ഥാനത്തും കാർഷിക മേഖലയിൽ നിലനിൽക്കുന്ന മിനിമം കൂലി ഉറപ്പാക്കുന്നു. (കേരളത്തിൽ അത് ഇപ്പോൾ 125 രൂപയാണ്)

പുരുഷനും സ്ത്രീക്കും തുല്യജോലിയ്ക്ക് തുല്യവേതനം നിയമം മൂലം ഉറപ്പാക്കുന്നു.

തൊഴിൽ നല്കുമ്പോൾ മൂന്നിലൊന്ന് സ്ത്രീകൾക്ക് എന്ന സംവരണതത്ത്വം പാലിക്കണം എന്ന് നിഷ്കർഷിക്കുന്നു.

തൊഴിലപേക്ഷകരുടെ താമസസ്ഥലത്തിന് അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ നല്കണമെന്ന് നിർദേശിക്കുന്നു. അകലെയാണെങ്കിൽ കൂലിയുടെ പത്ത് ശതമാനം യാത്രാബത്തയായി നല്കുന്നു.

ജോലിസമയത്ത് പരിക്കേറ്റാൽ സൗജന്യചികിത്സ ലഭ്യമാക്കുന്നു. ജോലിക്കിടയിലെ അപകടത്തിൽ മരിക്കുകയോ സ്ഥിരമായ അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 25,000 രൂപ നഷ്ടപരിഹാരം ലഭിക്കാൻ വ്യവസ്ഥ ചെയ്യുന്നു.

പണിസ്ഥലത്ത് ദമ്പതികളുടെ കുട്ടികൾക്ക് ഡേകെയർ സംവിധാനം ഏർപ്പെടുത്തുന്നു.

പണിസ്ഥലത്ത് പ്രാഥമിക ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നു.

പദ്ധതിയുടെ ആസൂത്രണം, നിർവഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നിവയിൽ ത്രിതല പഞ്ചായത്തുകൾക്ക് വിപുലമായ സ്വാതന്ത്ര്യവും അധികാരവും നല്കുന്നു.

സുസ്ഥിര വികസനത്തിനും പ്രകൃതിവിഭവങ്ങളുടെ പരിരക്ഷണത്തിനും സഹായകമായ നിർമാണ പ്രവൃത്തികൾക്കാണ് പദ്ധതിയിൽ മുൻഗണന.

## അനുവദനീയ പ്രവൃത്തികൾ

ജലസംരക്ഷണം, മഴവെള്ള ശേഖരണം, ഭൂജല പരിപോഷണം.

വരൾച്ച തടയുന്നതിനുള്ള പ്രവൃത്തികൾ-സാമൂഹിക വനവത്കരണം, മരം വച്ചുപിടിപ്പിക്കൽ, ജലാശയങ്ങളുടെ കരയിലും പുറമ്പോക്ക് ഭൂമിയിലും ഈറ്റ, മുള, കൈതഫലവൃക്ഷങ്ങൾ നട്ടുവളർത്തൽ.

ചെറുകിട ജലസേചന പ്രോജക്ടുകൾ-കുളം, കിണർ, തടയണ, അടിയണ, ജലസേചന കനാലുകൾ തുടങ്ങിയവയുടെ നിർമാണം, പുനരുദ്ധാരണം.

പട്ടികജാതി-വർഗ കുടുംബങ്ങളുടെയും പുറമ്പോക്കു ഭൂമി പതിച്ചു നല്കി പുനരധിവസിപ്പിച്ച കുടുംബങ്ങളുടെയും ഭൂമിയിൽ ജലസേചനപദ്ധതികൾ, ഭൂവികസനം.

പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, നവീകരണം.

ഗ്രാമങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിന് സകല കാലാവസ്ഥകൾക്കും അനുയോജ്യമായ റോഡ് നിർമാണം.

സംസ്ഥാനസർക്കാരുമായി ചർച്ച ചെയ്ത് കേന്ദ്രസർക്കാർ ആവിഷ്കരിക്കുന്ന വികസനപദ്ധതിയുടെ ഭാഗമായ മറ്റ് അനുയോജ്യപ്രവൃത്തികൾ.

## തൊഴിൽ അല്ലെങ്കിൽ തൊഴിലില്ലായ്മാ വേതനം

എല്ലാ ഗ്രാമീണ കുടുംബത്തിലെയും തൊഴിൽ ചെയ്യാൻ സന്നദ്ധതയും ആരോ



**പ്രതിവർഷം നൂറുദിവസം തൊഴിൽ നൽകാൻ കഴിഞ്ഞില്ലെങ്കിൽ തൊഴിലില്ലായ്മാ വേതനം നൽകും.**

ഗൃവുമുള്ള, 18ന് മേൽ പ്രായമുള്ള വ്യക്തിക്ക് പ്രതിവർഷം കുറഞ്ഞത് 100 തൊഴിൽ ദിനങ്ങൾ വാഗ്ദാനം ചെയ്യുന്നതാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. ഓരോ സംസ്ഥാനത്തും നിലവിലുള്ള കുറഞ്ഞ കൂലി നിയമത്തിൽ ഉറപ്പാക്കുന്നു. സ്ത്രീക്കും പുരുഷനും തുല്യജോലിക്ക് തുല്യവേതനം എന്ന തത്ത്വം ഈ പദ്ധതിയിൽ നിർബന്ധമാക്കിയിരിക്കുന്നു. തൊഴിൽ ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ച് പേര് രജിസ്റ്റർ ചെയ്ത വ്യക്തിക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നല്കാൻ കഴിഞ്ഞില്ലെങ്കിൽ തൊഴിലില്ലായ്മാ വേതനം നല്കാൻ സംസ്ഥാന സർക്കാർ ബാദ്ധ്യസ്ഥമാണ്. ആദ്യത്തെ 30 ദിവസം മിനിമം കൂലിയുടെ നാലിലൊന്നും അതിനുശേഷം പകുതിയുമാണ് തൊഴിലില്ലായ്മാ വേതനം.

## പ്രധാന ചുമതല ത്രിതല പഞ്ചായത്തുകൾക്ക്

അധികാര വികേന്ദ്രീകരണത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ട് പദ്ധതിയുടെ നടത്തിപ്പിൽ മുഖ്യമായ ചുമതല പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ഏല്പിക്കുന്ന സമീപനമാണ് തൊഴിലുറപ്പു നിയമം സ്വീകരിച്ചിരിക്കുന്നത്. പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും നടത്തിപ്പുകാർ സമൂഹത്തെ കണക്ക് ബോധിപ്പിക്കുന്നതിന് ബാദ്ധ്യസ്ഥരാക്കുന്ന തരത്തിൽ ഗ്രാമസഭകൾക്ക് നല്കിയിട്ടുള്ള അധികാരവും പ്രാധാന്യവും വികസന മേഖലയിൽ പുതിയ മാതൃകകളും കീഴ്വഴക്കങ്ങളും സൃഷ്ടിക്കാൻ സഹായകമാവുമെന്നതിൽ സംശയമില്ല.

ഈ പദ്ധതിപ്രകാരം ഏറ്റെടുക്കാവുന്ന നിർമാണ പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായ മാർഗനിർദേശങ്ങൾ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കാർഷികമേഖലയുടെ വളർച്ചയ്ക്കും സുസ്ഥിരവികസനത്തിനും ഉതകുന്ന പദ്ധതികൾക്ക് നല്കിയിട്ടുള്ള മുന്തിയ പരിഗണന പദ്ധതിയുടെ ശരിയായ ദിശാബോധത്തിന് തെളിവാണ്.

## സംഘടനാ സംവിധാനം

പ്രാദേശിക സമൂഹം, പ്രാദേശിക ഭരണകൂടങ്ങൾ, സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ എന്നിങ്ങനെ നാല് തലങ്ങളിലാണ് പദ്ധതിയുടെ ആസൂത്രണം, നിർവഹണം, പരിശോധന, വിലയിരുത്തൽ തുടങ്ങിയ പ്രക്രിയകൾ വിന്യസിച്ചിരിക്കുന്നത്. താഴെതട്ടിലെത്തുന്തോറും അധികാരവും ഉത്തരവാദിത്തവും വർധിക്കുന്നു.

## ഗ്രാമസഭ – ചുമതലകൾ

പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ട പ്രവൃത്തികൾ കണ്ടെത്തി ശുപാർശ ചെയ്യുക.

പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുകയും മേൽനോട്ടം നടത്തുകയും ചെയ്യുക.

അപേക്ഷകൾ പരിശോധിക്കുക
കണക്കുകൾ പരിശോധിക്കുക
സോഷ്യൽ ആഡിറ്റിംഗ്

## ഗ്രാമപഞ്ചായത്ത്

ഗ്രാമസഭയുടെ ശുപാർശപ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കേണ്ട വികസനപദ്ധതി തയ്യാറാക്കുക.

പ്രവൃത്തിയെടുക്കാൻ സന്നദ്ധതയുള്ള വ്യക്തികളുടെയും കുടുംബങ്ങളുടെയും രജിസ്ട്രേഷൻ നടത്തുക.

ജോലിക്കുള്ള കാർഡുകൾ അനുവദിച്ചു നല്കുക.

തൊഴിലാളികളെ യഥാസ്ഥാനങ്ങളിലേക്ക് നിശ്ചയിച്ച് നിയോഗിക്കുക.

ആകെ വേണ്ടിവരുന്ന പ്രവൃത്തികളുടെ കുറഞ്ഞത് 50 ശതമാനമെങ്കിലും നിർവഹിക്കുക.

ഗ്രാമതലത്തിൽ നടക്കുന്ന ജോലികളുടെ പുരോഗതി നിരീക്ഷണം, വിലയിരുത്തൽ നിർവഹിക്കുക.

## ബ്ലോക്ക് പഞ്ചായത്ത്

ബ്ലോക്ക് തല പദ്ധതികൾക്ക് അന്തിമരൂപം നല്കി അനുമതിക്കായി ജില്ലാ പഞ്ചായത്തിന് അയച്ചു കൊടുക്കുക.

ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പാക്കുന്ന പ്രവൃത്തികളുടെ മോണിറ്ററിംഗും മേൽനോട്ടവും നടത്തുക.

സംസ്ഥാന കൗൺസിലും ജില്ലാ കോ-ഓർഡിനേറ്ററും അതതു സമയം ഏല്പിക്കുന്ന ചുമതലകൾ നിർവഹിക്കുക.

ബ്ലോക്ക് തലത്തിലുള്ള തൊഴിലവസരങ്ങളെ തൊഴിലിനുള്ള ആവശ്യങ്ങളുമായി പൊരുത്തപ്പെടുത്തുക.

തൊഴിലാളികളുടെ ആനുകൂല്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുക.

ഗ്രാമസഭകൾ സോഷ്യൽ ആഡിറ്റ് നടത്തുമെന്ന് ഉറപ്പാക്കുക.

പരാതി കേൾക്കുക, പരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുക.

## ജില്ലാ പഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്തുകൾ ക്രോഡീകരിച്ച പദ്ധതികൾ അടങ്ങുന്ന വാർഷിക കർമ പദ്ധതിക്ക് അന്തിമരൂപം നല്കുക.

കർമപദ്ധതിക്ക് അനുമതി നല്കുക.

ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്താത്ത 50 ശതമാനം പ്രവൃത്തികൾ നടത്തുന്നതിന്റെ (അനിവാര്യമെങ്കിൽ) ഉത്തരവാദിത്തം ഏറ്റെടുക്കുക.

## സംസ്ഥാന സർക്കാർ

ആക്ടിലെ 32(1) പ്രകാരം സംസ്ഥാനത്തിന്റെ പദ്ധതി നിർവഹണത്തിനാവശ്യമായ ചട്ടങ്ങൾ നിർമിക്കുക.

സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ രൂപീകരിക്കുക.

ബജറ്റിൽ വിഹിതം ഉൾക്കൊള്ളിക്കുക, സംസ്ഥാന വിഹിതം അനുവദിക്കുക

പദ്ധതിയുടെ ആസൂത്രണ, നിർവഹണ ചുമതലകൾ നിർവഹിക്കുക

സാങ്കേതിക സഹായം ലഭ്യമാക്കുക

പരിശീലനം സംഘടിപ്പിക്കുക

തൊഴിലില്ലായ്മാവേതനം അനുവദിക്കുക

പരിശോധനയും വിലയിരുത്തലും ഗവേഷണവും നിർവഹിക്കുക

## കേന്ദ്രസർക്കാർ

ചട്ടങ്ങൾ തയ്യാറാക്കുക

മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുക

നിയമത്തിന്റെ പരിധിയിൽവരുന്ന പ്രദേശങ്ങൾ വിജ്ഞാപനം ചെയ്യുക

കേന്ദ്രസർക്കാരിന്റെ വിഹിതം ബജറ്റിൽ ഉൾക്കൊള്ളിക്കുക

കേന്ദ്രതൊഴിലുറപ്പ് കൗൺസിലിന് രൂപം നല്കുക.

## ജില്ലാ കോ–ഓർഡിനേറ്റർ, പ്രോഗ്രാം ഓഫീസർ

തൊഴിലുറപ്പുനിയമം, ചട്ടങ്ങൾ എന്നിവയ്ക്ക് വിധേയമായി ജില്ലയിൽ പദ്ധതി നടപ്പാക്കുന്നതിന് ജില്ലാ കളക്ടറെയോ തത്തുല്യ നിലയിലുള്ള ഉദ്യോഗസ്ഥരെയോ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്ററായി നിയമിക്കും. ജില്ലയിലെ പ്രവൃത്തികൾക്ക് ആവശ്യമായ അംഗീകാരവും അനുവാദവും നല്കുക, ജില്ലയിലെ പ്രോഗ്രാം ഓഫീസർമാരുടെ പ്രവർത്തനം ഏകോപിപ്പിക്കുക, പണികൾ പരിശോധിക്കുക, അപേക്ഷകരുടെ പരാതികൾക്ക് പരിഹാരം കാണുക, ഓരോ സാമ്പത്തിക വർഷത്തേയ്ക്കുമുള്ള ബജറ്റിന് രൂപം നല്കുക

### ടി.യു. കുരുവിള



പൊതുമരാമത്ത് വകുപ്പ് മന്ത്രിയായി ടി.യു. കുരുവിള സ്ഥാനമേറ്റു. കേരള കോൺഗ്രസ് (ജെ) പ്രതിനിധിയാണ് ഇദ്ദേഹം.

എന്നിവ ജില്ലാ കോ-ഓർഡിനേറ്ററുടെ പ്രധാന ചുമതലകളിൽപ്പെടുന്നു.

ഓരോ ബ്ലോക്കിലും പ്രവൃത്തികൾ നിർവഹിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിനെ സഹായിക്കുന്നതിനായി ബി.ഡി.ഒ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ/യെ ബ്ലോക്ക് പ്രോഗ്രാം ഓഫീസറായി നിയമിക്കും. ബ്ലോക്ക് പഞ്ചായത്തിന്റെയും ബ്ലോക്ക് പ്രദേശത്തെ ഗ്രാമപഞ്ചായത്തുകളിലെയും പദ്ധതികൾ ക്രോഡീകരിച്ച് ബ്ലോക്ക് തല പദ്ധതി തയ്യാറാക്കുക, അംഗീകാരത്തിനായി അവ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സമർപ്പിക്കുക, തൊഴിലിനായി പേര് രജിസ്റ്റർ ചെയ്തവർക്കെല്ലാം 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുക, പണിക്കാർക്ക് കൃത്യമായി കൂലി നല്കുന്നുവെന്ന് ഉറപ്പാക്കുക, പരാതികളിന്മേൽ നടപടി സ്വീകരിക്കുക എന്നിവയാണ് പ്രോഗ്രാം ഓഫീസറുടെ മുഖ്യചുമതലകൾ.



**പ്രവൃത്തികൾ കണ്ടെത്തി ശുപാർശ ചെയ്യേണ്ടതും പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കേണ്ടതും ഗ്രാമസഭകളാണ്.**

## തൊഴിലുറപ്പ് കൗൺസിൽ

കേന്ദ്രതലത്തിൽ കേന്ദ്രസർക്കാർ നിയമിക്കുന്ന അധ്യക്ഷനും കേന്ദ്രമന്ത്രാലയം പ്ലാനിങ് കമ്മിഷൻ, സംസ്ഥാനസർക്കാരുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, തൊഴിലാളി സംഘടനകൾ, പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ പ്രതിനിധികളായി കേന്ദ്രസർക്കാർ നാമനിർദേശം ചെയ്യുന്ന 15-ൽ കവിയാത്ത അംഗങ്ങൾ ഉൾപ്പെട്ട കേന്ദ്ര തൊഴിലുറപ്പ് കൗൺസിലാണ് അഖിലേന്ത്യാതലത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ട ചുമതല നിർവഹിക്കുന്നത്. ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനായിരിക്കും മെമ്പർ സെക്രട്ടറി.

ഓരോ സംസ്ഥാനവും അതതു സംസ്ഥാനത്തിന്റെ പേര് ചേർത്തുള്ള സംസ്ഥാന തൊഴിലുറപ്പു കൗൺസിൽ രൂപവത്കരിക്കണമെന്ന് നിയമം നിർദേശിക്കുന്നു. സർക്കാർ നിശ്ചയിക്കുന്ന ഔദ്യോഗികാംഗങ്ങളും പരമാവധി പതിനഞ്ച് അനൗദ്യോഗികാംഗങ്ങളും (പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ, തൊഴിലാളി സംഘടനകൾ, പിന്നോക്കവിഭാഗങ്ങൾ എന്നിവയുടെ പ്രതിനിധികൾ) ഉൾപ്പെട്ടതാണ് സംസ്ഥാന കൗൺസിൽ. അനൗദ്യോഗികാംഗങ്ങളിൽ കുറഞ്ഞത് മൂന്നിലൊന്ന് സ്ത്രീകളും അതിൽ മൂന്നിലൊന്ന് പട്ടികജാതി, പട്ടികവർഗ, പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്നവരുമായിരിക്കണം.

പദ്ധതിയെക്കുറിച്ചും സംസ്ഥാനത്ത് അതിന്റെ നടത്തിപ്പിനെക്കുറിച്ചും സർക്കാരിനെ ഉപദേശിക്കുക, പദ്ധതിയുടെ മുൻഗണന നിശ്ചയിക്കുക, വിലയിരുത്തൽ സംവിധാനങ്ങൾ പരിശോധിക്കുക, പദ്ധതിയുടെ വിവരങ്ങൾ പ്രചരിപ്പിക്കുക, നിയമസഭയിൽ സമർപ്പിക്കാനുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കുക തുടങ്ങിയവയാണ് കൗൺസിലിന്റെ മുഖ്യ ചുമതലകൾ.

## തൊഴിലുറപ്പ് ഫണ്ട്

ദേശീയ, സംസ്ഥാനതലങ്ങളിൽ പദ്ധതിയുടെ നടത്തിപ്പിനായി വെവ്വേറെ തൊഴിലുറപ്പുഫണ്ടുകൾ രൂപവത്കരിക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നു. സർക്കാരിന് യുക്തമായ ഗ്രാന്റ്/ലോൺ ആയി ഫണ്ടിലേക്ക് നിക്ഷേപിക്കാവുന്നതാണ്. പാർലമെന്റ് പാസ്സാക്കിയ നിയമപ്രകാരം പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക ഫണ്ടിലേക്ക് വകയിരുത്തേണ്ടതുണ്ട്. ഫണ്ടിലെ തുക വിനിയോഗിക്കുന്നതിനുള്ള നടപടിക്രമങ്ങളും വ്യവസ്ഥകളും നിയന്ത്രണങ്ങളും അതതു സർക്കാരുകൾ നിശ്ചയിക്കണം.

അവിദഗ്ദ്ധ തൊഴിലിനുള്ള വേതനം പൂർണമായും കേന്ദ്രസർക്കാർ നല്കും. അർധവിദഗ്ദ്ധ തൊഴിലുകൾ, വിദഗ്ദ്ധ തൊഴിൽ, സാധന സാമഗ്രികളുടെ വില എന്നിവയുടെ നാലിൽ മൂന്ന് ഭാഗവും കേന്ദ്രം വഹിക്കും. പ്രോഗ്രാം ഓഫീസർ, സ്റ്റാഫ് എന്നിവരുടെ വേതനം, തൊഴിലുറപ്പ് കൗൺസിലിന്റെ ഭരണച്ചെലവുകൾ എന്നിവ കേന്ദ്രസംസ്ഥാന സർക്കാരുകൾ ആനുപാതികമായി വിഭജിക്കും.

തൊഴിലില്ലായ്മാ വേതനം നല്കേണ്ടിവന്നാൽ അത് പൂർണമായും സംസ്ഥാന സർക്കാർ വഹിക്കണം. സാധന സാമഗ്രികൾ, അർധവിദഗ്ദ്ധ-വിദഗ്ദ്ധ തൊഴിൽ വേതനം എന്നിവയ്ക്ക് വേണ്ട വിഭവത്തിന്റെ നാലിലൊന്നും സംസ്ഥാനം ചെലവാക്കണം. തൊഴിലില്ലായ്മാ വേതനത്തിനുള്ള അർഹത, അത് നല്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്നിവ സംസ്ഥാന ചട്ടങ്ങളിൽ ഉൾപ്പെടുത്തണമെന്ന് തൊഴിലുറപ്പു നിയമം അനുശാസിക്കുന്നു.

## പുതിയ പ്രതീക്ഷകൾ, പുതിയ വെല്ലുവിളികൾ

വികസന മേഖലയിലും ഭരണക്രമത്തിലും സംജാതമായ പുതിയ കാഴ്ചപ്പാടുകളും ദിശാബോധവും ഉൾക്കൊള്ളുന്ന ഗ്രാമീണ തൊഴിലുറപ്പുനിയമം പ്രദാനം ചെയ്യുന്ന അവസരം അധികാര വികേന്ദ്രീകരണത്തിന്റെയും പങ്കാളിത്തവികസനത്തിന്റെയും കാര്യത്തിൽ ഇന്ന് ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായിരിക്കുന്ന കേരളം പുതിയ മാതൃകകൾക്കായി പ്രയോജനപ്പെടുത്തുമെന്ന പ്രതീക്ഷ അഖിലേന്ത്യാതലത്തിൽ പരന്നു കഴിഞ്ഞിരിക്കുന്നു. പുതിയ കേരള മാതൃകയ്ക്കായി രാജ്യം കാത്തിരിക്കുന്നു എന്നർത്ഥം. പ്രതീക്ഷയ്ക്കൊത്ത് ഉയരാനും വർദ്ധിതമൂല്യത്തോടെ തൊഴിലുറപ്പു നിയമത്തെ ദാരിദ്ര്യനിർമാർജനത്തിന് ഉപാധിയാക്കാനും പ്രാദേശികസമൂഹത്തെയും ഭരണസംവിധാനങ്ങളെയും സജ്ജമാക്കുക എന്ന മുഖ്യമായ വെല്ലുവിളിയാണ് ഇന്ന് നമ്മുടെ മുന്നിലുള്ളത്.

(കില എക്സ്റ്റൻഷൻ ഫാക്കൽറ്റിയംഗമാണ് ലേഖകൻ)

ഡോ. ജെ.വി. വിളനിലം

# മാധ്യമങ്ങളും മനുഷ്യാവകാശവും ഐ.ടി. യുഗത്തിൽ

ഇന്ന് നാം വിജ്ഞാനത്തിന്റെയും ആശയ വിനിമയത്തിന്റെയും മഹാവിപ്ലവത്തിന്റെയും വാതിൽക്കലാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. വിദൂരാശയവിനിമയത്തിൽ (ടെലികമ്മ്യൂണിക്കേഷനിൽ) നടന്ന അത്ഭുതകരമായ മാറ്റങ്ങൾ ബഹുജനമാധ്യമ ലോകത്ത് വിപ്ലവകരമായ വ്യതിയാനങ്ങൾ വരുത്തിക്കഴിഞ്ഞു.

മൂന്ന് വലിയ വിപ്ലവങ്ങളാണ് മനുഷ്യചരിത്രത്തിൽ ഉണ്ടായിട്ടുള്ളത് – അക്ഷരമാല വികസിപ്പിച്ചതാണ് ഒന്നാമത്തെ വിപ്ലവം. ആശയങ്ങൾ അച്ചടിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിലേയ്ക്ക് എത്തിച്ചുകൊടുത്തതാണ് രണ്ടാമത്തെ വിപ്ലവം. ഇലക്ട്രോണിക് മാധ്യമങ്ങളുടെ ആവിർഭാവത്തെ അച്ചടി മാധ്യമങ്ങളുടെ തുടർച്ചയായി കണക്കാക്കാം. മൂന്നാമത്തെ മഹാവിപ്ലവമാണ് ഐടി വിപ്ലവം. ഇൻഫർമേഷൻ ടെക്നോളജി (ഐടി) ഇന്ന് എല്ലാ മണ്ഡലങ്ങളിലെയും അവിഭാജ്യഘടകമായിരിക്കുന്നു.

കഴിഞ്ഞ കുറെ ദശകങ്ങളായി അസംസ്കൃത പദാർത്ഥങ്ങളെക്കാൾ സമ്പദ് വ്യവസ്ഥയുടെ കേന്ദ്രം – അല്ലെങ്കിൽ കേന്ദ്രമൂലധനം – വിജ്ഞാനമാണെന്ന് മാനേജ്മെന്റ് ഗുരുവായ പീറ്റർ ഡ്രക്കർ പറയുന്നു. ഹാർവാർഡിലെ മാനേജ്മെന്റ് പ്രൊഫസർ ജോൺ ഗേറ്റ്സിന്റെ അഭിപ്രായത്തിൽ വിജ്ഞാനം, അടിസ്ഥാനവിഭവങ്ങളായ ഊർജം, അസംസ്കൃത പദാർഥങ്ങൾ, മൂലധനം, തൊഴിലാളികൾ എന്നിവയ്ക്കുള്ള സ്ഥാനം ഏറ്റെടുത്തുകഴിഞ്ഞു. വ്യാവസായിക വിപ്ലവം മനുഷ്യന്റെ പേശികളെ ദീർഘിപ്പിച്ചെങ്കിൽ കമ്മ്യൂണിക്കേഷൻ വിപ്ലവം മനുഷ്യമനസ്സിനെയാണ് വികസിപ്പിക്കുന്നത്.

ഇതെല്ലാം വികസിതരാജ്യങ്ങളിലെ പണ്ഡിതരുടെയും വിദഗ്ധരുടെയും അഭിപ്രായങ്ങളാണ്. എന്നാൽ വിജ്ഞാനയുഗത്തിന്റെ വെളിയിലാണ് ലോകജനസംഖ്യയുടെ മൂന്നിൽ രണ്ടു ഭാഗവും. പകുതിയിലേറെ ജനങ്ങൾക്ക് അക്ഷരാഭ്യാസമില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. അടിസ്ഥാന വിദ്യാഭ്യാസം പോലും ഇല്ലാത്തവർക്ക് ഐടി എങ്ങനെ പ്രയോജനപ്പെടും? ഇതാണ് ഇന്ന് ലോകം അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം.

വിജ്ഞാന വിപ്ലവവും കമ്മ്യൂണിക്കേഷൻ വിപ്ലവവുമെല്ലാം ലോകത്തിലെ വൻനഗരങ്ങളിലും തൊട്ടു ചുറ്റുമുള്ള കൊച്ചുപട്ടണങ്ങളിലുമാണെന്ന വസ്തുത മറക്കാൻ പാടില്ല. എവിടെയാണ് മാധ്യമങ്ങളുടെ ഭൂരിഭാഗം? കമ്പ്യൂട്ടറുകളുടെയും ഐടി സ്ഥാപനങ്ങളുടെയും ഭൂരിഭാഗം?

കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകളിലെ ശാസ്ത്രസാങ്കേതിക പുരോഗതി ലോകദാരിദ്ര്യത്തെയോ നിരക്ഷരതയെയോ അനാരോഗ്യത്തെയോ സാരമായി കുറയ്ക്കാൻ സഹായിച്ചിട്ടില്ല. ലോകജനസംഖ്യയുടെ പകുതിയിലേറെപ്പേർ ഒരു പ്രാവശ്യം



പോലും ടെലിഫോൺ ചെയ്യുകയോ ടെലിഫോൺ എന്ന സാമഗ്രി കാണുകയോ ചെയ്തിട്ടില്ലാത്തവരാണ്.

ഈ പശ്ചാത്തലത്തിൽ വേണം മാധ്യമങ്ങളും മനുഷ്യാവകാശവും നാം ചർച്ച ചെയ്യേണ്ടത്.

മാഗ്നകാർട്ട, പെറ്റിഷൻ ഓഫ് റൈറ്റ്, മനുഷ്യാവകാശ ഘോഷണം, പ്രസിഡന്റ് റൂസ്‌വെൽറ്റിന്റെ നാലു സ്വാതന്ത്ര്യങ്ങൾ, ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ ഘോഷണം, യൂറോപ്യൻ കൺവെൻഷന്റെ മനുഷ്യാവകാശ അടിസ്ഥാന സ്വാതന്ത്ര്യപ്രമാണം– ഇതെല്ലാം മനുഷ്യാവകാശവുമായി ബന്ധപ്പെട്ട രേഖകളാണ്. എന്നാൽ 1948 ഡിസംബർ 10–ാം തീയതി ഐക്യരാഷ്ട്രസഭ ഏകകണ്ഠമായി യൂണിവേഴ്സൽ ഡിക്ലറേഷന്റെ അമ്പതാം വാർഷികം മൂന്നു വർഷം മുൻപ് ആഘോഷിച്ചതോടെയാണ് മനുഷ്യാവകാശങ്ങളെപ്പറ്റി തുടർച്ചയായ മാധ്യമശ്രദ്ധ ഉണ്ടായത്.

എന്താണ് 30 ആർട്ടിക്കിളുകൾ അടങ്ങിയ ഈ രേഖയുടെ ലക്ഷ്യങ്ങൾ? മൊത്തത്തിൽ പറഞ്ഞാൽ മനുഷ്യാവകാശങ്ങളെ മാനിക്കാൻ, അടിസ്ഥാന സ്വാതന്ത്ര്യങ്ങൾ പരിരക്ഷിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുക, ഉത്തേജിപ്പിക്കുക. അടിസ്ഥാന സ്വാതന്ത്ര്യങ്ങളിൽ എന്തൊക്കെ ഉൾപ്പെടും? അഭിപ്രായസ്വാതന്ത്ര്യം, ആരാധനാ സ്വാതന്ത്ര്യം, ആവശ്യങ്ങളിൽ നിന്നുള്ള വിടുതൽ, ഭയത്തിൽ നിന്നുള്ള മോചനം.

യുഎൻ ഘോഷണത്തിൽ എല്ലാ മനുഷ്യരുടെയും വ്യക്തിപരവും പൗരാവകാശപരവും രാഷ്ട്രീയ സാമൂഹിക സാമ്പത്തികസാംസ്കാരികവുമായ അവകാശങ്ങൾ ഉദ്ഘോഷിക്കുന്നു. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും നിഷേധിക്കാതെ വേണം ഈ സ്വാതന്ത്ര്യങ്ങൾ ഓരോ വ്യക്തിയും അനുഭവിക്കേണ്ടത്. മാത്രമല്ല, ധാർമിക ചിന്തയെയും പൊതുനന്മയെയും ക്രമസമാധാനത്തെയും മാനിച്ചുകൊണ്ടു മാത്രമേ വ്യക്തിപരമായ സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും അനുഭവിക്കാവൂ. ഇരുപതാം നൂറ്റാണ്ട് ശാസ്ത്രസാങ്കേതിക വികാസത്തിന്റെയും ജനാധിപത്യത്തിന്റെയും നൂറ്റാണ്ടായി കണക്കാക്കപ്പെടുന്നു. അതിന്റെ അന്ത്യദശകത്തിൽ പുതിയൊരു അവകാശാധ്യായം കൂട്ടിച്ചേർത്തു – ബൗദ്ധിക സ്വത്തവകാശം. ഒരു കാര്യം ശ്രദ്ധിക്കേണ്ടത് ഈ അവകാശങ്ങളൊക്കെ പാശ്ചാത്യവികസിത നാടുകളെയും നാട്ടാരെയും സംബന്ധിച്ചാണ് വികസിപ്പിക്കപ്പെട്ടത്. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിലും ഊന്നൽ കൊടുത്ത രാഷ്ട്രീയ സാമ്പത്തിക അവകാശങ്ങളും വോട്ടവകാശങ്ങളും രാഷ്ട്രീയ പാരതന്ത്ര്യത്തിൽക്കഴിഞ്ഞ കോളനി രാഷ്ട്രങ്ങളിൽ വളരെക്കാലത്തേയ്ക്ക് സാരമായ വ്യതിയാനങ്ങൾ സൃഷ്ടിച്ചില്ല.

അന്തർദേശീയ മനുഷ്യാവകാശ ബില്ലിൽ എല്ലാവരുടെയും ജന്മാവകാശമായി അംഗീകരിച്ച ഒരു നീണ്ട അവകാശപ്പട്ടികയുണ്ട്. അതിലെ അവകാശങ്ങളിൽ മിക്കതും സാർവലൗകിക മനുഷ്യാവകാശഘോഷണത്തിൽ നിന്ന് എടുത്തിട്ടുള്ള

താണ്.

സുരക്ഷിത ജീവിതം, വ്യക്തിസ്വാതന്ത്ര്യം, അടിമത്തം, കഠോര മർദനം, ദണ്ഡനം, യാതന എന്നിവയിൽ നിന്നുള്ള സംരക്ഷണം, ക്രൂരവും അനിതരസാധാരണവുമായ ശിക്ഷണനടപടികളിൽ നിന്നുള്ള സംരക്ഷണം, നിയമത്തിന് മുമ്പിൽ വ്യക്തിയെന്നുള്ള മനുഷ്യത്വപൂർണമായ അംഗീകാരം, നിയമദൃഷ്ടിയിൽ തുല്യത, അവകാശധ്വംസനങ്ങളെ നേരിടാൻ വേണ്ട നിയമസഹായവും പരിരക്ഷയും ലഭിക്കാനുള്ള അവകാശം, സ്വേച്ഛാപരമായ അറസ്റ്റിലും തടങ്കലിലും നിന്നുള്ള സംരക്ഷണം, സ്വതന്ത്രവും നിഷ്പക്ഷവുമായ നീതിന്യായം, കുറ്റം തെളിയിക്കപ്പെടുന്നതുവരെയുള്ള നിഷ്കളങ്കത്വം, ദ്രോഹിക്കാനുള്ള നിയമനിർമാണത്തിൽ നിന്ന് സംരക്ഷണം, സ്വന്തം കുടുംബത്തിനും സ്വകാര്യജീവിതത്തിനും വേണ്ട സംരക്ഷണം, സഞ്ചാര സ്വാതന്ത്ര്യം, എവിടെയും നിയമപരമായി താമസിക്കാനുള്ള സ്വാതന്ത്ര്യം, പീഡനങ്ങളിൽ നിന്ന് രക്ഷപ്പെടാനുള്ള സ്വാതന്ത്ര്യം, ദേശീയതയ്ക്കുള്ള സംരക്ഷണം, വിവാഹം കഴിക്കാനും കുടുംബം പുലർത്താനുമുള്ള സ്വാതന്ത്ര്യം, വസ്തുക്കൾ നിയമപരമായി സ്വന്തമാക്കാനുള്ള അവകാശം, ചിന്താസ്വാതന്ത്ര്യം, മനഃസാക്ഷിയ്ക്കനുസരണമായി പ്രവർത്തിക്കാനും മതവിശ്വാസം പുലർത്താനുള്ള അവകാശം, സഭ കൂടാനുള്ള അവകാശം, സംഘടനാസ്വാതന്ത്ര്യം, രാഷ്ട്രീയത്തിൽ പങ്കെടുക്കാനുള്ള അവകാശം, സാമൂഹിക സംരക്ഷ, നല്ല ചുറ്റുപാടുകളിൽ ജോലി ചെയ്യാനുള്ള അവകാശം, സ്വതന്ത്ര ട്രേഡ് യൂണിയൻ പ്രവർത്തനം, വിശ്രമത്തിനും ഒഴിവുകാലത്തിനുമുള്ള അവകാശം, ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യ സംരക്ഷണം, സാമൂഹിക സേവനങ്ങൾ, കുഞ്ഞുങ്ങൾക്കുള്ള പ്രത്യേക സംരക്ഷണം, സാംസ്കാരിക കാര്യങ്ങളിൽ പങ്കെടുക്കാനുള്ള അവസരം, സ്വയം നിർണയാവകാശം, തടങ്കലിൽ കഴിയേണ്ടിവന്നാൽ അധികാരികളിൽ നിന്ന് മനുഷ്യത്വപരമായ പെരുമാറ്റം ലഭിക്കാനുള്ള അവകാശം, വിദേശികൾക്ക് സ്വേച്ഛാപരമായ നിഷ്കാസനത്തിൽ നിന്നുള്ള പരിരക്ഷണം, വർഗീയവും മതപരവുമായ വിദ്വേഷങ്ങളിൽ നിന്ന് സംരക്ഷണം, ന്യൂനപക്ഷസംസ്കാരം സംരക്ഷിക്കുന്നതിനുള്ള അവകാശം.

സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾ നിറവേറ്റാൻ കഴിയുന്ന മനുഷ്യർക്ക് അന്തസ്സും അഭിമാനവും മാനസിക സംതൃപ്തിയും നിറഞ്ഞ ജീവിതം നയിക്കാനാവില്ലെന്ന് മിക്ക മനുഷ്യാവകാശസംരക്ഷണവാദികളും ചൂണ്ടിക്കാണിക്കുന്നു.

## പുതിയ ആഗോളക്രമം? അതോ പഴയ ക്രമത്തിന്റെ തുടർച്ചയോ?

ഇന്ന് ലോകമൊട്ടാകെ ഒരു പുതിയ സാമ്പത്തിക ക്രമമാണെന്ന് പറഞ്ഞു കേൾക്കുന്നു. എന്നാൽ ഐക്യരാഷ്ട്രസഭയുടെ രേഖകളിലും ദാരിദ്ര്യം തന്നെയാണ് ആധുനിക നൂറ്റാണ്ടിലെ മുഖ്യപ്രശ്നം. ലോകജനസംഖ്യയുടെ അഞ്ചിലൊന്ന് (ഏകദേശം 130 കോടി ജനങ്ങൾ) ഇപ്പോഴും കടുത്ത പട്ടിണിയിലും ദുരിതത്തിലുമാണ് കഴിയുന്നത്. മൊത്തം കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന 130 കോടിയിൽ 95 കോടിയും (73%) ഏഷ്യയിലാണ്. വികസിതമെന്ന് വിശേഷിപ്പിക്കപ്പെടുന്ന സമ്പന്നരാജ്യങ്ങളിൽ (മുഖ്യമായും പശ്ചിമയൂറോപ്പ്, അമേരിക്കൻ ഐക്യനാടുകൾ, ജപ്പാൻ) ഏതാണ്ട് നാലുകോടി ജനങ്ങൾക്ക് തൊഴിലില്ല; പത്ത് കോടിപ്പേരുടെ പ്രതിദിനവരുമാനം ഒരു ഡോളറിൽ താഴെയുമാണ്. ഇന്ത്യയിൽ ദയനീയമായ സാമൂഹിക പ്രശ്നങ്ങൾ അതിഗൗരവമായ തോതിൽ തുടരുന്നു.

ലോകത്തിലെ അന്ധന്മാരുടെ പകുതിയിലേറെ ഈ നൂറ്റാണ്ടിന്റെ മധ്യത്തോടെ ഇന്ത്യയിലാകാനാണ് സാധ്യത. ഏറ്റവും കൂടുതൽ നിരക്ഷരരുടെ നാടും ഇന്ത്യ ആയിരിക്കും. നാട്ടിലെ അരോഗ്യദൃഢഗാത്രരുടെ പകുതിയിലേറെപ്പേർക്ക് തൊഴിൽ കാണുകയില്ല. ഇരുപതുവർഷത്തിനകം ലോകത്തിന്റെ എയ്ഡ്സ് തലസ്ഥാനം ഇന്ത്യയായിരിക്കും. എഴുപതു ശതമാനത്തിലേറെ ഇന്ത്യാക്കാർക്ക് ശുദ്ധജലം ലഭിക്കുന്ന പ്രദേശങ്ങളിൽ താമസിക്കാൻ സാധിക്കുകില്ല. മലീമസമായിരിക്കും ഇന്ത്യയിലെ എല്ലാ വൻ നഗരങ്ങളും. ബാലവേല ചെയ്യുന്ന പത്തിനും പതിനാലിനുമിടെ പ്രായമുള്ള കുട്ടികൾ ലോകമൊട്ടാകെ ഏഴരക്കോടിയാണിന്ന്. അതിൽ നാലരക്കോടി (60%) ഏഷ്യയിലായിരിക്കും. ഭൂരിഭാഗവും ഇന്ത്യയിൽ.

നിരന്തരമായ അസന്തുലിത സമ്പദ്ഘടന, നിതാന്തമായ ഉച്ചനീചത്തങ്ങൾ, അതുല്യമായ നീതിനിർവഹണം, അടിസ്ഥാനാവശ്യങ്ങളുടെ നിഷേധം ഇതെല്ലാം വച്ചു പുലർത്തുന്ന ഒരു ലോകഘടനയാണ് നിലനിൽക്കുന്നത്.

എഴുപതു ശതമാനത്തോളം ജനങ്ങൾക്ക് അടിസ്ഥാന വിദ്യാഭ്യാസമോ സാക്ഷരതയോ നല്കാൻ കഴിയാത്ത രാഷ്ട്രങ്ങളിലും ഇൻഫർമേഷൻ സൊസൈറ്റിയാണ് നിലവിലുള്ളതെന്ന് തെറ്റായി പ്രചരിപ്പിക്കുന്നത് ശരിയാണോ? അതിനുപകരം ആ തെറ്റായ ധാരണ ശരിയാണെന്ന് പ്രചരിപ്പിക്കാൻ മാധ്യമങ്ങൾ ശ്രമിച്ചാലോ? ഇൻഫർമേഷൻ ടെക്നോളജി ഉപയോഗിച്ച് ഇത്രയും ഭാരിച്ച നിരക്ഷരത നീക്കാൻ കഴിയുമോ? ഐ.ടിയിലൂടെയും കമ്മ്യൂണിക്കേഷൻ വിപ്ലവത്തിലൂടെയും മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഭൂരിഭാഗം ജനങ്ങൾക്ക് എത്തിച്ചു കൊടുക്കുന്നതിൽ ഏതൊക്കെ രാഷ്ട്രങ്ങളാണ് വിജയിച്ചിട്ടുള്ളത്? പശ്ചിമയൂറോപ്പിലെയും വടക്കേ അമേരിക്കയിലെയും ജപ്പാനിലെയും ജനങ്ങളുടെ ഭൂരിഭാഗം ജനങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റം വന്നത് ഐ.ടിയിലൂടെയോ കമ്പ്യൂട്ടർവത്കരണത്തിലൂടെയോ കമ്മ്യൂണിക്കേഷനിലൂടെയോ ആണോ? അതോ മറിച്ചാണോ? ഈ സങ്കേതങ്ങൾ വികസിക്കുന്നതിന് എത്രയോ മുമ്പ് ആ രാജ്യങ്ങളിലെ ഭൂരിഭാഗം ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റിക്കഴിഞ്ഞു! ഈ ചരിത്രവസ്തുത മനസ്സിലാക്കാതെ വികസിതരാജ്യങ്ങളിലെ (സമ്പന്ന രാജ്യങ്ങൾ) ഏതു ചെറിയ ചലനവും അതേപടി ഏറ്റെടുത്ത്, അവിടങ്ങളിലെ തത്ത്വങ്ങൾ അന്ധമായി ഏറ്റുപറഞ്ഞ് ജീവിതനിലവാരം മെച്ചപ്പെടുത്താമെന്ന് വ്യാമോഹിക്കുന്നത് ശരിയാണോ?

ഐ.ടി. കൊണ്ടോ കമ്പ്യൂട്ടർവത്കരണം കൊണ്ടോ സാങ്കേതികമാർഗങ്ങൾ കൊണ്ടോ പരിഹരിക്കാവുന്ന ഒരു കാര്യമല്ലിത്. അടിസ്ഥാനപരമായ ഒരു പുനശ്ചിന്ത ആവശ്യമാണ്. ലോകശക്തികളിൽ അടിസ്ഥാനമായ മനംമാറ്റം ഉണ്ടാവുകയാണ് വേണ്ടത്.

വികസിതരാജ്യങ്ങളിൽ കമ്പ്യൂട്ടർവത്കരണം വന്നത് 90 മുതൽ 95 ശതമാനം വരെ സാക്ഷരത നേടിയ ശേഷമാണെന്ന് മറക്കരുത്. സമ്പന്നരുടെ ആവശ്യങ്ങൾക്കായി ദരിദ്രരുടെ മുൻഗണനകൾ കാറ്റിൽ പറത്താമോ? സാക്ഷരതയും വിദ്യാഭ്യാസവും കൂടാതെ ഏതെങ്കിലും ഒരു രാജ്യം സാമൂഹിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടിട്ടുണ്ടോ?

ഏതു ജനതയുടെയും ഭാവി ഒരു വലിയ

**ഇന്ന് ലോകമൊട്ടാകെ ഒരു പുതിയ സാമ്പത്തിക ക്രമമാണെന്ന് പറഞ്ഞു കേൾക്കുന്നു. എന്നാൽ ഐക്യരാഷ്ട്രസഭയുടെ രേഖകളിലും ദാരിദ്ര്യം തന്നെയാണ് ആധുനിക നൂറ്റാണ്ടിലെ മുഖ്യ പ്രശ്നം. ലോകജനസംഖ്യയുടെ അഞ്ചിലൊന്ന് (ഏകദേശം 130 കോടി ജനങ്ങൾ) ഇപ്പോഴും കടുത്ത പട്ടിണിയിലും ദുരിതത്തിലുമാണ് കഴിയുന്നത്. കടുത്ത ദാരിദ്ര്യം അനുഭവിക്കുന്നവരിൽ 95 കോടിയും (73%) ഏഷ്യയിലാണ്.**

അളവുവരെ സാമൂഹിക നീതിയെ ആശ്രയിച്ചിരിക്കും. സാമൂഹിക നീതിയാണ് രാഷ്ട്രീയ സ്ഥിരതയ്ക്ക് ആവശ്യമായ ഘടകം. സാമൂഹിക അനീതി നിലനിർത്തുന്ന സമൂഹങ്ങൾ കാലക്രമേണ നാശത്തിലേക്ക് സ്വയം നീങ്ങുമെന്നത് ചരിത്രസത്യവും പ്രകൃതിനിയമവുമാണ്.

ദാരിദ്ര്യനിർമാർജനത്തിന് ഇന്നുള്ള പരിഗണന ഐ.ടി. എങ്ങനെ അതിന് സഹായിക്കുമെന്നതിനെ അടിസ്ഥാനപ്പെടുത്തി മാത്രമാണ്.

നാല് വർഷം മുമ്പ് ബ്രിട്ടനിലെ ഇന്റർനാഷണൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് ഇറക്കിയ ധവളപത്രത്തിൽ ശ്രദ്ധേയമായ ചില കാര്യങ്ങൾ ഉണ്ട്. നീതിപൂർവകവും അഭംഗുരവുമായ ഒരു ലോകം കെട്ടിപ്പടുക്കണമെങ്കിൽ കേവലദാരിദ്ര്യം (absolute poverty) തുടച്ചു നീക്കണം. കാരണം അത്യന്തദാരിദ്ര്യത്തിൽ കഴിയേണ്ടിവരുന്നവരുടെ എണ്ണം വർധിച്ചു കൊണ്ടിരിക്കുന്നു.

ജനസംഖ്യാവികസനം, പാരിസ്ഥിതിക ത്തകർച്ച രോഗങ്ങളുടെയും ഏറ്റുമുട്ടലുകളുടെയും വർധന ഇതെല്ലാം ഭൂമിയിൽ അതീവ നാശകരമായ സമ്മർദ്ദം ചെലുത്തും.

ദാരിദ്ര്യത്തിലും പോഷണക്കുറവിലും ജീവിതം ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഈ ദൈവസൃഷ്ടികൾക്ക് അനുദിനം അനേകം മനുഷ്യാവകാശ നിഷേധങ്ങൾ സംഭവിക്കുകയാണ്.

## ആഗോളഗ്രാമത്തിന്റെ ഇന്നത്തെ അവസ്ഥ

ഏതാണ്ട് മുപ്പത് വർഷം മുമ്പാണ് മാർഷൽ മക്‌ലൂഹാൻ എന്ന കമ്മ്യൂണിക്കേഷൻ പണ്ഡിതൻ ആഗോളഗ്രാമം എന്ന ആശയത്തെപ്പറ്റി എഴുതിയത്.

സാങ്കേതികമായി പറഞ്ഞാൽ ഭൂഗോളം ഒരു ഗ്രാമമായിത്തീർന്നിരിക്കാം. പക്ഷേ സാമൂഹികശാസ്ത്രപ്രകാരം ലോകത്ത് എന്നും നടമാടിയിട്ടുള്ള അസമത്വങ്ങൾ, സാമ്പത്തിക അസന്തുലിതാവസ്ഥ, സാമൂഹിക പ്രശ്നങ്ങൾ ഇതെല്ലാം വലിയ വ്യത്യാസം കൂടാതെ തുടരുകയും തന്നിമിത്തം സമൂഹങ്ങൾ തമ്മിലുള്ള അന്തരം വർധിക്കുകയും ചെയ്തിരിക്കുകയാണ്.

ഏതാണ് ഈ ആഗോളഗ്രാമത്തിന്റെ ഘടന? ഈ ഗ്രാമത്തിൽ 100 പേർ വസിക്കുന്നെന്നിരിക്കട്ടെ. ഇതിൽ ഒറ്റയൊരാളിനാണ് ഉന്നതവിദ്യാഭ്യാസത്തിന് അവസരം കിട്ടുന്നത്. ഗ്രാമത്തിലെ ആറുപേർ ഗ്രാമത്തിന്റെ മൊത്തം വരുമാനത്തിന്റെ പകുതി കൈയടക്കി വച്ചിരിക്കുകയാണ്. എഴുപതു പേർ ദരിദ്രരാണ്. അമ്പതുപേർ നല്ല വിദ്യാഭ്യാസമോ ആരോഗ്യമോ ഇല്ലാത്തവരെന്നു മാത്രമല്ല അടിക്കടി രോഗങ്ങൾക്കും അക്രമങ്ങൾക്കും മനുഷ്യാവകാശധ്വംസനങ്ങൾക്കും ഇരയാകുന്നു. ഏകദേശം 60



പേർക്ക് എഴുതാനും വായിക്കാനും അറിയില്ല. അത്രത്തോളം പേർക്ക് ശരിയായ ആഹാരമോ വസ്ത്രമോ കുടിവെള്ളമോ പാർപ്പിടമോ ഇല്ല. ഇരുപത്തിയഞ്ചു വർഷം മുമ്പ് ഈ ദുഃസ്ഥിതിയെപ്പറ്റി ഫെല്ലോഷിപ്പ് (മാഗസിൻ ഓഫ് ഫെല്ലോഷിപ്പ് ഓഫ് കൺസിലിയേഷൻ) പരിതപിച്ചു. ഇന്ന് ആഗോളഗ്രാമത്തിന്റെ സ്ഥിതി മെച്ചപ്പെട്ടിട്ടില്ല.

ലോകപ്രശസ്തശാസ്ത്രജ്ഞനായ എം.എസ്. സ്വാമിനാഥൻ അടുത്തകാലത്ത് ചില കണക്കുകൾ 'ദി ഹിന്ദു' വിൽ എടുത്തുകാണിച്ചിരുന്നു.

ലോകജനതയുടെ പകുതിപ്പേർ 1993-ൽ ജീവിച്ചത് പ്രതിദിനം രണ്ട് ഡോളർ കഷ്ടിച്ച് സമ്പാദിച്ചുകൊണ്ടാണ്. നാലിലൊന്ന് പേർ കടുത്ത ദാരിദ്ര്യത്തിലാണ് പുതിയ സഹസ്രാബ്ദത്തെ വരവേറ്റത്. ദിവസം പ്രതി സമ്പന്നരും ദരിദ്രരും തമ്മിലുള്ള അകലം വർധിക്കുകയാണ്. ഐക്യരാഷ്ട്രസഭയുടെ ലക്ഷ്യം 2015-ൽ ദാരിദ്ര്യം നേർപകുതിയാക്കുകയാണ്. പക്ഷേ ഇന്നുകാണുന്ന അത്യന്തം ദുഃഖകരമായ ഈ അകൽച്ച ആ ലക്ഷ്യത്തെ തകരാറിലാക്കുകയില്ലേ?

മാധ്യമങ്ങൾ അങ്ങിങ്ങായി മനുഷ്യാവകാശധ്വംസനങ്ങളെപ്പറ്റിയുള്ള വാർത്തകളും ലേഖനങ്ങളും പരിപാടികളും വായനക്കാരുടെയും പ്രേക്ഷകരുടെയും മുമ്പിൽ അവതരിപ്പിക്കാറുണ്ട്. പക്ഷേ മിക്കതും പൊലീസ്-പൊതുജനസംഘർഷങ്ങളെയും പൊലീസിന്റെ മനുഷ്യാവകാശധ്വംസനങ്ങളെപ്പറ്റിയുമാണ്. കുറെക്കൂടെ വിശാലമായ കാഴ്ചപ്പാടിൽ സാമൂഹിക മനുഷ്യാവകാശലംഘനമായി ദാരിദ്ര്യത്തെയും നിരക്ഷരതയെയും തൊഴിലില്ലായ്മയെയും അതുപോലുള്ള കാര്യങ്ങളെയും കണക്കാക്കി പൊതുജനാഭിപ്രായം രൂപപ്പെടുത്തുകയും പൊതുജനാഭിപ്രായം പ്രതിഫലിപ്പിക്കുകയും ചെയ്യേണ്ട ചുമതല മാധ്യമങ്ങൾക്കില്ലേ? മാധ്യമങ്ങൾ ഇങ്ങനെയൊരു സമീപനം സ്വീകരിക്കാത്തതിനാൽ മതമൗലികവാദവും സാമൂഹിക വർണജാതി വിവേചനവും മറ്റും മനുഷ്യാവകാശലംഘനങ്ങളായി കാണാൻ കഴിയാതെ പോകുന്നു. പിന്നെ, ദാരിദ്ര്യവും അതുമായി ബന്ധപ്പെട്ട് കിടക്കുന്ന സാമൂഹിക വൈകല്യങ്ങളുടെയും കാര്യം പറയേണ്ടതുണ്ടോ?

**കുറേക്കൂടെ വിശാലമായ കാഴ്ചപ്പാടിൽ സാമൂഹിക മനുഷ്യാവകാശലംഘനമായി ദാരിദ്ര്യത്തെയും നിരക്ഷരതയെയും തൊഴിലില്ലായ്മയെയും അതുപോലുള്ള കാര്യങ്ങളെയും കണക്കാക്കി പൊതുജനാഭിപ്രായം രൂപപ്പെടുത്തുകയും പൊതുജനാഭിപ്രായം പ്രതിഫലിപ്പിക്കുകയും ചെയ്യേണ്ട ചുമതല മാധ്യമങ്ങൾക്കില്ലേ?**

ഡോ.എസ്. മോഹനചന്ദ്രൻ



# ചാക്യാർ ഫലിതങ്ങൾ

**കേരളീയ പാരമ്പര്യം ഉൾക്കൊണ്ട ഉത്തമമായ വിനോദകലയാണ് ചാക്യാർകൂത്ത്. ആ കലയെപ്പറ്റിയും പ്രശസ്തമായ ചില ചാക്യാർഫലിതങ്ങളെപ്പറ്റിയും...**

ചാക്യാർ എന്ന പദം ശ്ലാഘ്യൻ അതായത് മാന്യപുരുഷന്മാർ എന്നതിന്റെ പ്രാകൃതരൂപമാണെന്ന് ഒരഭിപ്രായമുണ്ട്. ശ്ലാഘ്യകുലജന്യന്മാരായിരുന്നതിനാൽ അവർക്ക് ചാക്യാർ എന്ന പേര് സിദ്ധിച്ചുവെന്ന് ശബ്ദതാരാവലിയുടെ കർത്താവ് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള അഭിപ്രായപ്പെടുന്നു. ഐതിഹ്യമാല രചിച്ച കൊട്ടാരത്തിൽ ശങ്കുണ്ണിയാകട്ടെ ശ്ലാഘ്യവാക്കുകാർ എന്നതിന്റെ തത്ഭവമാണ് ചാക്യാർ എന്നാണ് പറയുന്നത്. ചാക്യാർ പ്രബന്ധം പറയുമ്പോൾ പ്രകടിപ്പിയ്ക്കാറുള്ള വാക്കിന്റെ ശ്ലാഘ്യത കൊണ്ടായിരിക്കണം ശ്ലാഘ്യവാക്കുകാർ എന്ന് അവരെ പറയുന്നത്. ചാക്യാർ അഥവാ ചാക്കിയാർ എന്നത് ചാക്കി എന്ന പദത്തിൽ നിന്നുണ്ടായ പൂജകബഹുവചനമാണെന്നാണ് ഗുണ്ടർട്ടിന്റെ നിഘണ്ടുവിലെ പരാമർശം. ശാക്യൻ പദത്തിൽ നിന്നുണ്ടായ ചാക്യൻ എന്നതിന്റെ രൂപഭേദമാണ് ചാക്യാർ എന്ന അഭിപ്രായവും ചാക്ക എന്ന പദത്തിൽ നിന്നുണ്ടായ ചാക്കൈ അല്ലെങ്കിൽ ചാക്കൈയൻ എന്നതിന്റെ രൂപഭേദമാണ് എന്നുമുള്ള അഭിപ്രായവും നിലവിലുണ്ട്. ചാക്ക എന്ന വാക്കിന് കൊടുത്തു കാണുന്ന തറ എന്ന അർത്ഥത്തിന് രംഗം എന്ന വിശേഷാർത്ഥം സ്വീകരിച്ച് രംഗോപജീവികൾ എന്നും ക്ഷേത്രത്തിൽ നൃത്തനാട്യങ്ങൾ നടത്തുന്നവർ എന്നുള്ള അർത്ഥത്തിൽ ചാക്കൈയൻ എന്ന പേര് സിദ്ധിച്ചുവെന്നും അത് കാലക്രമത്തിൽ ചാക്യാർ എന്നായി എന്നും വിചാരിക്കേണ്ടിയിരിയ്ക്കുന്നു. ശാക്യന്റെ തത്ഭവമായ ചാക്കിയൻ എന്നതിന്റെ രൂപഭേദമാണ് ചാക്യാർ എന്ന പദമെന്നുള്ളത് കൂടുതൽ സാംഗത്യം ഉള്ളതായി കണക്കാക്കാം.

കേരളത്തിൽ നില നിന്ന സംസ്കൃത നാടക പാരമ്പര്യത്തിന്റെ ഉത്തമ നിദർശനമാണ് ചാക്യാർകൂത്ത്, കൂടിയാട്ടം, നങ്ങ്യാർകൂത്ത് എന്നിവ. കേരളത്തിലെ സാമുദായിക ജീവിതത്തിന്റെയും സാഹിത്യത്തിന്റെയും പുരോഗതിയ്ക്ക് വളരെയധികം സംഭാവന നൽകിയിട്ടുള്ള ദേശീയ നാട്യകലയാണ് ചാക്യാർകൂത്ത്. കൂത്തും കൂടിയാട്ടവും അവതരിപ്പിക്കുന്നത് ചാക്യാർ സമുദായക്കാരാണ്. കഥാപ്രസംഗത്തിന് മാത്രമാണ് ചാക്യാർകൂത്ത് എന്ന് വിളിയ്ക്കാറുള്ളത്. നടൻ ഒരാൾ മാത്രം മതി. മിഴാവ് എന്ന വാദ്യം മാത്രമേ ഉപയോഗിക്കൂ. എ.ഡി. രണ്ടാം നൂറ്റാണ്ടിൽ ഇളങ്കോവടികൾ രചിച്ച ചിലപ്പതികാരം എന്ന തമിഴ് മഹാകാവ്യത്തിൽ പെരുമാക്കന്മാരുടെ കൊട്ടാരത്തിൽ ചാക്യാൻമാർ കൂത്ത് അവതരിപ്പിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. അക്കാലത്ത് തന്നെ ചാക്യാന്മാർ ഉണ്ടായിരുന്നുവെന്നതിന് വേറെ തെളിവ് വേണ്ട. പൗരാണികനായ സൂതൻ എന്ന സങ്കല്പത്തിൽ വിദൂഷകവേഷത്തിൽ ചാക്യാന്മാർ പുരാണ കഥാപ്രസംഗം നടത്തി ജനങ്ങൾക്ക് അറിവ് ഉണ്ടാക്കിക്കൊടുക്കുകയായിരുന്നു ചാക്യാർ കൂത്തിന്റെ ലക്ഷ്യം. കഥ പറയുമ്പോൾ കാര്യത്തിന് കോട്ടം തട്ടാത്ത വിധത്തിൽ ഫലിതം പറഞ്ഞ് പ്രേക്ഷകരെ രസിപ്പിക്കുക എന്നതാണ് ചാക്യാരുടെ നൈസർഗികമായ പ്രവൃത്തി. കേൾക്കുന്നവർക്ക് ചിരിപൊട്ടണം, വാഗർത്ഥങ്ങളിൽ വൈചിത്ര്യം നിറഞ്ഞൊഴുകണം. ഇത്തരത്തിലുള്ള വാക്കാണ് ഫലിതം. കൂത്ത് പറയലും പുരുഷാർത്ഥം പറയലുമെല്ലാം സരസനും സാമൂഹിക വിമർശകനുമായ ചാക്യാരിലെ നടന്റെ വൈഭവം വെളിവാക്കുന്നു. സംസ്കൃത ശ്ലോകങ്ങളുടെ പരാവർത്തനം ഭാഷയിൽ അവതരിപ്പിച്ച് പരിഭാഷ വിദൂഷകനെ കൊണ്ട് ചെയ്യിച്ച് അഭിനയിച്ച് പ്രേക്ഷകരെ വശീകരിയ്ക്കുന്നത് വളരെ ശ്രദ്ധേയമാണ്.

ചാക്യാർകൂത്തിന് ലളിതമായ വിദൂഷക വേഷമാണ്. അത് ഇപ്രകാരമാണ്. മുഖത്തും മാറിടത്തിലും മുട്ടിനുമീതെ കൈയിലും വെളുത്ത അരിമാവ് പൂശിയിരിക്കും. നെറ്റി, മൂക്ക്, താടി, കവിളുകൾ എന്നീ സ്ഥാനങ്ങളിലായി അഞ്ച്, മാറിടത്തിന്റെ നടുവിലും ചുവട്ടിലും മുകളിലും ഇടത്തും വലത്തും

ഓരോന്നുവീതം. രണ്ടുകൈയിലും മുകളിലും കീഴ്പോട്ടുമായി രണ്ടുവീതം. ഇങ്ങനെ പതിനാലു ദിക്കിൽ നൂറും മഞ്ഞളും ചേർത്ത് ചാലിച്ച ചുവന്ന പൊട്ട് തൊട്ടിരിയ്ക്കും. കൺപോളയടക്കം മഷിയെഴുതി വീതിയിൽ വാലിട്ടിരിയ്ക്കും. വലിയ മീശ വയ്ക്കും. ശിരസ്സിൽ കുടുമ, വാസികം, പീലിപ്പട്ടം എന്നിവ കാണും. രണ്ടു ചെവിയിലും ചെവിപ്പൂവുകൾ. കൈകളിൽ കടകം കാണും. ഉത്തരീയത്തിന് പുറമെ അരയിൽ ചരട് കെട്ടിയിരിക്കും. മാറിടത്തിൽ വെളുത്ത പൂണൂലും കാണും. ഹാസ്യരസമാണ് മുഖത്ത് നിഴലിയ്ക്കുന്നത്. കൂത്ത് തുടങ്ങുന്നതിന് മുമ്പ് പൂണൂൽ തേയ്ക്കുക, കുടുമ വേർപെടുത്തുക, മീശ ശരിപ്പെടുത്തുക, ഗോഷ്ഠി കാണിക്കുക, അരങ്ങ് തളിയ്ക്കുക തുടങ്ങിയ അനേകം ക്രിയകൾ വിദൂഷകനായി വേഷമിട്ടു വരുന്ന ചാക്യാർ രംഗത്ത് പ്രകടിപ്പിയ്ക്കും.

ലളിതവും വിസ്തൃതവും വ്യക്തവും സരസവുമായ കഥാകഥനസമ്പ്രദായം ചാക്യാർകൂത്തിന്റെ മാത്രം പ്രത്യേകതയാണ്. യഥാർത്ഥ വായ്മൊഴി ചാക്യാരുടെ കഥാസംഭാഷണങ്ങളിൽ നിഴലിയ്ക്കുന്നുണ്ട്. പറയുന്ന കഥകളെല്ലാം നേരിട്ട് കാണുന്നതുപോലെ പ്രേക്ഷകർക്ക് തോന്നും. എത്ര നിസ്സാരമായ വിഷയം കിട്ടിയാലും അതിനെ പരത്തിപ്പറഞ്ഞ് വിശദമാക്കുക ചാക്യാരുടെ സ്വഭാവമാണ്. ചുക്കില്ലാത്ത കഷായമില്ല എന്നു പറയും പോലെ ഫലിതമില്ലാത്ത ചാക്യാർ കൂത്തും ഉണ്ടാകില്ല. പ്രേക്ഷകരെ ചൂണ്ടിപ്പറയുന്ന സമ്പ്രദായവും ഈ കലയിലുണ്ട്. കഥയിലുണ്ടാകാവുന്ന സംഭാഷണമെല്ലാം കാണികളോട് നേരിട്ട് പറയുന്ന രീതിയിലാണ് അവതരണം. കാഴ്ചക്കാരായി ഇരിയ്ക്കുന്നവർ ചാക്യാർ കഥയിലെ കഥാപാത്രങ്ങളായി മാറുന്നുവെന്നത് ഒരു പ്രത്യേകതയാണ്. വിശ്വാമിത്രൻ ജനകമഹാരാജാവിന്റെ രാജധാനിയിലേക്ക് പ്രവേശിയ്ക്കുമ്പോൾ ജനകൻ സ്വാഗതം ചെയ്യുന്ന സന്ദർഭം അവതരിപ്പിയ്ക്കുമ്പോൾ പ്രേക്ഷകരുടെ ഇടയിൽ നിന്ന് വിശ്വാമിത്രനായി കല്പിക്കാൻ ഒരാളെ തെരഞ്ഞുപിടിച്ച് അയാളെ ചൂണ്ടിയായിരിക്കും ചാക്യാർ സ്വാഗതം പറയുന്നത്.



**കൂത്ത് അവതരിപ്പിയ്ക്കുമ്പോൾ ആരെയും ആക്ഷേപിക്കാനുള്ള അവകാശം ചാക്യാർക്കുണ്ട്. ആക്ഷേപവാക്കുകളെ ആരെങ്കിലും എതിർത്താൽ അപ്പോൾത്തന്നെ കൂത്ത് അവസാനിപ്പിയ്ക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ട്.**

ഒരു കഥാസന്ദർഭത്തിൽ തന്നെ പല കഥാപാത്രങ്ങളായി ചാക്യാർ മാറുന്ന രംഗം രസാവഹമാണ്. ഭഗവത്ദൂതിൽ ദുര്യോധനൻ ശ്രീകൃഷ്ണനെ പിടിച്ചുകെട്ടുവാൻ ദുശ്ശാസനന് ആജ്ഞ കൊടുക്കുന്ന സന്ദർഭം ഉദാഹരണമായി എടുക്കാം. ദുര്യോധനന്റെ സ്തോഭത്തിൽ ചാക്യാർ പീഠത്തിലിരുന്ന് ദുര്യോധനന് യോജിച്ച ഭാഷയിലും ശബ്ദത്തിലും ആജ്ഞ നൽകുന്നു. ഉടനെ ചാക്യാർ എഴുന്നേറ്റ് നിന്ന് ദുശ്ശാസനന്റെ ഭാവത്തിൽ ആ കല്പന അനുസരിച്ച് ഉത്സാഹം നടിയ്ക്കും. എന്നിട്ട് കർണ്ണനായിട്ട് സന്തോഷം പ്രകടിപ്പിക്കും, ധൃതരാഷ്ട്രരായിട്ട് അമ്പരന്നിരിയ്ക്കും, ഭീഷ്മരായിട്ട് തലതാഴ്ത്തും, ശ്രീകൃഷ്ണൻ തന്റെ സിംഹാസനത്തിൽ അമർന്ന് ചാരി അന്തസ്സിൽ ഇരിക്കും. ആ അഭിനയങ്ങളെല്ലാം ചാക്യാർ വേഗത്തിൽ തീർക്കും. രംഗസ്ഥന്മാരെല്ലാം കൗരവ സഭയിലുള്ളവരായി മാറും.

കൂത്തുകാണാൻ വന്നവരിൽ ആരോടെങ്കിലും പകയോ വിദ്വേഷമോ ഉണ്ടെങ്കിൽ പകരം വീട്ടാനുള്ള അവസരവും ചാക്യാർ കണ്ടെത്താറുണ്ട്. കഥ പറയുന്ന അവസരത്തിൽത്തന്നെ ചാക്യാർ സന്ദർഭോചിതമായി ആക്ഷേപവാക്കുകൾ തൊടുത്തു വിടും. ഇതിന് ചാക്യാർക്ക് പ്രത്യേകം സാമർത്ഥ്യവും കുശാഗ്രബുദ്ധിയും ഉണ്ടായിരിയ്ക്കും. മാത്രവുമല്ല, കൂത്ത് അവതരിപ്പിയ്ക്കുമ്പോൾ ആരെയും ആക്ഷേപിക്കാനുള്ള അവകാശം ചാക്യാർക്കുണ്ട്. ആക്ഷേപ വാക്കുകളെ ആരെങ്കിലും എതിർത്താൽ അപ്പോൾത്തന്നെ കൂത്ത് അവസാനിപ്പിയ്ക്കാനുള്ള സ്വാതന്ത്ര്യവും ഉണ്ട്.

ചാക്യാർകൂത്തിൽ പ്രസിദ്ധനായിരുന്ന 'പൊതിയിൽ രാമച്ചാക്യാർ' ഒരിക്കൽ കൂത്ത് അവതരിപ്പിക്കവെ സമർത്ഥനായ മറ്റൊരു ചാക്യാരെ ആക്ഷേപിച്ചു. ആക്ഷേപശരങ്ങളേറ്റ ചാക്യാർക്ക് ക്ഷമിക്കാനേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. മറ്റൊരു അവസരത്തിൽ ആക്ഷേപം ഏറ്റുവാങ്ങിയ ചാക്യാർക്ക് കൂത്ത് അവതരിപ്പിയ്ക്കാൻ അവസരം കിട്ടി. ഈ കൂത്തിൽ നേരത്തെ പരമാർശിച്ച പൊതിയിൽ രാമചാക്യാർ പ്രേക്ഷകനായി പങ്കുകൊണ്ടിരുന്നു. ഒരു സ്വയംവരാഘോഷത്തിൽ കലവറയെ വർണിച്ചുതുടങ്ങിയപ്പോൾ അസ്ഥാനത്ത് വച്ചിരുന്ന ഒരു സാധനം കണ്ടുപിടിച്ചതുപോലെ ചാക്യാർ സദസ്സിലിരുന്ന രാമചാക്യാരുടെ അടുത്ത് ചെന്ന് ഇങ്ങനെ പറഞ്ഞു തുടങ്ങി. ഈ പൊതിയിൽ രാമച്ചാക്യാര് എന്ന്. പിന്നെയും ചാക്യാർ അദ്ദേഹത്തെ ചൂണ്ടിക്കാണിച്ചിട്ട് പൊതിയിൽ രാമച്ചാക്യാര്! വിഡ്ഢി വിടു വിഡ്ഢി എന്നിങ്ങനെ ഉറക്കെ വിളിച്ചു പറഞ്ഞു. ഈ പൊതിയിൽ രാമച്ചം എന്ന മണമുള്ള സാധനം ആക്കിയത് ആരാണ്? രാമച്ചം വേറൊരിടത്ത് വയ്ക്കാനുള്ളതല്ലേ? അങ്ങനെ ചെയ്തവൻ വിഡ്ഢിയാണ് എന്നൊക്കെ കഥയിലുൾപ്പെടുത്തി ആക്ഷേപവാക്കുകകൾക്ക് കൊഴുപ്പു കൂട്ടി. കലവറ വർണ്ണന ശരിയായി അവതരിപ്പിച്ച ചാക്യാർ മുമ്പ് തന്നെ ആക്ഷേപിച്ച ചാക്യാരോട് കൂത്തിലൂടെ തന്നെ പകരംവീട്ടി. ആക്ഷേപത്തിന് പാത്രമായ രാമച്ചാക്യാരാകട്ടെ താൻ കേമനെന്നു ഭാവിച്ചുകൊണ്ട് അവിടെനിന്ന് പോയി.



കഥ പറയുന്ന അവസരത്തിൽ കാര്യത്തിൽ കോട്ടം തട്ടാത്ത വിധത്തിൽ ഫലിതം പറഞ്ഞ് പ്രേക്ഷകരെ രസിപ്പിയ്ക്കുകയും ചിന്തിപ്പിയ്ക്കുകയും ചെയ്യുകയാണ് ചാക്യാരുടെ പ്രവൃത്തി. തോരണയുദ്ധം കഥ അവതരിപ്പിയ്ക്കുന്ന ഘട്ടത്തിലെ ചാക്യാരുടെ അഭിനയവും സംഭാഷണവും ശ്രദ്ധേയമാണ്. ഹനുമാനെ ജീവനോടെ പിടിച്ചുകൊണ്ടുവരാൻ രാവണൻ നിയോഗിച്ചയച്ച അക്ഷയകുമാരനെ ഹനുമാൻ ഹനിച്ച വിവരത്തെ രാവണനോട് ചെന്നുണർത്തിക്കേണ്ട കാര്യത്തിൽ യുദ്ധത്തെയും തന്റെ കൃത്യത്തെയും പറ്റി ഒരു രാക്ഷസഭടൻ പറയുന്നത് ഇപ്രകാരമാണ്. കുരങ്ങൻ കുതിരയെ ഒരു കടി, സാരഥിയെ ഒരിടി, വില്ലൊരൊടി, തേരൊരടി, കുമാരനെ ഒരു പിടി, ഒക്കെകൂട്ടതകിടുപൊടി, ഇതെല്ലാം കണ്ടിട്ടെനിക്കൊരു പേടി, രാജാവിനെ ഉണർത്തിക്കൊനൊരു മടി.

പ്രബന്ധം പറയുമ്പോൾ പ്രസംഗം വരുത്തി പ്രേക്ഷകരെ ആരെയെങ്കിലും കളിയാക്കി ഫലിതം കൊണ്ട് പ്രബന്ധം കൊഴുപ്പിയ്ക്കുകയാണ് ചാക്യാരുടെ മറ്റൊരു ഫലിത പ്രകടനം. സുഭദ്രാഹരണം പ്രബന്ധം പറയുന്ന അവസരത്തിൽ സുഭദ്രയ്ക്ക് കാമപീഡകൊണ്ട് ഉറക്കമില്ലാതായി എന്നും അതിന് നിവാരണ ഔഷധം കൊണ്ടുവരാൻ കല്പിയ്ക്കപ്പെട്ട കിങ്കരന്മാർ അത് അന്വേഷിച്ചു നടക്കുന്നുവെന്ന് പറയുന്ന ഘട്ടത്തിൽ കിങ്കരനായി നടിച്ച് പ്രബന്ധം കേൾക്കുവാനിരിയ്ക്കുന്നവരുടെ കൂട്ടത്തിൽ തുളസിമാലയും പിടിച്ച് ഉറങ്ങുന്ന ഒരു ബ്രാഹ്മണന്റെ അടുത്ത് ചെന്ന് 'കൈകൊട്ടി ഉണർത്തി, ഏഹേ, സുഭദ്രയ്ക്ക് ഉറക്കമില്ലാതെ വളരെ ബുദ്ധിമുട്ടുന്നുണ്ട്. ദയവുചെയ്ത് ആ മാലയിൽ നിന്ന് ഒരു കുരു എടുത്ത് തരാമോ സുഭദ്രയ്ക്ക് ഉറക്കം വരുത്താൻ'. മാലയാണ് ഉറക്കത്തിന് കാരണമെന്ന സങ്കല്പിച്ചുകൊണ്ടാണ് ചാക്യാർ സഭയിലിരുന്ന് ഉറങ്ങിയ ആളെ കളിയാക്കിയത്.

ചാക്യാർഫലിതത്തെപ്പറ്റി മറ്റൊരു രസകരമായ സംഭവം വിവരിയ്ക്കാം. ഒരിക്കൽ ഒരു സാമൂതിരിപ്പാട് തമ്പുരാൻ ചാക്യാരെ ക്ഷണിച്ച് കോഴിക്കോട് തളിക്ഷേത്രത്തിൽ കൂത്ത് അവതരിപ്പിച്ചു. ആ തമ്പുരാനാകട്ടെ പൂച്ചക്കണ്ണനായിരുന്നു. ചാക്യാർ കൂത്ത് അവതരിപ്പിയ്ക്കവെ പ്രസംഗത്തിനിടയിൽ തമ്പുരാനെ പൂച്ചക്കണ്ണനെന്നു പറഞ്ഞ് ആക്ഷേപിച്ചു. ചാക്യാർ അരങ്ങത്തുവച്ച് ആരെ ആക്ഷേപിച്ചാലും ചോദ്യം ചെയ്യാൻ

**കാമമെന്ന പുരുഷാർത്ഥം പറയുന്ന അവസരത്തിൽ കാമത്തിന് വശംവദരായിട്ടുള്ള സ്ത്രീപുരുഷന്മാർ പ്രവർത്തിച്ചുവരുന്ന ചാപല്യങ്ങളെ നിർദയം തുറന്നു പറയുകയും കള്ള സന്ന്യാസിമാരുടെ ചായം പുറത്താക്കുകയും ചെയ്യുന്നതുകൊണ്ട് സമുദായത്തിന് ഗുണം ഉണ്ടാകുന്നുണ്ട്.**

പാടില്ലയെന്നാണ് നിയമം. അതിനാൽ തമ്പുരാൻ ഒന്നും മിണ്ടിയില്ല. പിന്നെയൊരു അവസരത്തിൽ വഴിമദ്ധ്യേ യാദൃശ്ചികമായി തമ്പുരാൻ പ്രസ്തുത ചാക്യാരെ കാണാനിടയായി. അപ്പോൾ ചാക്യാർ ബഹുമാനപൂർവം തമ്പുരാന്റെ അരികിലേക്ക് മാറിനിന്നു. ഉടനെ തമ്പുരാൻ തന്റെ അകമ്പടിക്കാരന്റെ കൈയ്യിൽ നിന്ന് വാൾ വാങ്ങി ചാക്യാരുടെ നേരെ ഓങ്ങിക്കൊണ്ട് ഇപ്പോഴോ ചാക്യാരേ എന്ന് ചോദിച്ചു. അരങ്ങത്ത് അധികാരം ചാക്യാർക്കാണെങ്കിലും മറ്റ് അവസരങ്ങളിൽ അധികാരം തമ്പുരാനാണ് എന്നുള്ള വിചാരത്തോടെയാണ് തമ്പുരാൻ അങ്ങനെ ചോദിച്ചത്. തമ്പുരാന് മറുപടിയായി ചാക്യാർ ഇപ്പോൾ പൂച്ചയെക്കണ്ട എലിയെപ്പോലെയായി എന്നു പറഞ്ഞു.



അപ്പോഴും ചാക്യാർ തമ്പുരാനെ പൂച്ചയാക്കിപ്പറഞ്ഞ ആ ഫലിതത്തിലെ രസികത്വം വിചാരിച്ച് തമ്പുരാൻ വളരെ സന്തോഷിച്ചു. ഉടനെ വാൾ താഴെയിട്ടു. എന്നിട്ട് ചാക്യാർക്ക് സമ്മാനം നൽകി പറഞ്ഞയച്ചു.

മാർഗിനാരായണൻ ത്രിപുരദഹനം കഥ ചാക്യാർകൂത്തായി അവതരിപ്പിച്ചത് ഈയിടെ ഈ ലേഖകൻ കാണുകയുണ്ടായി. ദേവന്മാരുടെ ഉപദ്രവം വർണിക്കുന്ന അവസരത്തിൽ വേഗത്തിൽ നടന്നുവരുന്ന രണ്ടുപേരെ ചൂണ്ടിക്കാട്ടി, അവർ ഉപദ്രവം സഹിയ്ക്കവയ്യാതെ ഓടിവരികയാണെന്ന് ചാക്യാർ പറഞ്ഞത് പ്രേക്ഷകരെ രസിപ്പിച്ചു. കൂത്ത് അവതരണവേദിയുടെ മുന്നിലിരിയ്ക്കുന്ന കുട്ടികളുടെ ബഹളം ഇല്ലാതാക്കാൻ കഥ പറച്ചിലിനിടയിൽത്തന്നെ നാരായണചാക്യാർ സന്ദർഭോചിതമായി ഇവരുടെ കാര്യം ഉത്തരവാദപ്പെട്ടവരെ അറിയിയ്ക്കണമെന്നും തുടർന്ന് അധികാരികൾ പല സ്ഥലങ്ങളിലൊക്കെ ആയിരിയ്ക്കുമെന്നും പറഞ്ഞ് സമാധാനപ്പെടുന്ന ഭാഗം പ്രേക്ഷകരെ ചിരിപ്പിച്ചു.

ചാക്യാന്മാരുടെ വികൃതവേഷവും ഭാവവിശേഷങ്ങളും ഫലിതങ്ങളും പണ്ഡിതപാമരന്മാർക്ക് ഒരേപോലെ രസിക്കാവുന്ന കഥാപ്രസംഗ ചാതുര്യവും ചാക്യാർകൂത്തിന് അതിവിപുലമായ അംഗീകാരം നല്കിയിട്ടുണ്ട്. സഭാവാസികളുടെ നേരെയുള്ള അപഹാസ്യം കൊണ്ടും കഥാരൂപേണയുള്ള ധർമശാസ്ത്രപ്രതിപാദനം കൊണ്ടും മനഃശുദ്ധി, ആചാരനൈർമല്യം, ധർമതത്പരത, പാപജുഗുപ്സ എന്നിവ കൂത്ത് കേൾക്കുന്നവർക്ക് ഉണ്ടാകുന്നു. സാഹിത്യത്തിൽ അഭിരുചി ഇല്ലാത്തവർക്കും സംസ്കൃതജ്ഞാനം ഇല്ലാത്തവർക്കും ആസ്വദിക്കാൻ കഴിയുന്ന ഒരുത്തമ വിനോദകലയാണിത്. സംസ്കൃതജ്ഞാനം ഇല്ലാത്തവർക്ക് സംസ്കൃതത്തോടു വിജ്ഞാനം വരുത്താൻ പറ്റിയ കല കൂടിയാണ് ചാക്യാർകൂത്ത്. കാമമെന്ന പുരുഷാർത്ഥം പറയുന്ന അവസരത്തിൽ കാമത്തിന് വശംവദരായിട്ടുള്ള സ്ത്രീപുരുഷന്മാർ പ്രവർത്തിച്ചുവരുന്ന ചാപല്യങ്ങളെ നിർദയം തുറന്നു പറയുകയും കള്ളസന്ന്യാസിമാരുടെ ചായം പുറത്താക്കുകയും ചെയ്യുന്നതുകൊണ്ട് സമുദായത്തിന് ഗുണം ഉണ്ടാകുന്നുണ്ട്.

നവരസങ്ങളിൽ ആബാലവൃദ്ധം ജനങ്ങൾക്കും ആസ്വാദ്യമായ രസം ഹാസ്യമാണ്. അതുകൊണ്ടാണ് പുരാണകഥാപ്രസംഗങ്ങൾക്ക് ചാക്യാന്മാർ വിദൂഷകനെ അവലംബമാക്കിയിട്ടുള്ളത്. വിദൂഷകന്റെ വായിലെ നാക്ക് വെറുതെ കിടക്കുക പതിവില്ല. തരംകിട്ടുമ്പോഴൊക്കെ സമൂഹജീവിതത്തിൽ ദിവസം തോറും കണ്ടുവരുന്ന അനീതികളും ന്യൂനതകളും രാജപ്രതിനിധികളുടെയും പൗരമുഖ്യന്മാരുടെയും ദോഷങ്ങളും വിഷയാന്തരത്തിൽ യോജിപ്പിച്ച് വെളിച്ചത്താക്കി പുച്ഛിച്ച് നാവിൽ ഞരമ്പില്ലാത്ത വിധം ശകാരിയ്ക്കാറുണ്ട്. ഇതിന് അവർക്ക് പാരമ്പര്യമായി അവകാശം കിട്ടിയിട്ടുമുണ്ട്.

പെരുമാക്കന്മാരുടെ പരിഷ്കരണവും തോലന്റെ മനോധർമവും മേല്പത്തൂർ നാരായണഭട്ടതിരിയുടെ അനവധി ചമ്പുക്കാവ്യങ്ങളും കൊണ്ട് സമ്പന്നമായതാണ് ഇന്നത്തെ കൂത്ത്. അഷ്ടബന്ധപ്രതിഷ്ഠ കഴിച്ച് കലശം കഴിഞ്ഞിട്ടുള്ള ക്ഷേത്രങ്ങളിലെ കൂത്തമ്പലത്തിൽ മാത്രമെ ഒരു കാലത്ത് കൂത്ത് അവതരിപ്പിച്ചിരുന്നുള്ളൂ. ഇന്നാകട്ടെ കേരള കലാമണ്ഡലത്തിൽ ഇതര സമുദായക്കാരെയും കൂത്ത് പഠിപ്പിയ്ക്കുന്നുണ്ട്. ഇന്ന് കൂത്തമ്പലത്തിൽ നിന്ന് മാറി പൊതുവേദികളിലും കൂത്ത് അവതരിപ്പിയ്ക്കുന്നുണ്ട്.

**ആധുനികകാലത്ത് ചാക്യാർകൂത്ത് പഴയ കളരികളിൽ സ്ഥാനം പിടിച്ചു. എന്നിരുന്നാലും വടക്കൻ പ്രദേശത്തെ ക്ഷേത്രങ്ങളിൽ കൂത്ത് നടക്കുന്നുണ്ട്. അഭിനയപാടവത്തിന്റെ അഭാവം കൊണ്ടും കാലത്തിന്റെ മാറ്റം കൊണ്ടും ജനങ്ങൾക്ക് ഇപ്പോൾ ഈ കലയോട് അഭിരുചി കുറഞ്ഞുവരികയാണ്. യുവജനോത്സവ വേദികളിൽ നടക്കാറുള്ള ചാക്യാർകൂത്തുമത്സരങ്ങളിൽ സംഭാഷണം മാത്രമേയുള്ളൂ.**

ആധുനികകാലത്ത് ചാക്യാർകൂത്ത് പഴയ കളരികളിൽ സ്ഥാനം പിടിച്ചു. എന്നിരുന്നാലും വടക്കൻ പ്രദേശത്തെ ക്ഷേത്രങ്ങളിൽ കൂത്ത് നടക്കുന്നുണ്ട്. അഭിനയപാടവത്തിന്റെ അഭാവം കൊണ്ടും കാലത്തിന്റെ മാറ്റം കൊണ്ടും ജനങ്ങൾക്ക് ഇപ്പോൾ ഈ കലയോട് അഭിരുചി കുറഞ്ഞുവരികയാണ്. യുവജനോത്സവ വേദികളിൽ നടക്കാറുള്ള ചാക്യാർകൂത്ത്മത്സരങ്ങളിൽ സംഭാഷണം മാത്രമേയുള്ളൂ. അഭിനയം കുറഞ്ഞാണ് കാണുന്നത്. ചാക്യാർകൂത്ത് എന്ന പ്രാചീന അഭിനയ സമ്പ്രദായത്തെ പരിപാലിയ്ക്കാനും പ്രോത്സാഹിപ്പിക്കാനും ശാശ്വതമാക്കാനും നമ്മുടെ പൂർവികർ താത്പര്യം കാണിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ പരിഷ്കാരഭ്രമം കൊണ്ടുണ്ടായിട്ടുള്ള ഉദാസീനത നിമിത്തം ഈ ഉത്തമവിനോദകലയ്ക്ക് ഇന്ന് മങ്ങലേറ്റിട്ടുണ്ട്. കേരളത്തിന്റെ സാമുദായിക ജീവിതത്തിന്റെയും സാഹിത്യത്തിന്റെയും പുരോഗതിയ്ക്ക് ഒട്ടേറെ സംഭാവന നൽകിയിട്ടുള്ള ഒരു ഉത്തമ വിനോദകലയാണ് ചാക്യാർകൂത്ത്.

ഡോ. കോട്ടയ്ക്കൽ ശ്രീധർ

# എഴുത്തച്ഛൻ

വിദേശത്ത് പണിക്ക് പോയ യുവാവ് അമ്മയ്ക്ക് എഴുതി, ഞാൻ ക്രിസ്തുമസ്സിന് നാട്ടിൽ വരുന്നു. അമ്മയ്ക്കെന്താ വേണ്ടത്? ഫ്രിഡ്ജോ, കളർ ടി.വി.യോ, ബൈനോക്കുലറോ, കാൽക്കുലേറ്ററോ? അമ്മ മറുപടി എഴുതി: മകനേ, അമ്മയ്ക്ക് നീ പറഞ്ഞ സാധനങ്ങൾ ഒന്നും കൊണ്ടുവരണ്ട; കിട്ടുമെങ്കിൽ തുഞ്ചന്റെ ഒരു രാമായണം മതി. എന്റെ രാമായണത്തിന്റെ ചട്ട കുട്ടൻ പൊട്ടിച്ചു കളഞ്ഞു.

മകൻ ഓർത്തു പോയി: ഹൈസ്കൂളിൽ പഠിച്ചപ്പോൾ മുൻഷിയുടെ കിഴുക്കു കിട്ടി, ഭാഷ പഠിക്കാഞ്ഞതിന്.... കോളേജിൽ ആയപ്പോൾ ആ ബോറും തീർന്നു!

പച്ചപ്പരിഷ്കാരിയായ മോന് ഭാഷയും രാമായണവും പഴഞ്ചനാണ്. പുത്തൻ പരിഷ്കാരത്തിന്റെ മത്സരപരസ്യക്കമ്പോളച്ചുരക്കിലാണ് നോട്ടം. അമ്മയ്ക്ക് ഭാഷയിലും സംസ്കാരത്തിലും പ്രിയം.

**മലയാളിയുടെ ചിന്തയ്ക്കും സംസ്കാരത്തിനും എഴുത്തിനും അനുഭൂതിക്കും ഭാഷയിലൂടെ മധുരം പകർന്ന എഴുത്തച്ഛൻ മലയാളം ഉള്ളിടത്തോളം മലയാളികളുടെ ആചാര്യൻ ആയിരിക്കും.**

പരേതനായ എൻ. വി. കൃഷ്ണവാരിയരുടെ 'അമ്മയും മകനും തുഞ്ചനും' എന്ന കവിതയിലെ സമകാലിക സാംസ്കാരികച്യുതിയാണ് അർത്ഥഗർഭമാക്കിയിരിക്കുന്നത്.

പെറ്റമ്മയും പിറന്ന മണ്ണും പെറ്റമ്മതൻ ഭാഷയും (മാതൃഭാഷ) ഏതൊരു മലയാളിക്കും കൂറും ഭക്തിയും ആത്മാഭിമാനവും തോന്നേണ്ടതല്ലേ? എന്നാൽ സമകാലിക സമൂഹം ഇവയോടു കാട്ടുന്ന അവഗണന ക്ഷന്തവ്യമാണോ? അവർക്ക് തുഞ്ചനും കുഞ്ചനും ആരാണെന്ന് വേറിട്ടറിയണമെന്നില്ല. ഹാ! അത്യന്താധുനികതയുടെ, അടിപൊളിയുഗത്തിന്റെ പോക്ക്! സ്വന്തം ഭാഷയും സംസ്കാരവും മറക്കുന്ന ആധുനികയുഗം ആത്മനാശത്തിന്റെ വക്കോളമെത്തി സുനാമിയിൽ കുടുങ്ങിയിരിക്കുന്നു!



അല്പം പഴയ ചരിത്രത്തിലേക്കു തിരിഞ്ഞു നോക്കാം. അഞ്ചു നൂറ്റാണ്ടുകൾക്ക് മുമ്പ് പറങ്കികൾ കോഴിക്കോട്ട് കാപ്പാട്ട് കപ്പലിറങ്ങി.

നൂറ്റാണ്ടുയുദ്ധത്താൽ കുലശേഖര സാമ്രാജ്യം ഛിന്നഭിന്നമായിരുന്നു. കൊച്ചുകൊച്ചു രാജ്യങ്ങളിലെ രാജാക്കന്മാർ അവരുടെ തട്ടകങ്ങളിൽ മത്സരിച്ച്, യുദ്ധം ചെയ്ത് കൊല്ലും കൊലയും നടത്തിക്കൊണ്ടിരുന്നു. ഇടപ്രഭുക്കന്മാരും മത്സരിച്ച് സൈന്യങ്ങളെ സംഘടിപ്പിച്ച് നാടുവാഴികളെ സഹായിച്ചുകൊണ്ടുമിരുന്നു.

ആയിരം പത്തി വിടർത്തിയാടിയ ക്രൂരതയിൽ ജനസമൂഹം ശ്വാസംമുട്ടിപ്പിടയ്ക്കുവാൻ തുടങ്ങി. അസംഘടിതരായ സാമാന്യ ജനസമൂഹം രാഷ്ട്രീയമായും സാമ്പത്തികമായും സാംസ്കാരികമായും അജ്ഞതയാലും-എല്ലാ വിധത്തിലും നൈരാശ്യത്തിന്റെ നെല്ലിപ്പടി കണ്ടു.

കൊച്ചിരയിട്ട്, വെള്ളം കലക്കി വേഗം മീൻ പിടിക്കാൻ സമർത്ഥരായ പറങ്കികൾക്ക് കേരളം കീഴ്പ്പെടുത്താൻ അധിക സമയം വേണ്ടിവന്നില്ല. ഉദ്യോഗസ്ഥർക്കിടയിൽ അഴിമതി സുകുമാരകലയായി.

അരാജകത്വത്തിന്റെ നാരകീയതയിൽ വെന്തു നീറിയ പതിതവർഗത്തിന് ഒരു രക്ഷകൻ ഓടിയെത്തി. അവരുടെ മുക്തിയ്ക്ക് ഏകാശ്രയമായി, ഭക്തിയും സംസ്കാരവും ധർമനിഷ്ഠയുംകൊണ്ട് സന്മാർഗത്തിലേക്ക് നയിച്ച ആചാര്യവര്യനായ തുഞ്ചത്തെഴുത്തച്ഛൻ.

നാം നാലുകോടി മലയാളികൾ മലയാളക്കരയിലും പുറത്തുമായിക്കഴിയുന്നു. നമ്മുടെ ചിന്തയ്ക്കും സംസ്കാരത്തിനും

# സമൂഹപിതാവ്

എഴുത്തിനും അനുഭൂതിക്കും അസ്ഥിമുറ്റും തൂക്കും തുടവുമാർന്ന ഭാഷയും സംസ്കാരവും പകർന്നു തന്ന പ്രാത:സ്മരണീയനും സമൂഹപിതാവും ആയ തുഞ്ചത്താചാര്യനെപ്പറ്റി അല്പം ചിന്തിക്കാം.

വള്ളത്തോൾ മഹാകവി ഒരു തോണിയാത്രയിൽ പാടുന്നു;

കാവ്യം സുഗേയം കഥ രാഘവീയം
കർത്താവ് തുഞ്ചത്തുളവായ ദിവ്യൻ
ചൊല്ലുന്നതോ ഭക്തിമയസ്വരത്തിൽ
ആനന്ദലബ്ധിക്കിനിയെന്തുവേണം?

കേരളക്കരയിലെ ഏറ്റവും വലിമയും പെരുമയും ആർന്ന പേരാറിന്റെ (പൊന്നാനിപ്പുഴയുടെ) തീരത്ത്, തിരൂരിൽ തുഞ്ചൻ പറമ്പിലാണ് തുഞ്ചത്തെഴുത്തച്ഛൻ ക്രി.വ. 17-ാം ശതകത്തിൽ ജീവിച്ചിരുന്നത്.

വരാകിയായ കൈരളിപ്പെണ്ണിനെ, ഗൈർവാണിയായ പ്രൗഢയ്ക്കു മുമ്പിൽ തലയുയർത്തി നില്ക്കാൻ പ്രാപ്തയാക്കിയ കേരളസംസ്കൃതിയുടെ ഗോഡ് ഫാദറെപ്പറ്റി, കൃതികളെപ്പറ്റി, കുടുംബ പശ്ചാത്തലത്തെപ്പറ്റി, എന്തിന് സ്വന്തം പേരിനെപ്പറ്റിപ്പോലും ക്ഷോഭക്ഷമമായ തെളിവുകൾ ഹാജരാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

അതുപോകട്ടെ, മലയാളത്തിൽ ഓജസ്സും തേജസ്സും ആർന്ന രണ്ടേരണ്ടു പ്രൗഢകൃതികൾ കൊണ്ട് അദ്ദേഹം അനശ്വര കീർത്തിയാർജിച്ചിരിക്കുന്നു. അദ്ധ്യാത്മരാമായണവും മഹാഭാരതവും ആണവ. ഹരിനാമകീർത്തനവും ഭാഗവതവും (ദശമസ്കന്ധം വരെ) അദ്ദേഹത്തിന്റേതെന്ന് ഭൂരിപക്ഷം പണ്ഡിതന്മാരും സമ്മതിക്കുന്നു. ഇവ കൂടാതെ ഉത്തരരാമചരിതം, ചിന്താരത്നം, കൈവല്യനവനീതം, ഇരുപത്തിനാലു വൃത്തം, ദേവീഭാഗവതം തുടങ്ങിയവയുടെ പിതൃത്വവും അദ്ദേഹത്തിൽ ആരോപിക്കുന്നവർ കുറവല്ല.

ആചാര്യൻ സമൂഹത്തിന്റെ ചലനങ്ങളെ ഒരു കണ്ണാടിയിലെന്നപോലെ കണ്ടിട്ട് കടുത്ത നിർവേദത്തോടെ ബഹുജനമധ്യത്തിലേക്ക് ഇറങ്ങിവന്ന് സാംസ്കാരിക സജ്ജീകരണത്തിലേർപ്പെടുന്ന ഒരു സമൂഹപിതാവിനെ, അദ്ദേഹത്തിന്റെ കൃതികളിലൂടെ കണ്ണോടിച്ചു പോകുന്ന സഹൃദയന് ഹൃദയവേദ്യമായിത്തീരുന്നു.

മറ്റെല്ലാ രാമകഥപ്പാട്ടുകളെയും എഴുത്തച്ഛന്റെ രാമായണം അതിശയിക്കുന്നത് അതുല്യമായ രചനാസൗന്ദര്യം കൊണ്ടും അസാധാരണമായ ഭാവനാവിലാസം കൊണ്ടും മധുരോദാരമായ ഭാഷാസൗഭാഗ്യം കൊണ്ടുമാണ്.

## എഴുത്തച്ഛൻ സമൂഹപിതാവാണോ?

എഴുത്തച്ഛൻ കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ജനയിതാവാണ്, മലയാളഭാഷയുടെ പിതാവാണ്, മലയാളം അക്ഷരമാലയുടെ ഉപജ്ഞാതാവാണ് എന്നിങ്ങനെയുള്ള പരിച്ഛേദങ്ങൾ അദ്ദേഹത്തിൽ ആരോപിക്കപ്പെടുന്നുണ്ട്. എന്നാൽ അദ്ദേഹം ഉപയോഗിച്ച വൃത്തങ്ങൾ, അക്ഷരമാല എന്നിവ അദ്ദേഹത്തിന് മുമ്പു തന്നെ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്.

എഴുത്തച്ഛൻ കൈരളിക്ക് നല്കിയ സംഭാവനകൾ എന്തൊക്കെയാണെന്ന് പരിശോധിക്കാം. അദ്ദേഹം അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ മൂലഗ്രന്ഥത്തെ ഏറെക്കുറെ പിന്തുടരുന്നുണ്ടെങ്കിലും മഹാഭാരതത്തിൽ ഉപജാവ്യകൃതിയിലെ ആഖ്യാനധാരയെ നന്നേ നേർത്ത നൂലുകൊണ്ട് ബന്ധിപ്പിച്ചുകൊണ്ട് സ്വകീയമായ ഒരു കഥാസത്തിനെത്തന്നെ വെട്ടിത്തുറന്നിരിക്കുന്നു.

ലോകത്തിലെ ഏറ്റവും ബൃഹത്തായ ഭാരതം എന്ന ഇതിഹാസം, കൈരളി കൈക്കുമ്പിളിൽ ഒതുക്കിത്തന്ന അഗസ്ത്യസമാനനായ ആചാര്യൻ പക്ഷിയെക്കൊണ്ട് പറയിക്കുന്നു.

"പരപ്പുകണ്ടോളം പണിപണി ചൊൽവാൻ
പലർക്കും വേണമെന്നിരിക്കിലിന്നിയും
ചുരുക്കിച്ചൊല്ലുവാൻ കഥനടേതിലും
ചുരുക്കിച്ചൊല്വാനും പണിയത്രേതുലോം"

"അഹരഹമഹമഘമകലുവാ-
നഹികുലപതി ശയന ലീലകൾ
മഹിത ഭാരത ചരിത വ്യാജേന
മഹിതാമാനന്ദം വരുവാൻ ചൊല്ലുവൻ"

അനുദിനം നമ്മിലുണ്ടാകുന്ന പാപക്കറകൾ കഴുകിക്കളഞ്ഞ്, മഹത്തുക്കൾക്ക് ആനന്ദം പകരാൻ മഹിത ഭാരത ചരിത വ്യാജേന വിഷ്ണുലീലകൾ ചൊല്ലുന്നു.

സർവതന്ത്രസ്വതന്ത്രനായ കവീശ്വരനോ വിവർത്തകനോ സാഹിത്യ നായകനോ ആയി പുകഴ്ത്താൻ വേണ്ട തെളിവുകൾ കുറവായിരിക്കെ, കഴിഞ്ഞ നാലു നൂറ്റാണ്ടിലധികം ഒരു ജനതയുടെ ഭക്ത്യാദര ബഹുമാനങ്ങൾ ആർജിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത് അത്ഭുതമല്ലേ?

മലയാളത്തിലെ മറ്റേതു കഥാഖ്യാനത്തെക്കാളും കേരളമൊട്ടുക്കും നെടുനാൾ പ്രചരിക്കുകയും ജനഹൃദയത്തിൽ വേരുറപ്പിക്കുകയും ചെയ്തിട്ടുള്ളത് എഴുത്തച്ഛൻ കൃതികൾ മാത്രമാണ്.

ഒരു വമ്പിച്ച ജനസമൂഹത്തിന്റെ ഭാഷാപരവും ആദ്ധ്യാത്മികവുമായ വിദ്യാഭ്യാസത്തിന് ഉപകരിക്കുന്നതാണ് പ്രസ്തുത കൃതികൾ.

"മറ്റൊരു സവിശേഷത, മറ്റൊരു പ്രാചീനകവിയുടെയും ഭാഷാരീതിക്ക് ഇത്ര മാത്രം ചിരസ്ഥായിയും നിരാക്ഷേപവുമായ സ്വാധീനം മലയാളത്തിൽ പുലർത്താൻ കഴിഞ്ഞിട്ടില്ല." (പ്രൊഫ.എൻ. കൃഷ്ണപിള്ള)

അദ്ദേഹം മണിപ്രവാളത്തെ ഔചിത്യപൂർവം പരിഷ്കരിച്ച് അതിനെ പാട്ടു സാഹിത്യത്തിൽ പ്രയോഗിച്ച് ഫലിപ്പിച്ചു. ഓജസ്സും തേജസ്സും ഞെട്ടും കാമ്പും ഉറച്ച ഒരു പദ്യഭാഷ; കാവ്യഭംഗിയും, ഭാവഗാംഭീര്യവും തികഞ്ഞ രണ്ട് എഴുത്തച്ഛൻ കൃതികളാണ് അദ്ധ്യാത്മരാമായണവും മഹാഭാരതവും. ഈ കൃതികളിലെ ഭാഷ പില്ക്കാലത്ത് ഏതു കവികൾക്കും ഇഷ്ടാനുസരണം എടുത്ത് ഉപയോഗിക്കാൻ കഴിഞ്ഞു. അതുപോലെ തന്നെ ഗദ്യ സാഹിത്യത്തിലും ഹൃദ്യമായി പ്രയോഗിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് മറ്റൊരു പ്രത്യേകത.

കവിത്വത്തെക്കാൾ പ്രസ്തുത കൃതികളിൽ നിറഞ്ഞു തുളുമ്പുന്ന ഭക്തിരസത്തികവും അദ്ധ്യാത്മതത്ത്വോപദേശങ്ങളുമാണ് ആദരണീയതയ്ക്കു മറ്റൊരു കാരണം.

ആചാര്യൻ ഉപയോഗിച്ച വൃത്തങ്ങൾക്കും ഉദാത്തമായ വശീകരണം ഉണ്ട്. അവയിൽ കാറ്റത്ത് ഞെട്ടിൽ ഉലഞ്ഞാടുന്ന പൂവു പോലെ അനന്യ സുലഭമായ വശീകരണം കളിയാടുന്നുണ്ട്.

"എന്നേക്കാൾ എത്രയോ മടങ്ങ് മഹത്വമുണ്ട് എനിക്ക് ജന്മം നല്കിയ മനുഷ്യന് എന്ന് നമ്മോട് വ്യംഗ്യഭാഷയിൽ വിളംബരം ചെയ്യുന്നുണ്ട് ഈ ഉദാത്തകൃതികൾ വായിച്ചാൽ എന്ന് അനുവാചകർക്ക് തോന്നിപ്പോകും" (പ്രൊഫ. എൻ. കൃഷ്ണപിള്ള).

എഴുത്തച്ഛൻ കൃതികളിൽ മേൽസൂചിപ്പിച്ച കാര്യങ്ങൾ-കർണപർവത്തിലെ പാർത്ഥസാരഥിവർണന, സ്ത്രീപർവത്തിലെ ഗാന്ധാരീവിലാപം, അദ്ധ്യാത്മരാമായണത്തിലെ ലക്ഷ്മണോപദേശം, രാമരാവണയുദ്ധം, ബാലിസുഗ്രീവ യുദ്ധം-അങ്ങനെ എത്രയോ ദൃഷ്ടാന്തങ്ങൾ എടുത്തുകാണിക്കാൻ കഴിയും.

കാവ്യാരംഭത്തിൽ കവി പ്രാർത്ഥിച്ചത് പോലെ "വാരിധി തന്നിൽ തിരമാലകളെന്ന പോലെ, ഭാരതീപദാവലി തോന്നേണം കാലേകാലേ" എന്നത് വേണ്ടത്ര ഫലിച്ചു.

മലയാള മണ്ണിന്റെ ചൂരും ചന്തവും മലയാളി മങ്കയുടെ ശാലീന സൗഭഗതയും, പേരാറ്റിൻ വിശുദ്ധിയും ഇളനീരിൻ മാധുര്യവും പശ്ചിമാബ്ധിയുടെ ഗാംഭീര്യവും സഹ്യാദ്രിയുടെ ഗഹനതയും ചന്ദനവനത്തെന്നലിൻ സുഗന്ധവായ്പും പഞ്ചമിച്ചന്ദ്രന്റെ പൂനിലാവും ഒത്തിണങ്ങി ഒരവാച്യാനുഭൂതിയുടെ പരിവേഷം ആരുടെ ഹൃദയത്തിൽ തൂലിക മുക്കിപ്പകർന്നു തന്നോ, ആ മഹാത്മാവിനെ കേരളത്തിന്റെ സമൂഹ പിതാവായി ആ ചന്ദ്രതാരം കൊണ്ടാടും.

വിനു എ.

# കുട്ടിനാടകക്കളരി

രംഗപ്രഭാതിന് മുപ്പത്തിയഞ്ച് വയസ്. തിരുവനന്തപുരം ജില്ലയിൽ ആലുന്തറ ഗ്രാമത്തിലുള്ള കുട്ടികളുടെ നാടകവേദിയാണ് വിശ്രമമില്ലാത്ത വിജയം നേടിയത്.

കുട്ടികളുടെ വിദ്യാഭ്യാസപരവും കലാപരവുമായ കഴിവുകളെ ഗ്രാമാന്തരീക്ഷത്തിൽ വികസിപ്പിച്ചെടുക്കുകയെന്ന ലക്ഷ്യത്തോടുകൂടി വികസ്വരമായും നിസ്തന്ദ്രമായും പ്രവർത്തിക്കുന്ന കൂട്ടായ്മയാണ് രംഗപ്രഭാത്. കുട്ടികളുടെ നാടകം കുട്ടികൾ തന്നെ ഒരുക്കണമെന്ന ആശയമാണ് ഇതിന് പിന്നിൽ.

പ്രൊഫ. ജി. ശങ്കരപ്പിള്ളയായിരുന്നു രംഗപ്രഭാതിന്റെ ഉപദേശകൻ. കുട്ടികളുടെ നാടകങ്ങൾ അന്ന് വിരളമായേ ഉള്ളൂ. ഉള്ളവ മുതിർന്നവർ കുട്ടികളെ വച്ച് കെട്ടിയാടിക്കുന്നതും. ജി. ശങ്കരപ്പിള്ള കുട്ടികൾക്കുവേണ്ടി നാടകവേദിയുണ്ടാവണമെന്ന് അഭിപ്രായപ്പെട്ടു. അതിൻപ്രകാരം ശിഷ്യനായ കെ. കൊച്ചുനാരായണപിള്ള രംഗപ്രഭാത് രൂപീകരിച്ചു. ഇപ്പോഴും നായകൻ അദ്ദേഹം തന്നെ.

ഏറെ എതിർപ്പുകളുമായിട്ടായിരുന്നു തുടക്കം. കുട്ടികളെ ഒന്നിനും കൊള്ളാത്തവരാക്കിത്തീർക്കുകയാണ് നാടകവേദിയുടെ ലക്ഷ്യമെന്നുവരെ ആരോപണങ്ങളുണ്ടായതായി അണിയറക്കാർ പറയുന്നു. എന്നാൽ ഇതിനെ പെട്ടെന്നുതന്നെ തരണം ചെയ്യുവാൻ സാധിച്ചു. രക്ഷിതാക്കൾ തന്നെ കുട്ടികളെ നാടകവേദിയിലെത്തിക്കുവാൻ തുടങ്ങി. ഗ്രാമത്തിനാകെ രംഗപ്രഭാത് ഒരു ആവേശമായി മാറി.

ആലുന്തറയ്ക്കുമപ്പുറം കീർത്തി പരക്കാൻ ഏറെ കാലം വേണ്ടി വന്നില്ല. പലയിടത്തും രംഗപ്രഭാതിലെ കുട്ടികൾ നാടകം അവതരിപ്പിച്ചു. ഇപ്പോൾ ഇന്ത്യയിൽ ഭൂരിഭാഗം വേദികളിലും ഇവർ നാടകങ്ങൾ അവതരിപ്പിച്ചുകഴിഞ്ഞു. മാത്രമല്ല, ഇന്ത്യയ്ക്ക് പുറത്തും പര്യടനങ്ങൾ നടത്തുന്നു.

നാടകാഭിനയത്തിൽ വ്യത്യസ്തതയെന്നതാണ് വിജയത്തിന് പിന്നിലുള്ളത്. മുതിർന്നവർ പറഞ്ഞുകൊടുക്കുന്നതോ, ചെയ്തു കാണിക്കുന്നതോ അനുകരിക്കുകയല്ല. മറിച്ച് ഓരോരുത്തരും അവരുടെ മനസ്സിൽ നിന്നും ആ കഥാപാത്രത്തെ ചിട്ടപ്പെടുത്തി അവതരിപ്പിക്കുകയാണ്. അതു കൊണ്ടുതന്നെ അത് തീക്ഷ്ണമാവുന്നു.

നാടകവേദിയിൽ അഭിനയപാഠമല്ല നടക്കുന്നത്. വിവിധഘട്ടങ്ങളിലൂടെയാണ് ഇവിടെ നാടകമുണ്ടാകുന്നത്. നാടകകളി, കഥപറച്ചിൽ, കഥ പറഞ്ഞഭിനയം, കഥനം, വാസനാവികാസ നാടകം, വാസനാവി

**ജി. ശങ്കരപ്പിള്ളയുടെ ശിഷ്യനായ കെ. കൊച്ചുനാരായണപിള്ളയുടെ കഠിനശ്രമത്തിന്റെ ഫലമാണ് കുട്ടികളുടെ നാടകക്കളരിയായ 'രംഗപ്രഭാത്'. ഇവിടത്തെ എല്ലാ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിച്ചുകൊണ്ട് മകൾ ഗീതയുമുണ്ട് ഒപ്പം.**




ആലുന്തറയിലുള്ള രംഗപ്രഭാത്



രംഗപ്രഭാതിലെ കുട്ടികൾ അരങ്ങത്ത്.

കാസനൃത്തം, സംഗീതാഭ്യാസം, നൃത്താഭ്യാസം, നാടൻകലാപരിശീലനം, മുഖാവരണ നിർമാണവും പ്രയോഗവും, പാവനിർമാണവും പ്രയോഗവും തുടങ്ങിയവ ഇതിന്റെ ഭാഗമാണ്. ഇത്തരത്തിലുള്ള വിനോദങ്ങൾ കുട്ടികളിൽ നല്ല ചിട്ടയും കൂട്ടായ്മയും വളർത്തുന്നു.

എല്ലാ ദിവസവും വൈകുന്നേരമാണ് പഠനം. സ്കൂൾ വിട്ട ശേഷം കുട്ടികൾ രംഗപ്രഭാതിലെത്തും. ആദ്യം പരിസരം വൃത്തിയാക്കും. പിന്നീട് പ്രാർത്ഥനയാണ്. അതിനുശേഷം ചെറുഗ്രൂപ്പുകളായി ചേർന്ന് ചർച്ചകളാണ്. അന്നുണ്ടായ എല്ലാ കാര്യങ്ങളും അതിൽപ്പെടും. ചർച്ച അവസാനിക്കുമ്പോൾ നാടക പഠനമാണ്.

രംഗപ്രഭാതിലെ പ്രധാന കാര്യമിതാണ്. ഇവിടെ കുട്ടികളെ നിർബന്ധിച്ച് ചെയ്യിക്കുന്നില്ല. 'അറിവിനുവേണ്ടി ഞങ്ങൾ ദാഹിക്കുന്നു. പക്ഷേ, അതടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ ഞങ്ങളെതിർക്കു'മെന്നതാണ് കുട്ടികളുടെ മനോഭാവം. ഇത് തിരിച്ചറിഞ്ഞുകൊണ്ടുള്ളതാണ് ഇവിടത്തെ പഠനം.

അനേകം നാടകങ്ങൾ രംഗപ്രഭാത് ഇതിനകം വേദിയിലെത്തിച്ചു കഴിഞ്ഞു. നിധിയും നീതിയും, മദ്ദളങ്ങൾ, ഗുരുദക്ഷിണ, മയിൽപ്പീലി, ചിത്രശലഭങ്ങൾ, പുഷ്പകിരീടം, പൊന്നുംകുടം, നിഴൽ, വേനലിൽ വിരിഞ്ഞ പൂവ്, ഒരു കൂട്ടം ഉറുമ്പുകൾ, ഉമ്മാക്കി, മൂതേവിത്തെയ്യം തുടങ്ങിയവ ഇതിൽപ്പെടും. ജി. ശങ്കരപ്പിള്ളയുടേതാണ് മിക്ക രചനകളും. പ്രൊഫ. എസ്. രാമാനുജം, രാധാകൃഷ്ണൻ, ആലുന്തറ കൃഷ്ണപിള്ള, ഡോ. എൻ. ഗോപാലകൃഷ്ണൻ നായർ, കൊച്ചുനാരായണപിള്ള, കെ.എസ്. ഗീതാകുമാരി, എം. കുറുവമ്മാൾ, എസ്. ചിത്ര, എം. സാജു, എസ്. ഷിബു, എം.കെ. ഭാനുമതി തുടങ്ങിയവരാണ് നാടകങ്ങൾ സംവിധാനം ചെയ്തത്.

കുട്ടികൾക്ക് ഒരു ഗ്രന്ഥാലയവും ഇവിടെയുണ്ട്. മാത്രമല്ല ഗവേഷണവിധേയമായ വിഷയങ്ങൾ കണ്ടെത്തി പ്രസിദ്ധീകരിക്കുന്നതിനും ശ്രമിക്കുന്നു. നാടകം, നാടൻകല തുടങ്ങിയ വിഷയങ്ങളിലുള്ള പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. മറ്റ് ദേശങ്ങളിലുള്ള പ്രതിഭകളെ ക്ഷണിക്കുകയും അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യുന്നതിന് അവസരമൊരുക്കുന്നു.

ബിർളാ പുരസ്കാരം, രാമചന്ദ്രൻ ഇകേഡാ അന്താരാഷ്ട്രപുരസ്കാരം, തിക്കോടിയൻ പുരസ്കാരം, ഗാന്ധി സ്മൃതി ദർശൻ പുരസ്കാരം, ആർ.ജി. മംഗലം പുരസ്കാരം, അഭിനയ പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾ രംഗപ്രഭാതിനെയും ഇതിന്റെ പിന്നണിക്കാരെയും തേടിയെത്തിയിട്ടുണ്ട്.

കുട്ടികളുടെ നാടകവേദി വിരളമാണിപ്പോഴും. ഉള്ളവയ്ക്ക് തന്നെ അല്പായുസ്സും. കുട്ടികൾക്കായി വിശ്രമമറിയാതെ പ്രവർത്തിക്കുന്ന രംഗപ്രഭാത് മലയാള നാടകവേദിക്ക് അലങ്കാരമാണെന്ന് നിസ്സംശയം പറയാം.

**ഇവിടെ കുട്ടികളെ നിർബന്ധിച്ച് ചെയ്യിക്കുന്നില്ല. അറിവിനുവേണ്ടി ഞങ്ങൾ ദാഹിക്കുന്നു. പക്ഷേ, അതടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ ഞങ്ങളെതിർക്കുമെന്നതാണ് കുട്ടികളുടെ മനോഭാവം.**

ദിനേശൻ കണ്ണപുരം

# അപ്പുറത്തെ വേലിയു

**കോൺക്രീറ്റ് മണിമാളികകളും അതിന് എലുക കെട്ടുന്ന കൂറ്റൻ കന്മതിലുകളും സൃഷ്ടിക്കുന്ന ഊഷര സംസ്കാരത്തിൽ നിന്ന് ഏറെ പിന്നോക്കം നടന്ന് പച്ചപ്പിന്റെയും ഗ്രാമീണതയുടെയും ആരോഗ്യദായക മായ കുളിർമയിലേക്കൊരു യാത്ര.**

വേലിയും മതിലും രണ്ട് സംസ്കാരത്തിന്റെ പ്രതീകങ്ങളാണ്-ഗ്രാമവും നഗരവും പോലെ. എന്നാൽ ഇന്നീ പ്രതീകങ്ങൾ പരിണാമദശയിൽ സജീവമായി കിടക്കുകയാണ്.

നഗരസംസ്കാരത്തിന്റെ വേരുകൾ ഗ്രാമീണതയെ ചെറുവൃത്തമായി ചുരുക്കിയെടുക്കുമ്പോൾ അപ്പുറത്തെ വേലികൾ ഇല്ലാതാവുകയും ഇപ്പുറത്തെ മതിലുകൾക്ക് പെരുപ്പമേറുകയും ചെയ്യുന്നു.

ഗ്രാമം പച്ചപ്പിന്റെ പറുദീസയായിരുന്ന കാലത്ത് നമ്മുടെ പുരയിടങ്ങൾക്കും കൃഷിയിടങ്ങൾക്കും അതിർത്തി വേണ്ടിടങ്ങളിലൊക്കെയും നാം ഉപയോഗിച്ചിരുന്നത് ജൈവവൈവിധ്യങ്ങളുടെ ചുറ്റുവേലികളായിരുന്നു. അന്ന് ചുറ്റുവേലികളെ ഏറെ ആകർഷകമാക്കിയിരുന്നത് ശീമക്കൊന്നയും ചെമ്പരത്തിച്ചെടികളുമായിരുന്നു.

പോർട്ടുഗീസിൽ നിന്നും അതിഥിയായി വന്ന ശീമക്കൊന്ന നമ്മുടെ വേലികളിലെ സ്ഥിരം താമസക്കാരനായി മാറിയപ്പോൾ ഈ ശീമക്കൊന്ന തരുന്ന സൗഹൃദാനുഭവം കാർഷികവക്താക്കൾക്ക് അവർണനീയമായിരുന്നു. നാട്ടുവേലികളുടെ രാജാവായ ശീമക്കൊന്ന നല്ലൊരു ജൈവവളവും കൊതുകുകളുടെ പേടി സ്വപ്നവുമാണ്.

ജൈവവേലികളിൽ കണ്ടുവരുന്ന മറ്റൊരിനമാണ് ചെമ്പരത്തി. ചെമ്പരത്തിയുടെ ഇലയും പൂവും വേരും ഔഷധപ്രാധാന്യമുള്ളവയാണ്. ഗ്രാമങ്ങളിൽ ചെമ്പരത്തിയില്ലാത്ത ജൈവവേലി അപൂർവമായിരുന്നു. അതുപോലെ തന്നെ രണ്ട് തരത്തിലുള്ള കൈതകളും ജൈവവേലിയെ സമ്പന്നമാക്കിയിരുന്നു. നാടൻ പായയ്ക്കും കൊട്ടയ്ക്കും കുരിക്കും മറ്റും വേണ്ടി ഉപയോഗിച്ചിരുന്ന വലിയ കൈതകളും പൈനാപ്പിളെന്ന് നാം ഇംഗ്ലീഷിൽ പേരു ചൊല്ലി വിളിക്കുന്ന കൈതച്ചക്ക തരുന്ന ചെറുകൈതകളുമാണ് ഈ രണ്ടിനങ്ങൾ. ഈ വർഗത്തിൽ പെടുന്ന മറ്റൊരിനമാണ് മുണ്ട. കൂർത്ത മുള്ളുള്ള മുണ്ടകൾ വേലിയിൽ നട്ടുവളർത്തുന്നത് കമ്പിവേലികൾക്ക് സമമാണ്. ഈ മുണ്ടയുടെ കൈകൾ (ഇരുവശങ്ങളിലും മുള്ളുള്ള തടിച്ചയിലകൾ) ചതച്ചു നാരാക്കി ഉണക്കിയെടുത്ത് ഉറികളും മറ്റും ഉണ്ടാക്കാറുണ്ട്. പണ്ടുകാലങ്ങളിൽ അടുക്കളയിൽ പലവ്യഞ്ജനങ്ങൾ നിറച്ച ചട്ടികളും കലങ്ങളും ഇത്തരം ഉറികളിലാണ് തൂക്കിയിടാറ്.

ജൈവവളത്തിന് ഒന്നാന്തരം ചേരുവയാണ് ശീമക്കൊന്നയും ചെമ്പരത്തിയും. കൈത തരുന്ന ഔഷധഗുണമുള്ള ഫലമാണ് കൈതച്ചക്ക. വേലികൾക്കായി ഉപയോഗിക്കുന്ന ഇത്തരം ചെടികൾക്ക് നാം ഒരു പരിചരണവും കൊടുക്കേണ്ടതില്ലെന്നതാണ് പ്രത്യേകത. അതിർത്തി കാക്കുകയും ഫലം തരികയും ചെയ്യുന്ന ഇത്തരം വേലികൾ പരിഷ്കാരത്തിന്റെ തലയെടുപ്പിനു വേണ്ടി നാം ബോധപൂർവം വെട്ടിനശിപ്പിക്കുകയും അവിടെ ചെങ്കൽമതിലുകൾ കെട്ടിയുയർത്തുകയും ചെയ്തിരിക്കുന്നു.

പലതരം ജൈവവേലികൾ നമുക്കുണ്ടായിരുന്നു. മുണ്ടവേലികൾ, കാരമുൾച്ചെടി വേലികൾ, കോളാംബിച്ചെടിവേലികൾ, അരിപ്പൂച്ചെടിവേലികൾ, പൂക്കളും കായ്കളും തരുന്നതും തരാത്തതുമായ വള്ളിയിനത്തിൽപ്പെട്ട അനേകം ചെറുവേലികൾ, വെള്ളിയില വേലികൾ, വൈശ്യപുള്ളി വേലികൾ, കള്ളിച്ചെടി വേലികൾ, കോഴിച്ചെടി വേലികൾ, ആടലോടകച്ചെടി വേലികൾ, നാട്ടുവേലികൾ അങ്ങനെ ജൈവവേലികൾ അനേകമായിരുന്നു.

ജൈവവേലികളെ മനുഷ്യർ പ്രധാനമായും മൂന്നുകാര്യങ്ങൾക്ക് വേണ്ടിയായിരുന്നു ഉപയോഗിച്ചിരുന്നത്.

ഒന്ന്: അതിർത്തി തിരിക്കാൻ

രണ്ട്: വേലിക്ക് വേണ്ടി ഉപയോഗിക്കുന്ന വള്ളികളും ചെടികളും മറ്റും ഒരു പരിധിയ്ക്കപ്പുറം വളർന്നു കഴിഞ്ഞാൽ (ഉദാ. ശീമക്കൊന്നയും ചെമ്പരത്തിയും) ചെത്തിയെടുത്ത് തെങ്ങിനും മറ്റും വളമിടാൻ.

മൂന്ന്: ചീരയും തലോരിയും കുമ്പളവും മത്തനും കക്കിരിയും കോവയ്ക്കയും കയ്പയ്ക്കയുമൊക്കെ വേലിയിൽ പടർത്തി പോഷകസമൃദ്ധമായ ആഹാരത്തിന് ഉപയോഗിക്കാൻ. ഇത്തരം ശീലങ്ങളൊക്കെ ഇന്ന് മനുഷ്യൻ ബോധപൂർവം മറന്നിരിക്കുകയാണ്.

ശീമക്കൊന്നകളെയും ചെമ്പരത്തിക്കാടുകളെയും മറ്റും വേലിയെന്ന സ്ഥാനത്തുനിന്നും ഭ്രഷ്ടാക്കിയപ്പോൾ ജൈവസംസ്കാരത്തിന് മേൽ രാസമാറ്റം പടർന്നു പിടിക്കുകയും കരിങ്കൽ മതിൽ പോലെ ജീവിതം കഠിനമാവുകയും ചെയ്തു.

ജൈവവേലികളിൽ നിന്നും നാം പരിഷ്കാരത്തിലേക്ക് മനസ്സു വച്ചു തുടങ്ങിയത് കമ്പിവേലി കെട്ടിയൊരുക്കലുകളിലൂടെയാണ്. കാരമുൾച്ചെടി വേലിയിൽ നിന്നും കമ്പിവേലിയിലേക്കും പിന്നെ, ചെങ്കൽമതിൽ പണിത് അതിന് മുകളിൽ ഇരുമ്പാണികളും





# ...ും ഇപ്പുറത്തെ മതിലും

കുപ്പിച്ചില്ലുകളും ഉറപ്പിച്ചും നാം വേലികളിൽ നിന്നും മതിലുകളിലേക്ക് ഇഴകിച്ചേർന്നപ്പോൾ നമുക്ക് നഷ്ടപ്പെട്ടത് ഗ്രാമീണതയുടെ ഹരിതമുഖമാണ്.

നമ്മുടെ ഗ്രാമങ്ങളിൽ ഒന്നരയാൾ പൊക്കത്തിൽ വെട്ടിയൊതുക്കി മനോഹരമായി വളർത്തിയിരുന്ന ജൈവവേലികളുടെ സ്ഥാനത്ത് ഇന്ന് രണ്ടാൾ പൊക്കത്തിൽ ചെങ്കൽമതിലുകളും കരിങ്കൽ മതിലുകളും കോൺക്രീറ്റ്മതിലുകളുമൊക്കെ ഉയർന്നു നിൽക്കുമ്പോൾ, വേലിപ്പടർപ്പിൽ നിന്നും നാം പറിച്ചെടുത്ത ചീരയും മത്തനും കുമ്പളവും കോവയ്ക്കയും കക്കിരിയും ഔഷധഗുണമുള്ള ഇലകളും പൂക്കളുമൊക്കെ ഓർമകളാവുകയും ആ ഓർമകളിൽ കണ്ണുനീരിന്റെ നനവു നിറച്ചുകൊണ്ട് വേലിപ്പതന്നെ ദുരന്തപൂരിതമായിത്തീരുകയാണ് സ്വാർത്ഥതയുടെ പ്രതീകമായ മനുഷ്യന്റെയും അവസ്ഥ.

പ്രകൃതിയുടെ പച്ചപ്പുനിറഞ്ഞ വേലികളിൽ നിന്നും കരിങ്കൽ (ചെങ്കൽ-കോൺക്രീറ്റ്) ഭിത്തിയിലേക്ക് നാം പുരോഗതിയുടെ ഓരോ പടവുകൾ കയറുമ്പോഴും ജൈവാവസ്ഥയിൽ നിന്നും നാം രാസാവസ്ഥയിലേക്ക് പരിണാമപ്പെടുകയും മനസ്സ് സ്വാർത്ഥതയാൽ അശുദ്ധമായതുപോലെ മനുഷ്യസമൂഹത്തിന്റെ ശരീരവും ഇപ്പോൾ വേണ്ടുവോളം അശുദ്ധമായിക്കൊണ്ടിരിക്കുന്നു.

അങ്ങനെ മനുഷ്യൻ തന്റെ ജൈവചിന്തകളുടെ വേരുകൾ മണ്ണിൽ നിന്നും നിഷ്ഠുരമായി പിഴുതെടുക്കുമ്പോൾ ഗ്രാമീണതയുടെ ഹരിതവർണങ്ങൾ ഉൾവലിഞ്ഞു നാം പ്രവൃത്തിപഥത്തിലൂടെ നമ്മുടെ കൊച്ചു കുരുന്നുകളുടെ മനസ്സിൽ പച്ചകുത്തി വയ്ക്കേണ്ടതുണ്ട്. വേലിപ്പടർപ്പിലെ ചീരയും കുമ്പളവും കക്കിരിയും കോവയ്ക്കയും മത്തനുമൊക്കെ നമ്മുടെ അടുക്കളയിൽ സജീവമാകുന്ന കാലം നമുക്ക് തിരിച്ചു പിടിയ്ക്കേണ്ടതുണ്ട്. കന്മതിലുകൾ കുളിർകാറ്റിനെ തടഞ്ഞുനിർത്തുമ്പോൾ നാം നമ്മുടെ വീട്ടുകോലായിൽ ഇരുന്ന് വിയർത്ത് കുളിച്ച് അസ്വസ്ഥരാവുന്നു. ജൈവവേലികളെ തഴുകിയെത്തുന്ന കുളിർകാറ്റിന്റെ പരിശുദ്ധത അനുഭവിക്കുമ്പോഴോ? പരിഷ്കാരത്തിന്റെ തണലിൽ കിടന്ന് വേവുന്ന നമ്മൾ ആലോചിക്കേണ്ട കാര്യമാണിത്.

ഇനി ഇപ്പുറത്തെ മതിലിനോട് നമുക്ക്





**കന്മതിലുകളുടെ സുരക്ഷിതത്വം ആരോഗ്യപരമല്ലെന്നും ജൈവവേലികളുടെ സജീവതയാണ് ഗുണകരമെന്നുമൊക്കെ നാം പ്രവൃത്തിയിലൂടെ നമ്മുടെ കുരുന്നുകളുടെ മനസ്സിൽ പച്ചകുത്തി വയ്ക്കേണ്ടതുണ്ട്.**

ടർപ്പുകൾക്കിടയിൽ കൂടു കെട്ടി മുട്ടയിട്ട ചെറുകിളികളുടെ മധുരഗാനം മനസ്സിൽ നിറയുകയും ചെയ്യുമ്പോൾ നാം നമ്മുടെ വർഗത്തെ പഴിക്കാതെ മറ്റെന്തു ചെയ്യാൻ.

ജൈവവേലികൾ ചെറുപക്ഷികളുടെ ആവാസ കേന്ദ്രമാണ്. അവയിന്ന് ശൂന്യമാക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. കോൺക്രീറ്റ് മതിലിനു മുകളിൽ വന്നിരിക്കുന്ന ചുണ്ടങ്ങാപ്പക്ഷിക്ക് മുട്ടയിടാനോ കൂടുകൂട്ടാനോ തേൻ നുകരാനോ ജൈവവേലികളോ പൂക്കളോ ഇല്ല എന്നതുപോലെ പോകുകയും അപ്പുറത്തെ വേലികൾ ഓർമകളായിത്തീരുകയും ചെയ്യുന്നു.

വേലികൾ ഇല്ലാതാവുകയും മതിലുകൾക്ക് എണ്ണം പെരുകുകയും ചെയ്യുമ്പോൾ ഗ്രാമീണതയുടെ പച്ചപ്പും കുളിർമയും വറ്റിപ്പോകുകയും ഇപ്പുറത്തെ മതിലുകൾ ആ ഭൂമികൾക്ക് കാവലാവുകയും ചെയ്യുന്നു.

കൻമതിലുകളുടെ സുരക്ഷിതത്വം ആരോഗ്യപരമല്ലെന്നും ജൈവവേലികളുടെ സജീവതയാണ് ഗുണകരമെന്നുമൊക്കെ യുദ്ധം പ്രഖ്യാപിക്കാം. മതിൽ തകർത്തുകൊണ്ടല്ല, അതിർത്തികളിൽ ജൈവവേലികൾ തീർത്തുകൊണ്ട്. പച്ചപ്പിന്റെ ഈ വേലിയിൽ പൂക്കൾ നിറഞ്ഞുവിരിയട്ടെ. കായ്കൾ നിറയട്ടെ. ശലഭങ്ങൾ നൃത്തം വയ്ക്കട്ടെ. പറവകൾ പാടട്ടെ. മണ്ണും വെള്ളവും വായുവും ശുദ്ധമാകട്ടെ, മനുഷ്യന്റെ മനസ്സും. നമുക്ക് മാതൃകയാവാം. ഇപ്പുറത്ത് വീണ്ടുമൊരു ജൈവവേലി പണിതുകൊണ്ട്. അതുകണ്ട് അപ്പുറത്തെ മതിൽ നാണിക്കട്ടെ.

ഡോ. കെ. വേണുഗോപാൽ

# പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

ഉത്പത്തി മുതലേ മനുഷ്യനെ ബാധിച്ചിരുന്നതായി വിശ്വസിക്കപ്പെടുന്ന ഒരു മാരക പകർച്ചവ്യാധിയാണ് ക്ഷയരോഗം അഥവാ ടി.ബി. 1882-ൽ റോബർട്ട് കോക്ക് എന്ന ശാസ്ത്രജ്ഞൻ ഇതിന് കാരണമായ അണുക്കളെ, മൈക്കോബാക്ടീരിയം ടുബർകുലോസിസിനെ കണ്ടെത്തി. എങ്കിലും 1960കളോടെയാണ് ഫലപ്രദമായ ഔഷധങ്ങൾ ലഭ്യമായത്. എങ്കിലും രോഗാണുമൂലമുള്ള മരണകാരണങ്ങളിൽ ക്ഷയരോഗം ഇന്നും ഒന്നാമതായി തുടരുകയാണ്. ലോകത്താകമാനം ദിനംപ്രതി 5000 ലേറെ ആൾക്കാരെ ഈ രോഗാണു കൊന്നൊടുക്കുന്നുണ്ട്. ഇന്ത്യയിൽ ഓരോ മൂന്ന് മിനിറ്റിലും രണ്ട് ആൾക്കാർ വീതം മരണപ്പെട്ടുകൊണ്ടിരിയ്ക്കുന്നു. ഏകദേശം 12,000 കോടി രൂപയുടെ സാമ്പത്തിക നഷ്ടമാണ് ഈ രോഗം മൂലം ഇന്ത്യയ്ക്ക് സംഭവിച്ചുകൊണ്ടിരിയ്ക്കുന്നത്. ഒരു ലക്ഷത്തിലേറെ സ്ത്രീകൾ ഈ രോഗത്തിന്റെ സാമൂഹിക അവജ്ഞ മൂലം അവരവരുടെ വീടുകളിൽ നിന്ന് നിഷ്കാസനം ചെയ്യപ്പെടുന്നു. ഇത്രമാത്രം ആരോഗ്യ, സാമ്പത്തിക, സാമൂഹിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് മൂലം ലോകാരോഗ്യ സംഘടന 1993-ൽ ഇതിനെ ഒരു ആഗോള വിപത്തായി പ്രഖ്യാപിച്ചു. ഇന്ത്യയിൽ നിലവിലുള്ള ക്ഷയരോഗനിയന്ത്രണ പദ്ധതി ലക്ഷ്യം കാണാത്തതിനാൽ 1993 മുതൽ പുതുക്കിയ ക്ഷയരോഗ നിയന്ത്രണപദ്ധതി എന്ന പേരിൽ ലോകാരോഗ്യ സംഘടന നിർദേശിച്ച ഡോട്ട്സ് (DOTS) പദ്ധതി നടപ്പിലാക്കി വരുന്നു. ഇന്ത്യൻ സാഹചര്യങ്ങളിലും ഇത് വിജയകരമാണെന്ന് പത്തനംതിട്ട ഉൾപ്പെടെയുള്ള അഞ്ച് സ്ഥലങ്ങളിൽ പരിശോധിച്ച് കണ്ട ശേഷമാണ് 1997-ൽ വ്യാപകമായി ഇത് നടപ്പിലാക്കി വരുന്നത്. 2000 മാണ്ടോടെ കേരളത്തിലെ എല്ലാ ജില്ലകളും നടപ്പിലാക്കിയ ആദ്യസംസ്ഥാനം എന്ന ബഹുമതി കേരളം നേടുകയും ചെയ്തു. ഡോട്ട്സ് പദ്ധതിയുടെ ആഗോള ലക്ഷ്യങ്ങളായ 85% രോഗസൗഖ്യം കേരളം നേടിക്കഴിഞ്ഞു. 70% രോഗികളെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരിക എന്ന യത്നം തുടരുകയാണ്. ഈ പദ്ധതിയിലൂടെ കേരളത്തിൽ ഇതുവരെ 150819 രോഗികളെ ചികിത്സിച്ചു. 65239 പേർ അത്യധികം പകർച്ചാശേഷിയുള്ള കഫത്തിൽ അണുക്കളുള്ള വിഭാഗത്തിലായിരുന്നു. (സ്പുടം പോസിറ്റീവ്) ഇങ്ങനെ കഫത്തിൽ അണുക്കളുള്ള ഒരു രോഗി ഒരു വർഷം 15ലേറെ പേർക്ക് രോഗം പകർത്തുന്നുണ്ട്.

## രോഗലക്ഷണങ്ങൾ

ശരീരത്തിലെ ഏത് അവയവത്തെയും രോഗം ബാധിക്കാമെങ്കിലും 80 ശതമാനത്തിലേറെ ക്ഷയരോഗികളിലും രോഗം ബാധിക്കുന്നത് ശ്വാസകോശത്തെയാണ്. (പൾമണറി ടി.ബി.) ചുമയാണ് ഇതിന്റെ ഏറ്റവും പ്രധാന ലക്ഷണം. മൂന്നാഴ്ചയിൽ കൂടുതൽ ചുമയുള്ള ഏതൊരാളും ചുമ ക്ഷയരോഗം മൂലമല്ലെന്ന് പരിശോധനകളിലൂടെ ഉറപ്പ് വരുത്തണം. ശരീരം ശോഷിക്കൽ, വിശപ്പില്ലായ്മ, വൈകുന്നേരങ്ങളിൽ ഉണ്ടാകുന്ന പനി, ക്ഷീണം തോന്നൽ, കഫത്തിൽ രക്തം ഉണ്ടാകുക, നെഞ്ചുവേദന, ശ്വാസം മുട്ടൽ എന്നിവയാണ് ഇതിന്റെ മറ്റ് ലക്ഷണങ്ങൾ. മറ്റ് അവയവങ്ങളെ ബാധിക്കുമ്പോൾ അവയവ സംബന്ധമായ ലക്ഷണങ്ങളും ഇതോടൊപ്പം ഉണ്ടാകാം. തുടർച്ചയായ തലവേദനയും ഛർദിലും ജന്നിയോ ബോധക്ഷയമോ (തലച്ചോറിനെ ബാധിക്കുമ്പോൾ) കഴുത്തിൽ മുഴകൾ (ലിംഫ് ഗ്രന്ഥി), വിട്ടുമാറാത്ത നടുവേദനയും കാലിന് തളർച്ചയും (നട്ടെല്ല്), വയറിളക്കവും വയറ്റുവേദനയും മലത്തിൽ കൂടി രക്തം പോകലും വയർ വീർക്കലും (കുടലിനെ ബാധിക്കുമ്പോൾ), വന്ധ്യതയും ക്രമം തെറ്റിയ ആർത്തവവും വേദനയോട് കൂടിയ ആർത്തവവും (ജനനേന്ദ്രിയങ്ങൾ) മൂത്രത്തിൽ പഴുപ്പും രക്തം പോകുന്നതും (മൂത്രാശയവ്യൂഹത്തെ ബാധിക്കുമ്പോൾ) എന്നീ ലക്ഷണങ്ങൾ ഉണ്ടാകും.

**എച്ച്.ഐ.വി. രോഗികൾ, പ്രമേഹം ഉള്ളവർ, അന്തരീക്ഷമലിനീകരണത്തിൽ ജീവിക്കുന്നവർ, ക്യാൻസർ രോഗികൾ, സ്റ്റീറോയ്ഡ് മരുന്നുകൾ കഴിക്കുന്നവർ എന്നിവർക്ക് രോഗ സാധ്യത കൂടുതലാണ്.**

കുട്ടികളിൽ രോഗം വരാൻ സാധ്യത കൂടുതലാണെങ്കിലും ലക്ഷണങ്ങൾ പലപ്പോഴും വ്യക്തമല്ല. എച്ച്.ഐ.വി. രോഗികൾ, പ്രമേഹം ഉള്ളവർ, അന്തരീക്ഷമലിനീകരണത്തിൽ ജീവിക്കുന്നവർ, ക്യാൻസർ രോഗികൾ, സ്റ്റീറോയ്ഡ് മരുന്നുകൾ കഴിക്കുന്നവർ എന്നിവർക്ക് രോഗസാധ്യത കൂടുതലാണ്.

## ചികിത്സ

ലോകാരോഗ്യസംഘടന ശുപാർശ ചെയ്ത ഔഷധക്കൂട്ടുകളുടെ (മൾട്ടിഡ്രഗ്) ചികിത്സ തന്നെയാണ് ആർ.എൻ.റ്റി.സി.പി. വഴി ലഭ്യമാക്കുന്നത്. ഐ.എൻ.എച്ച്, റിഫാംപിസിൻ, എത്താം ബ്യൂട്ടോൾ, പൈറസനമൈഡ്, സെട്രെപ്റ്റോമൈസിൻ എന്നീ മരുന്നുകളാണ് ചികിത്സയ്ക്ക് നൽകുന്നത്. ഇതിൻപ്രകാരം ആറ് മുതൽ എട്ട് മാസം വരെ നീളുന്ന ചികിത്സ പൂർണരോഗവിമുക്തിക്ക് അനിവാര്യമാണ്. ആദ്യമായി ക്ഷയരോഗിയാകുന്ന രോഗിക്ക് നാല് മരുന്നുകൾ ചേരുന്ന (വിഭാഗം 1) ചികിത്സ, ആദ്യത്തെ രണ്ട് മാസവും (തീവ്രഘട്ടം) തുടർന്ന് രണ്ട് മരുന്നുകൾ ഉള്ള 4 മാസത്തെ തുടർച്ചാഘട്ടവുമാണ്. തീവ്രത കുറഞ്ഞ രോഗമുള്ളവർക്ക് മൂന്ന് മരുന്നുകളുടെ തീവ്രഘട്ടവും രണ്ട് മരുന്നുകളുടെ തുടർച്ചാഘട്ടവുമുള്ള (വിഭാഗം 3) ചികിത്സയാണ്. രണ്ടാമതും ക്ഷയരോഗം വരുന്നവർക്കും ആദ്യചികിത്സ മുടങ്ങിയവർക്കും അഞ്ച് മരുന്നുകൾ ഇൻജക്ഷൻ സെട്രെപ്റ്റോമൈസിൻ ചേർന്ന മൂന്ന് മാസത്തെ തീവ്രഘട്ടവും മൂന്ന് മരുന്നുകൾ ഉള്ള അഞ്ച് മാസത്തെ തുടർച്ചാഘട്ടവും ചേർന്ന വിഭാഗം രണ്ടിലെ ചികിത്സയാണ് വേണ്ടത്. ആരോഗ്യ പ്രവർത്തകന്റെ മേൽനോട്ടത്തിലും നിർദേശപ്രകാരവും അവരുടെ സാന്നിധ്യത്തിൽ വച്ച് മാത്രമേ രോഗി മരുന്ന് കഴിക്കാവൂ.


പാർശ്വഫലങ്ങൾ നന്നേ കുറഞ്ഞ ഈ ചികിത്സാ രീതികൊണ്ട് വളരെ ഫലപ്രദമായി രോഗവിമുക്തി നേടാനാകും. രോഗം കുറവുണ്ടോ എന്ന് കാലാകാലങ്ങളിൽ (ഓരോ രണ്ട് മാസവും കൂടുമ്പോൾ) കഫം പരിശോധിച്ച് ഉറപ്പുവരുത്തണം. ഗർഭിണികൾക്ക് മിക്ക മരുന്നുകളും സുരക്ഷിതമായി നൽകാം. കുട്ടികൾക്ക് രോഗസാധ്യത ഏറിയതിനാൽ കഫത്തിൽ അണുക്കളുള്ള ക്ഷയരോഗിയുടെ വീടുകളിൽ ആറ് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് രോഗം വരാതിരിക്കാൻ ഉള്ള ഔഷധചികിത്സ (INH 5mg/kg) ആറ് മാസത്തേയ്ക്ക് നൽകേണ്ടി വരും.

കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിപ്രകാരം എല്ലാ രോഗനിർണയ പരിശോധനകളും ചികിത്സയും തികച്ചും സൗജന്യമായി നൽകുകയാണ്. പദ്ധതി സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തത്തോടെ വിജയം കണ്ടെത്തുകയാണ്. സാമൂഹിക പങ്കാളിത്തവും സർക്കാരിന്റെ ഇച്ഛാശക്തിയും മൂലം സമീപഭാവിയിൽ ക്ഷയരോഗം നിയന്ത്രണ വിധേയമാക്കാൻ കഴിയും എന്ന് നമുക്ക് പ്രത്യാശിക്കാം.

ആലപ്പുഴ ജില്ലാ ടിബി. ഓഫീസറാണ് ലേഖകൻ.

# കോഡ്മിക് ബയോപെഡസ്റ്റൽ കോളം

മണ്ണ്, പാറപ്പുറങ്ങൾ, ടെറസ്സ് എന്നിവിടങ്ങളിൽ സ്ഥാപിക്കാവുന്ന കുഴലാകൃതിയിലുള്ള പ്രോസസ്സർ (ഓക്സിജൻ നിയന്ത്രിച്ചത്), ചെറുതോതിലും (വീടുകൾ, കാന്റീനുകൾ, ഹോട്ടലുകൾ, മെസ്സുകൾ എന്നിവയിൽ നിന്ന് പുറംതള്ളപ്പെടുന്നവ), വൻതോതിലും (കൃഷി, കോഴി, കന്നുകാലി വളർത്തൽ, അറവുശാലകൾ മുതലായവയിൽ നിന്നും പുറം തള്ളപ്പെടുന്നവ) ഉണ്ടാകുന്ന ജൈവമാലിന്യം ഫലപ്രദമായും സുരക്ഷിതമായും കൈകാര്യം ചെയ്യുവാനുള്ള പൊതുജനാരോഗ്യപരമായ ഒരു മാതൃകാരൂപമാണ്. ഇതിന്റെ രൂപകല്പന ചെയ്തിരിക്കുന്നത് കാലിക്കറ്റ് യൂണിവേഴ്സിറ്റി, ലൈഫ് സയൻസ് ഡിപ്പാർട്ട്മെന്റിൽ മൈക്രോബയോളജി വിഭാഗം റീഡറായ ഡോ.ഐ.ഡി. കോണിക്കരയാണ്.




ഏകദേശം ഒന്നര-രണ്ട് മീറ്റർ നീളമുള്ള 10 സെന്റീമീറ്റർ ആന്തരിക വ്യാസമുള്ള കുഴൽ (സ്റ്റോൺവെയർ, ആസ്ബസ്റ്റോസ്, പി.വി.സി., സിമന്റ് മുതലായവ), കെട്ടിടനിർമാണം/പൊളിക്കൽ എന്നിവയിൽ പാഴായതും ആവാം. ഏകദേശം 20 സെന്റീമീറ്റർ ഉയരവും 15 സെന്റീമീറ്റർ വ്യാസവുമുള്ള പാത്രം. (കേടുവന്ന ബക്കറ്റുകൾ, പ്ലാസ്റ്റിക് പെയിന്റ് ടിൻ മുതലായവ). പാറപ്പുറമാണെങ്കിൽ ഈ അളവിൽ കുഴിച്ചാൽ മതി.

മുകളിൽ പറഞ്ഞ കുഴൽ ഇതിൽ ഇറക്കി വച്ച ശേഷം, നിലത്തു നിന്ന് 30 സെന്റീമീറ്റർ ഉയരത്തിൽ ഒരു കോൺ മണ്ണ് അമർത്തിക്കൂട്ടുക. മണ്ണ് കൂമ്പാരത്തിന്റെ തറയിലെ വ്യാസം ഏകദേശം ഒന്നര രണ്ട് മീറ്ററാകാം. ഇതിനുചുറ്റും അര മീറ്റർ ഉയരത്തിൽ ഭിത്തി കെട്ടാവുന്നതാണ്. കൂടുതൽ മണ്ണും നിറയ്ക്കാം. മഴക്കാലത്ത് മണ്ണൊലിപ്പ് തടയാനാണിത്. കട്ടിയുള്ള പ്ലാസ്റ്റിക് കൊണ്ട് കുഴലിന് മേൽ കുട പോലെ ഒരു മറയും ഇതിനായി കെട്ടാവുന്നതാണ്. മഴയില്ലെങ്കിൽ ഈ കുടയുടെ ആവശ്യമില്ല. വീതി കുറഞ്ഞ കുഴലാണെങ്കിൽ സ്റ്റേവയർ കൊണ്ട് ഉറപ്പിക്കാവുന്നതാണ്.

ഈ മണ്ണിൽ വളരുന്ന അലങ്കാര/പഴം/പച്ചക്കറി സസ്യങ്ങൾ കുഴലിൽ നിന്ന് അകറ്റി പടർത്താം. ജൈവമാലിന്യം മുകളിൽ കൂടി നിക്ഷേപിക്കാം. ദുർഗന്ധം, കൊതുക്, എന്നിവയെ തടയാൻ നേർത്ത പ്ലാസ്റ്റിക് ഷീറ്റ് കഷണങ്ങളുടെ ഒരു അടുക്ക് മുകളിൽ വച്ച് ഒരു പൂച്ചെടിച്ചട്ടിയിൽ ഉറപ്പിക്കാം. കുഴലിൽ ഉയരുന്ന കാർബൺ ഡൈ ഓക്സൈഡ് ഉള്ളിൽ ഇങ്ങനെ കെട്ടി നിർത്തുന്നത് ആവശ്യമാണ്. ഈ രീതി വൻതോതിൽ ചെയ്താൽ ബയോഗ്യാസ് ഉത്പാദിപ്പിക്കാൻ കഴിയും.

ഒരു വീട്ടമ്മയ്ക്ക് ഇതൊരു അടുക്കളത്തോട്ടത്തിനുള്ള ജൈവവളനിർമാണ യൂണിറ്റായും ഉപയോഗിക്കാം.

ജൈവമാലിന്യം സുരക്ഷിതമായും ഫലപ്രദമായും കൈകാര്യം ചെയ്യുവാനുള്ള ഈ മാതൃകാരൂപം, പഴം/പച്ചക്കറി/പൂക്കൾ/ബയോഗ്യാസ് നിർമാണത്തിലും കൊതുകു നിർമാർജനത്തിലും പ്രതീക്ഷയുളവാക്കുന്നതാണ്.

**ബി.ആർ. ശ്രീവിദ്യ**



ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ് അഡീഷണൽ ഡയറക്ടറായി **പി. അബ്ദുൽ റഷീദ്** നിയമിതനായി.



# ആദ്യ വനിതാ ബഹിരാകാശ ടൂറിസ്റ്റ്

റഷ്യൻ ബഹിരാകാശ പേടകമായ സോയൂസ് ആദ്യ വനിതാ ബഹിരാകാശ ടൂറിസ്റ്റുമായി തിരിച്ചെത്തി. അനൗഷെ അൻസാരിയാണ് ആദ്യ വനിതാ ബഹിരാകാശ ടൂറിസ്റ്റ്. പത്ത് ദിവസം രാജ്യാന്തര ബഹിരാകാശ കേന്ദ്രത്തിൽ തങ്ങിയതോടെയാണ് അനൗഷെ ഈ ബഹുമതിക്ക് അർഹയായത്. അമേരിക്കയിൽ വാർത്താവിനിമയ വ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന അനൗഷെ ഇറാനിലാണ് ജനിച്ചതെങ്കിലും അമേരിക്കൻ പൗരയാണ്.

## ജോൺ മത്തായി ചീഫ് സെക്രട്ടറി




സംസ്ഥാന ചീഫ് സെക്രട്ടറിയായി ജോൺ മത്തായിയെ നിയമിച്ചു. അഡിഷണൽ ചീഫ് സെക്രട്ടറിയായിരുന്നു ഇദ്ദേഹം.

1971 ബാച്ചിലെ ഐ.എ.എസുകാരനാണ്. 1972-ൽ കോഴിക്കോട് അസിസിറ്റന്റ് കളക്ടറായാണ് ആദ്യനിയമനം. തലശ്ശേരി സബ്കളക്ടർ, എക്സൈസ് കമ്മിഷണർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ, റവന്യൂ ബോർഡ് കമ്മീഷണർ, കേന്ദ്ര പെട്രോളിയം ഡപ്യൂട്ടി സെക്രട്ടറി, മാർക്കറ്റ് ഫെഡ് എം.ഡി, കോട്ടയം ജില്ലാ കളക്ടർ, സിവിൽ സപ്ലൈസ് ഡയറക്ടർ, ഭക്ഷ്യ ഡപ്യൂട്ടി സെക്രട്ടറി, ടാക്സസ് കമ്മിഷണർ തുടങ്ങിയ തസ്തികകളിൽ ജോലി ചെയ്തു. വനം, വ്യവസായം, ഊർജം വകുപ്പുകളുടെ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. റവന്യൂ, വ്യവസായം വകുപ്പുകളുടെ പ്രിൻസിപ്പൽ സെക്രട്ടറി സ്ഥാനം വഹിച്ചുവരികയായിരുന്നു.

കോഴിക്കേട് ആർ.ഇ.സി.യിൽ നിന്നും 1969-ൽ എഞ്ചിനീയറിംഗ് ബിരുദമെടുത്ത ജോൺ മത്തായി കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ നിന്ന് സാമ്പത്തിക വികസനത്തിൽ ഡിപ്ലോമയും എടുത്തിട്ടുണ്ട്.

## സുരേഷ് മേത്ത



പുതിയ നാവികസേനാ മേധാവിയായി വൈസ് അഡ്മിറൽ സുരേഷ്മേത്ത ഒക്ടോബർ 31ന് സ്ഥാനമേൽക്കും. അഡ്മിറൽ അരുൺപ്രകാശ് വിരമിക്കുന്ന ഒഴിവിലാണ് മേത്തയുടെ നിയമനം. കിഴക്കൻ നാവിക കമാൻഡിന്റെ ഫ്ളാഗ് ഓഫീസർ കമാൻഡിങ് ഇൻ ചീഫാണ് മേത്ത.

## മധുകോഡ



ഝാർഖണ്ഡ് മുഖ്യമന്ത്രിയായി മധുകോഡ സ്ഥാനമേറ്റു. മുഖ്യമന്ത്രിയായിരുന്ന അർജുൻ മുണ്ടെയ്ക്ക് ഭൂരിപക്ഷം നഷ്ടപ്പെട്ട സാഹചര്യത്തിലാണ് മധുകോഡയുടെ സ്ഥാനാരോഹണം.

## റസ്തം ഫറം റോസ്



കോസ്റ്റ് ഗാർഡ് ഡയറക്ടർ ജനറലായി വൈസ് അഡ്മിറൽ റസ്തം ഫറം റോസ് ചുമതലയേറ്റു. ഡോ. പ്രഭാകരൻ പലേരി വിരമിച്ചതിനെത്തുടർന്നാണ് ഈ നിയമനം.

## ശിവശങ്കരമേനോൻ



പാക്കിസ്ഥാനിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ ശിവശങ്കരമേനോനെ പുതിയ വിദേശകാര്യ സെക്രട്ടറിയായി നിയമിച്ചു. 1972 ബാച്ചിലെ ഐ.എഫ്.എസ് ഓഫീസറാണ് 57 കാരനായ ശിവശങ്കരമേനോൻ.

## ഡൊമനിക് മാംബെർട്ടി



ഡൊമനിക് മാംബെർട്ടി വത്തിക്കാന്റെ പുതിയ വിദേശകാര്യമന്ത്രിയായി. ഫ്രഞ്ച് പുരോഹിതനായ മാംബെർട്ടി 2002 മുതൽ സുഡാൻ, എറിത്രിയ, സൊമാലിയ എന്നിവിടങ്ങളിൽ മാർപാപ്പയുടെ പ്രതിനിധിയായിരുന്നു.

## എമ്മി അവാർഡുകൾ


മികച്ച ടെലിവിഷൻ പരമ്പരയ്ക്കുള്ള 58-ാമത് എമ്മി അവാർഡ് ഫോക്സ് നെറ്റ്വർക്കിന്റെ 24 കരസ്ഥമാക്കി. ഈ പരമ്പരയിലെ കൈഫർ സതർലാന്റ് ആണ് മികച്ച നടൻ. എൻ.ബി.സി.യുടെ ലോ ഓർഡർ സ്പെഷൽ വിക്ടിംസ് യൂണിറ്റിലെ അഭിനയത്തിന് മരിസ്ക ഹാർഗിറ്റ മികച്ച നടിക്കുള്ള അവാർഡ് നേടി. ടെലിവിഷൻ നെറ്റ്വർക്കുകളിൽ ഏറ്റവും അധികം അവാർഡുകൾ നേടിയത് എച്ച്.ബി.ഒ. ആണ്.



മികച്ച നടി - മരിസ്ക ഹാർഗിറ്റ



മികച്ച നടൻ - കൈഫർ സതർലാന്റ്




മികച്ച ടെലിവിഷൻ പരമ്പര -24

കെ. രാജചന്ദ്രൻ

ആധുനിക ലോകത്തിന്റെ വലിയ ആവലാതികളിലൊന്ന് വർധിച്ചു കൊണ്ടേയിരിക്കുന്ന തൊഴിലില്ലായ്മയാണ്. ലഭ്യമാക്കാവുന്ന തൊഴിലവസരങ്ങളുടെ എത്രയോ മടങ്ങാണത്. കേരളത്തിൽത്തന്നെ വാർഷിക തൊഴിലവസരം ശരാശരി ഇരുപത്തയ്യായിരത്തോളം മാത്രമായിരിക്കെ തൊഴിലിനായി കാത്തിരിക്കുന്നവർ ഏകദേശം നാല്പതു ലക്ഷത്തോളമാണ്. ഉള്ള അവസരങ്ങൾ ഏറ്റവും അർഹിക്കുന്നവരുടെ കൈകളിൽത്തന്നെ എത്തിക്കേണ്ടതുണ്ട്. തൊഴിലവസരങ്ങൾ അർഹിക്കുന്നവർക്ക് സത്യസന്ധമായി ലഭ്യമാക്കുകയെന്ന സാമൂഹിക നീതി ഉറപ്പാക്കാനുള്ള സർക്കാർ സംവിധാനങ്ങളിൽ അനിഷേധ്യ പ്രാധാന്യമുള്ള ഒന്നാണ് പബ്ലിക് സർവീസ് കമ്മീഷൻ. ഈ സ്ഥാപനത്തിന്റെ പ്രസക്തിയും അനിവാര്യതയും അഭിവ്യക്തമാക്കിക്കൊണ്ട് ഭരണഘടനതന്നെ അതിന് സവിശേഷ പദവിയും പരിരക്ഷയും നൽകിയിരിക്കുന്നു. (ഇന്ത്യൻ ഭരണഘടനയുടെ 14-ാം ഭാഗം, 2-ാം അധ്യായം. 315 മുതൽ 323 വരെയുള്ള വ്യവസ്ഥകൾ)

ജനാധിപത്യവ്യവസ്ഥിതിയ്ക്ക് മുമ്പ് സർക്കാർജോലി എന്നത് സാധാരണക്കാർക്ക് അപ്രാപ്യമായിരുന്നു. 19-ാം ശതകത്തിന്റെ അന്ത്യദശകങ്ങളിൽ സർക്കാർ ഉദ്യോഗങ്ങളിലും ഭരണരംഗത്താകമാനവുമുള്ള അധീശവർഗത്തിന്റെ മേധാവിത്വത്തിനും കുത്തക സമ്പ്രദായത്തിനുമെതിരെ ജനങ്ങൾ പ്രതികരിച്ചിരുന്നു. 1891-ൽ സർക്കാരിന് സമർപ്പിക്കപ്പെട്ട മലയാളി മെമ്മോറിയൽ അപ്രകാരമൊരു നീക്കമായിരുന്നു. സാധാരണക്കാർ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് കൂടുതൽ ബോധവാന്മാരാകുകയും അവ നേടിയെടുക്കാൻ പ്രക്ഷോഭങ്ങൾക്ക് തയ്യാറെടുക്കുകയും ചെയ്തതിനെത്തുടർന്ന് സർക്കാർ ജോലി

പണ്ട് തിരുവിതാംകൂർ സർക്കാർ സർവീസിലെ ഉദ്യോഗനിയമനം ഉന്നതജാതിക്കാരുടെ കുത്തകയായിരുന്നു. സർക്കാരിലെ ഉന്നത തസ്തികകൾ പലതും പരദേശികളായ തമിഴ് ബ്രാഹ്മണർ കയ്യടക്കിയിരുന്നു. പിന്തുടർച്ചാവകാശമെന്ന നിലയിലാണ് പലരെയും ഉദ്യോഗത്തിൽ നിയമിച്ചിരുന്നത്. വിദ്യാഭ്യാസയോഗ്യതയോ മുൻപരിചയമോ നിയമനകാര്യത്തിൽ പലപ്പോഴും മാനദണ്ഡമായിരുന്നില്ല. ഇത് ഭരണത്തിന്റെ കാര്യക്ഷമതയെയും ബാധിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും, തങ്ങളെയാകമാനം സർക്കാരുദ്യോഗങ്ങളിൽ നിന്നും മാറ്റി നിർത്തിയിരിക്കുന്നതിലുള്ള അമർഷം പിന്നോക്കവിഭാഗക്കാർ പ്രകടിപ്പിച്ചു തുടങ്ങി. തങ്ങളിൽപ്പെട്ട കുറച്ചുപേർക്കെങ്കിലും സർക്കാരുദ്യോഗം നൽകണമെന്നുള്ള അവരുടെ ആവശ്യം ഗവൺമെന്റ് തള്ളിക്കളയുകയാണുണ്ടായത്. ദേവസ്വം മുതലായ വകുപ്പുകളിൽ അവർണജാതിക്കാരെ നിയമിച്ചാൽ പ്രസ്തുത വകുപ്പുകൾ അശുദ്ധമാകുമെന്ന വിചിത്രമായ നിലപാടുപോലും ഭരണകൂടം സ്വീകരിച്ചു.

തങ്ങളുടെ നാട്ടിലെ ഉദ്യോഗങ്ങൾ പരദേശികളുടെ കുത്തകയായിമാറിയിരിക്കുന്നത് അഭ്യസ്തവിദ്യരെ അസ്വസ്ഥരാക്കി. ഇക്കാര്യത്തിൽ നീതി ലഭിക്കാൻ, നാനാജാതി മതസ്ഥരായ പതിനായിരത്തിലധികം പേർ ഒപ്പുവച്ച ഒരു ഹർജി അവർ 1891 ജനുവരി 11ന് ശ്രീമൂലം തിരുനാൾ മഹാരാജാവിന് സമർപ്പിച്ചു. പിൽക്കാലത്ത് കേരളചരിത്രത്തിൽ മലയാളി മെമ്മോറിയൽ എന്നറിയപ്പെട്ട ഈ ഭീമഹർജി തയ്യാറാക്കാൻ മുൻകൈയെടുത്തത് കെ.പി. ശങ്കരമേനോൻ, ജി.പി. പിള്ള, ഡോ. പൽപു എന്നിവരായിരുന്നു. നിരാശാജനകമായ പ്രതികരണമാണ് ഈ ഹർജിക്ക് സർക്കാരിൽ നിന്ന് ലഭിച്ചത്.

അപേക്ഷകളുടെ എണ്ണം കമ്പ്യൂട്ടർവത്കരണത്തിലൂടെ 39 ലക്ഷമായി കുറയ്ക്കാൻ കഴിഞ്ഞതും ഇക്കാലത്താണ്. അപേക്ഷ ക്ഷണിച്ച് ഒരു വർഷത്തിനകം റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നിലനിൽക്കെത്തന്നെ ആറുമാസത്തിനകം പല ലിസ്റ്റുകളും പ്രസിദ്ധീകരിച്ചു തുടങ്ങിയതും ഇക്കാലത്താണ്. ഇതൊക്കെ കൊണ്ടാണ് ഗംഗാധരക്കുറുപ്പിന്റെ ഭരണകാലത്തെ പി.എസ്.സി.യുടെ സുവർണകാലം എന്ന് ഇപ്പോഴത്തെ ചെയർമാൻ വി.കെ. സലാഹുദീൻ വിശേഷിപ്പിച്ചത്.

ഗംഗാധരക്കുറുപ്പിന്റെ കാലത്ത് നടപ്പിൽവരുത്തിയ മറ്റു ചില പരിഷ്കാരങ്ങൾ നോക്കുക:

- വിവരണാത്മകപരീക്ഷകൾക്ക് പകരം കൂടുതൽ ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകൾ ഏർപ്പെടുത്തി
- ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകളുടെ മൂല്യനിർണയം കമ്പ്യൂട്ടറിലൂടെയാക്കി
- ചുരുക്കപ്പട്ടികകളിൽ കട്ട്-ഓഫ് മാർക്ക് പ്രസിദ്ധീകരിക്കാൻ ആരംഭിച്ചു
- റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ ഓരോ ഉദ്യോഗാർത്ഥിക്കും എഴുത്തുപരീക്ഷയിൽ ലഭിച്ച മാർക്ക് പി.എസ്.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങി
- ചോദ്യപേപ്പർ തിരികെ വാങ്ങുന്ന സമ്പ്രദായം നിർത്തലാക്കി. മൂല്യനിർണയത്തിന് മുമ്പായി ഉത്തരസൂചിക പ്രസിദ്ധീകരിച്ച് അഭിപ്രായങ്ങളും നിർദേശങ്ങളും സമർപ്പിക്കാൻ 15 ദിവസം അനുവദിച്ചതിലൂടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുവാനും അവ തിരുത്തുന്നതിനുമുള്ള ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തി
- ആസ്ഥാന ഓഫീസിൽ പരാതിപരിഹാര സെൽ രൂപവത്കരിച്ച് പരാതികൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ചു. പരാതികൾ നേരിട്ട് കേൾക്കാൻ ജില്ലാ ഓഫീസുകളിൽ പ്രത്യേക സിറ്റിംഗുകൾ നടത്തിവരുന്നു
- കുടിശ്ശികയായി കെട്ടിക്കിടന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുകയും അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി മുതൽ ഒരു വർഷത്തിനകം റാങ്ക്‌ലിസ്റ്റുകൾ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു.
- കമ്പ്യൂട്ടർവത്കരണം വിജയകരമായി നടപ്പിലാക്കി റിക്രൂട്ട്മെന്റ് നടപടിക്രമങ്ങളുടെ കൃത്യതയും വേഗവും ഉറപ്പാക്കി.

ഈ പരിഷ്കാരങ്ങളെ മുന്നോട്ടുകൊണ്ടുപോയി പി.എസ്.സി.യുടെ കീർത്തിയെ പുതിയ മാനങ്ങളിൽ എത്തിക്കുന്ന ദൗത്യമാണ് ഇപ്പോഴത്തെ ചെയർമാൻ സലാഹുദീൻ ഏറ്റെടുത്തിരിക്കുന്നത്.

# പബ്ലിക് സർവീസ് കമ്മിഷൻ പ്രതീക്ഷയുടെ പ്രകാശ ഗോപുരം

പ്രമാണിവർഗത്തിനും അവരുടെ സ്വാധീനത്തിനും വിധേയമായി മാത്രം എന്ന സ്ഥിതിക്ക് മാറ്റം വന്നു. അങ്ങനെ സർക്കാർ ലാവണങ്ങളിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ അർഹരായ ഉദ്യോഗാർത്ഥികളിൽ നിന്ന് തെരഞ്ഞെടുപ്പിലൂടെ നിയമനം നൽകാൻ തിരുവിതാംകൂർ കൊച്ചി രാജ്യങ്ങളിൽ പൊതുനിയമന സംവിധാനങ്ങൾക്ക് ധാരണയായി. 1935 ജൂൺ 25ന് തിരുവിതാംകൂറിൽ ഒരു പബ്ലിക് സർവീസ് കമ്മീഷണറെ സർക്കാർ നിയോഗിച്ചു; കൊച്ചി രാജ്യത്തിലാകട്ടെ ഒരു രണ്ടംഗ സ്റ്റാഫ് സെലക്ഷൻ ബോർഡിനെയും. 1947-ൽ അത് കൊച്ചി പബ്ലിക് സർവീസ് കമ്മിഷനായി. 1949-ൽ തിരു-കൊച്ചി പബ്ലിക് സർവീസ് കമ്മീഷനും സംസ്ഥാന പിറവിയോടെ (1956 നവംബർ1) കേരള പബ്ലിക് സർവീസ് കമ്മിഷനും നിലവിൽ വന്നു.

ഇന്ന്, കേരളീയ സമൂഹത്തിന്റെ ആശാകേന്ദ്രമാണ് പബ്ലിക് സർവീസ് കമ്മിഷൻ. അപേക്ഷകരുടെയും നിയമനങ്ങളുടെയും എണ്ണം കണക്കാക്കുമ്പോൾ ഇന്ത്യയിലെ ഏറ്റവും ബൃഹത്തായ പബ്ലിക് സർവീസ് കമ്മിഷനും ലോകത്തിലെതന്നെ മികച്ച നിയമന സ്ഥാപനങ്ങളിലൊന്നുമാണ് കേരള പബ്ലിക് സർവീസ് കമ്മിഷൻ. സർക്കാർ ഖജനാവിൽ നിന്ന് പ്രവർത്തനോർജം സംഭരിക്കുന്ന എല്ലാ സ്ഥാപനങ്ങളിലേക്കും പൊതുജനപങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന അർദ്ധ സർക്കാർ-സഹകരണ സ്ഥാപനങ്ങളിലേയ്ക്കുള്ള സകല നിയമനങ്ങളും പബ്ലിക് സർവീസ് കമ്മിഷൻ മുഖേന സാക്ഷാത്കരിക്കപ്പെടേണ്ടതുണ്ട്. സർവകലാശാലകൾ, ദേവസ്വം ബോർഡുകൾ, പ്രൈവറ്റ് കോളേജുകൾ, എയ്ഡഡ് സ്കൂളുകൾ തുടങ്ങിയ ജനകീയ സ്ഥാപനങ്ങളിലേക്കുള്ള നിയമനം പബ്ലിക് സർവീസ് കമ്മിഷന് വിടണമെന്ന ആവശ്യമുയർന്നു തുടങ്ങിയിട്ട് കാലമേറെയായി. സാധാരണക്കാരെ സംബന്ധിച്ച് മേല്പറഞ്ഞ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പലപ്പോഴും ബാലികേറാമല ആയതുകൊണ്ടാകാം ഇത്തരത്തിലൊരാവശ്യം നിരന്തരം ആവർത്തിക്കപ്പെട്ടു കൊണ്ടേയിരിക്കുന്നത്. ഇതിന് ധാർമികവും യുക്തിപരവുമായ പിൻബലവുമുണ്ട്.

അഭിന്നാഃ ലോകാഃ (മാനുഷരെല്ലാരുമൊന്നുപോലെ) പബ്ലിക് സർവീസ് കമ്മിഷന്റെ പ്രവർത്തനസാരവും ഇതുതന്നെ: സത്യധർമങ്ങളുടെ വിജയം, അവസര സമത്വം. കേരളീയ ജനതയെ സംബന്ധിച്ച് പ്രതീക്ഷയുടെ പ്രകാശഗോപുരമായി നിലകൊള്ളുന്ന കേരള പബ്ലിക് സർവീസ് കമ്മിഷൻ വിപുലമായ കർമപദ്ധതികളിലൂടെ സേവനത്തിന്റെ പാതയിൽ ഇനിയുമിനിയും പ്രോജ്ജ്വലിക്കും.

**ആർ.ഡി. സുരേഷ്**

## പി. എസ്. സി.
# തിരുവിതാംകൂർ ചരിത്രത്തിലൂടെ

ഈഴവസമുദായത്തിലെ പലരും ഇക്കാലത്ത് ഉന്നതവിദ്യാഭ്യാസം നേടിയിരുന്നു. എന്നാൽ തിരുവിതാംകൂറിൽ ഉദ്യോഗം ലഭിക്കാത്തതിനാൽ അവരിൽ പലർക്കും ജോലി തേടി രാജ്യം വിട്ടുപോകേണ്ടിവന്നു. മൈസൂർ സർക്കാരിന് കീഴിൽ സേവനമനുഷ്ഠിക്കുകയായിരുന്ന ഡോ. പൽപ്പുവും അവരിലൊരാളായിരുന്നു. ജനസംഖ്യയുടെ അഞ്ചിലൊന്നുണ്ടായിരുന്ന ഈഴവർക്ക് ഉദ്യോഗങ്ങളിൽ നാമമാത്ര പ്രാതിനിധ്യം പോലുമില്ലെന്ന വസ്തുത അവരെ ക്ഷുബിതരാക്കി. ഇതിന് പരിഹാരത്തിനായി 1896 സെപ്തംബർ മൂന്നിന് ഡോ. പൽപ്പുവിന്റെ നേതൃത്വത്തിൽ 13,176 ഈഴവർ ഒപ്പിട്ട ഒരു നിവേദനം ഭരണകൂടത്തിന് സമർപ്പിച്ചു. ഈഴവ മെമ്മോറിയൽ എന്നറിയപ്പെട്ട ഈ ഹർജിയിൽ, മലബാർ പ്രദേശത്തുള്ള തീയർക്ക് ബ്രിട്ടീഷ് സർക്കാരിന്റെ കീഴിൽ ജോലി ലഭിച്ചു കൊണ്ടിരിക്കുന്നുവെന്ന വസ്തുത ചൂണ്ടിക്കാണിച്ചിരുന്നു. സർക്കാരിന്റെ നയത്തെ പെട്ടെന്ന് സ്വാധീനിക്കാൻ ഈഴവ മെമ്മോറിയലിന് കഴിഞ്ഞില്ല. 1914 ആയപ്പോഴേക്കും സർക്കാർ നിലപാടിന് മാറ്റം വരുത്തി. ഈഴവർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കാനുള്ള അനുവാദം ലഭിച്ചു. 1915 ആയപ്പോഴേക്കും നിയമനങ്ങളിൽ അവസര സമത്വം നൽകുക എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പിന്നോക്കക്കാർക്ക് ചില പരിഗണനകൾ നൽകിത്തുടങ്ങി.

1932-ൽ പ്രഖ്യാപിച്ച നിയമസഭാ പരിഷ്കാരത്തിൽ തൃപ്തികരമായ പരിഗണന ലഭിച്ചില്ല എന്നാരോപിച്ച് ഈഴവരും മുസ്ലിങ്ങളും ക്രിസ്ത്യാനികളും സംയുക്ത രാഷ്ട്രീയ സമിതി എന്ന പ്രസ്ഥാനം രൂപവത്കരിച്ച് നിവർത്തന പ്രക്ഷോഭണം ആരംഭിച്ചു. നിയമസഭയിലും ഉദ്യോഗനിയമനങ്ങളിൽ സാമുദായിക പ്രാതിനിധ്യം സംബന്ധിച്ച ചർച്ചകളും വാദഗതികളും ചൂടുപിടിച്ചു. മാധ്യമങ്ങളും സജീവമായി ഇടപെട്ടു. ഇവയുടെ സ്വാധീനത്താൽ നിയമനങ്ങളിൽ ചില പരിഷ്കാരങ്ങൾ ഏർപ്പെടുത്താൻ ഗവൺമെന്റ് നിർബന്ധിതമായി. അതേക്കുറിച്ച് പഠിച്ച് നിർദേശങ്ങൾ സമർപ്പിക്കാൻ തിരുവിതാംകൂർ ഹൈക്കോടതിയിലെ ജഡ്ജിയായിരുന്ന ജി.ഡി. നോക്സ് എന്ന ബ്രിട്ടീഷുകാരനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. 1935 മാർച്ച് 14ന് അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മൊത്തം ജനസംഖ്യയുടെ രണ്ടു ശതമാനമെങ്കിലുമുള്ള എല്ലാ സമുദായങ്ങൾക്കും സാമുദായിക പ്രാതിനിധ്യം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചു.

1935 ജൂൺ 25ന് തിരുവിതാംകൂറിലെ ആദ്യ പബ്ലിക് സർവീസ് കമ്മിഷണറായി ജി.ഡി. നോക്സ് നിയമിതനായി. ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുക, യോഗ്യത നിശ്ചയിക്കുക, മത്സരപ്പരീക്ഷകളും ഇന്റർവ്യൂകളും നടത്തുക, റിക്രൂട്ട്മെന്റ് നിയമങ്ങൾ തയ്യാറാക്കുക എന്നിവയായിരുന്നു അദ്ദേഹത്തിന്റെ ചുമതലകളായി നിർവചിച്ചിരുന്നത്. 1942-ൽ പബ്ലിക് സർവീസ് വകുപ്പ് ഒരു സ്ഥിരം വകുപ്പായിത്തീർന്നു. 1949-ൽ തിരു-കൊച്ചി സംയോജനം നടക്കുന്നതുവരെ പബ്ലിക് സർവീസ് കമ്മിഷണറും അദ്ദേഹത്തിന്റെ കീഴിലുള്ള പബ്ലിക് സർവീസ് വകുപ്പും പ്രവർത്തിച്ചു.